26
ജൂലൈ 2024
വെള്ളി
1446 മുഹറം 20
1199 കർക്കിടകം 11

പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal




## കൺതുറക്കുന്നു
# കായിക മാമാങ്കം

പാരീസ് ഒളിംപിക്സിന് ഇന്ന് തിരിതെളിയും

### സെൻ നദിയൊഴുകും, ലോക മനസുകളിലൂടെ..

പാരീസിൽനിന്ന്
**കമാൽ വരദൂർ**

ലോകം ഇത് വരെ കാണാത്ത കാഴ്ചകൾക്കാവും പാരീസ് മഹാനഗരത്തിലൂടെ ഒഴുകുന്ന സെൻ നദിക്കര ഇന്ന് രാത്രി സാക്ഷ്യം വഹിക്കുക. മുപ്പത്തിമൂന്നാമത് ഒളിംപിക്സ് മഹാമാമാങ്കത്തിന് ഇന്ന് തുടക്കമാവുന്നത് കരയിലല്ല, സ്റ്റേഡിയത്തിലുമല്ല.., നദിയിലാണ്....!! ഇന്ത്യൻ സമയം രാത്രി 7.30 മുതൽ മൂന്നര മണിക്കൂർ ദീർഘിക്കും അൽഭുത പാരീസ്. പാരീസ് നഗരമെന്നാൽ അത് സെൻ നദിയാണ്. കളകളാരവം മുഴക്കി ഒഴുകുന്ന സെൻ നദിക്ക് ചുറ്റുമാണ് നഗരം. എട്ട് വർഷം മുമ്പ് ഒളിംപിക്സിന് ആതിഥേയത്വം വഹിക്കാൻ പാരീസ് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ സംഘാടകരും പാരീസ് നഗരസഭയും തീരുമാനിച്ചതാണ് കര വിട്ട് വെള്ളത്തിലൊരു ഉദ്ഘാടനചടങ്ങ്. സാഹസികമായിരുന്നു തീരുമാനം. മാലിന്യമുക്തമല്ലാത്ത സെന്നിൽ ലോക കായിക താരങ്ങളെ അണിനിരത്തുമ്പോൾ അത് വിമർശിക്കപ്പെട്ടേക്കാം എന്ന സത്യം മുൻനിർത്തി നദി മാലിന്യമുക്തമാക്കി പാരീസ് മേയർ തന്നെ നീന്താനിറങ്ങി. ഇന്ന് 206 രാജ്യങ്ങളിലെ കായിക താരങ്ങൾ അത്രയും ബോട്ടുകളിലായാണ് മാർച്ച് പാസ്റ്റിൽ അണിനിരക്കുക. സാധാരണ ഗതിയിൽ അക്ഷരമാലാക്രമത്തിൽ സ്റ്റേഡിയത്തിലേക്ക് ദേശിയ പതാകകളുമായാണ് താരങ്ങൾ വരാറെങ്കിൽ ഇന്ന് ബോട്ടുകളിലാണ് താരങ്ങളുടെ വരവ്. ഓസ്ട്രിലസ് പാലത്തിന് അരികിൽ നിന്ന് ഐഫൽ ടവർ കടന്നാവും താരങ്ങൾ അണിനിരക്കുക. ആറ് കിലോമീറ്റർ നീളത്തിൽ ട്രോസാഡിറോ വരെ ദീർഘിക്കും ചടങ്ങുകൾ. ഫ്രഞ്ചുകാർക്ക് ഏറെ പ്രിയപ്പെട്ട ഗായകരായ സെലിന്നാ ദിയോൺ, ലേഡി ഗാഗ, അയ നകമുറ എന്നിവരുടെ ഗാനവിരുന്നാണ് ഉദ്ഘാടന ചടങ്ങിലെ പ്രധാന ആകർഷണം. ദീപശിഖയുമായി വരിക സ്നൂപ് ഡോഗ, സൽമ ഹയാക് എന്നിവരായിരിക്കും. ഉദ്ഘാടന ചടങ്ങുകളുടെ ടിക്കറ്റിന് വൻഡിമാൻഡാണ്. 90 യൂറോയിൽ തുടങ്ങി ഇപ്പോൾ 2,700 യൂറോ വരെയായിരിക്കുന്നു ടിക്കറ്റ് വില. മൂന്ന് ദിവസം മുമ്പ് വരെ 4000 ത്തോളം ടിക്കറ്റുകൾ വിൽപ്പനക്കുണ്ടായിരുന്നു. ഇപ്പോൾ ഒന്ന് പോലും ബാക്കിയില്ല. 140 കോടി ജനതയുടെ സ്വപ്നവും പേറി ഇന്ത്യയും പാരീസിലുണ്ട്.

(സ്പോർട്സ് പേജ് കാണുക)



രാഷ്ട്രപതിഭവനിലും
## പേരുമാറ്റം
ദർബാർ ഹാൾ ഇനി ഗണതന്ത്ര മണ്ഡപം
05

## മൂന്നര വയസ്സുകാരന് അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട്: സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മൂന്നര വയസ്സുകാരന് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു. പോണ്ടിച്ചേരിയിൽ നടന്ന പിസിആർ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. അമീബിക് മസ്തിഷ്കജ്വരം സംശയിച്ച് ചികിത്സയിൽ കഴിയുന്ന മറ്റൊരു കുട്ടിയുടെ പരിശോധനാഫലം വരാനുണ്ട്. കഴിഞ്ഞ ദിവസം പയ്യോളി സ്വദേശിയായ കുട്ടി അമീബിക് മസ്തിഷ്കജ്വരത്തിൽനിന്നു മുക്തി നേടിയിരുന്നു.

## അർജുന് വേണ്ടിയുള്ള
# ദൗത്യം നീളും

അങ്കോല: ഉത്തര കർണാടകത്തിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടിയുള്ള രക്ഷാ ദൗത്യം നീളും. കാലാവസ്ഥ അനുകൂലമാകും വരെ കാത്തിരിക്കണമെന്ന് ഉത്തര കന്നഡ ജില്ലാ കലക്ടർ ലക്ഷ്മി പ്രിയ പറഞ്ഞു. കനത്ത മഴ തുടരുന്നതും കലങ്ങിമറിഞ്ഞ പുഴയും നദിയിലെ അടിയൊഴുക്കും രക്ഷാ പ്രവർത്തനത്തിന് തടസ്സമാണ്. നിലവിൽ നാവികർക്ക് സുരക്ഷിതമായി നദിയുടെ അടിത്തട്ടിൽ ഇറങ്ങി രക്ഷാ പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ടുതന്നെ കാലാവസ്ഥ അനുകൂലമാകും വരെ കാത്തിരിക്കണമെന്നും കലക്ടർ പറഞ്ഞു.



നദിയുടെ ഒഴുക്ക് രണ്ട് നോട്ടിൽ കൂടുതലാണെങ്കിൽ ഡൈവർമാർക്ക് ഇറങ്ങാനാകില്ല. ലോറി കുടുങ്ങിക്കിടക്കുന്ന ഗംഗാവലി നദിയിൽ നദിയുടെ ഒഴുക്ക് 6–7 നോട്ട് ആണ്. ഷിരൂർ ഉൾപ്പെടുന്ന ഉത്തര കന്നഡയിൽ അടുത്ത മൂന്ന് ദിവസം ഓറഞ്ച് അലർട്ടും നിലവിലുണ്ട്. കാത്തിരിക്കുക അല്ലാതെ മറ്റ് മാർഗങ്ങളൊന്നുമില്ലെന്നും കലക്ടർ വ്യക്തമാക്കി.

പുഴയിൽ ഇറങ്ങാനുള്ള സാഹചര്യമല്ലെന്ന് സൈന്യം വ്യക്തമാക്കി. ട്രക്കിന്റെ സ്ഥാനമോ ക്യാബിനോ കൃത്യമായി നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. ഗംഗാവലി പുഴയിൽ രാത്രിയും ഡ്രോൺ ഉപയോഗിച്ചുള്ള പരിശോധന തുടർന്നു. രാത്രി നടക്കുന്ന തെർമൽ സ്കാനിംഗിലൂടെ ക്യാബിനകത്ത് അർജുൻ ഉണ്ടോ എന്ന് കണ്ടെത്താനാണ് ശ്രമം. എന്നാൽ



ഗംഗാവലി നദിയിൽ തിരച്ചിൽ നടത്താനായി സോണാർ സിഗ്നലിങ് സംവിധാനങ്ങൾ ഘടിപ്പിച്ച ഡ്രോണുകൾ സജ്ജീകരിക്കുന്നു

ഇത് ദുഷ്കരമാണ്. നിലവിൽ നദിയിൽ നാലിടത്ത് ലോഹഭാഗങ്ങൾ കണ്ടെത്തിയെന്ന് റിട്ടയേർഡ് മേജർ ജനറൽ ഇന്ദ്രബാലൻ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ഇതിൽ ഏറ്റവും വലിയ ലോഹഭാഗത്തിന്റെ സിഗ്നൽ കിട്ടിയ സ്പോട്ട് 3 ട്രക്ക് ആണെന്നാണ് അനുമാനം. കരയിൽ നിന്ന് ഏതാണ്ട് 60 മീറ്റർ ദൂരത്തിലാണിത്. നദിയിലെ ഏറ്റവും ആഴം കൂടിയ ഭാഗവുമാണ്.

## നീറ്റ് ഫലം പുതുക്കി
### ഒന്നാം റാങ്കുകാർ 17 ആയി ചുരുങ്ങി

ന്യൂഡൽഹി: നീറ്റ് യു.ജി പ്രവേശന പരീക്ഷയുടെ പുതുക്കിയ ഫലം നാഷണൽ ടെസ്റ്റിങ് ഏജൻസി(എൻ.ടി.എ) പുറത്തുവിട്ടു. ഒപ്ഷൻ തെറ്റായി നൽകിയതിന്റെ പേരിൽ നൽകിയ ഗ്രേസ് മാർക്ക് റദ്ദാക്കാനുള്ള സുപ്രീംകോടതി ഉത്തരവിനെ തുടർന്നാണ് പരീക്ഷാ ഫലം പുതുക്കിയത്. ഫലം എൻ.ടി.എ വെബ്സൈറ്റിൽ ലഭിക്കും. ഇതോടെ നീറ്റ് പരീക്ഷയിലെ ഒന്നാം റാങ്കുകാരുടെ എണ്ണം 17 ആയി ചുരുങ്ങി. ഗ്രേസ് മാർക്ക് റദ്ദാക്കിയതോടെ നാലു ലക്ഷം പരീക്ഷാർത്ഥികൾക്ക് അഞ്ചു മാർക്ക് വീതം നഷ്ടമായി. ഡൽഹി ഐ.ഐ.ടി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെറ്റുത്തരം എഴുതിയവർക്ക് നൽകിയ നാല് ഗ്രേസ് മാർക്കും തെറ്റുത്തരം എഴുതിയതിനുള്ള ഒരു മൈനസ് മാർക്കും അടക്കം അഞ്ച് മാർക്ക് വെട്ടിക്കുറക്കാൻ സുപ്രീംകോടതി നിർദേശം നൽകുകയായിരുന്നു. ഇതോടെയാണ് മുഴുവൻ മാർക്കോടെ ഒന്നാം റാങ്ക് നേടിയവരുടെ എണ്ണം 67ൽ നിന്ന് ഒറ്റയടിക്ക് 17 ആയി ചുരുങ്ങിയത്.

### അഞ്ചൽ രാമഭദ്രൻ കൊലക്കേസ്
## 14 സി.പി.എമ്മുകാർ കുറ്റക്കാർ

തിരുവനന്തപുരം: ഐ.എൻ.ടി.യു.സി നേതാവായിരുന്ന അഞ്ചൽ രാമഭദ്രനെ കൊലപ്പെടുത്തിയ കേസിൽ സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് അംഗം അടക്കം 14 പേർ കുറ്റക്കാർ. തിരുവനന്തപുരം സി.ബി.ഐ പ്രത്യേക കോടതിയാണ് വിധി പറഞ്ഞത്. കേസിൽ സി.പി.എം കൊല്ലം ജില്ലാ കമ്മിറ്റി അംഗം ബാബു പണിക്കർ അടക്കമുള്ളവരാണ് കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയത്. ശിക്ഷ ഈ മാസം 30ന് വിധിക്കും.

അതേസമയം കശുവണ്ടി വികസന കോർപറേഷൻ ചെയർമാനും ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമായ എസ്. ജയമോഹനടക്കം നാലുപേരെ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി കോടതി വെറുതെവിട്ടു. ജയമോഹൻ, റിയാസ്, മാർക്സൺ യേശുദാസ്, റോയിക്കുട്ടി എന്നിവരെയാണ് വെറുതെവിട്ടത്.

ഗിരീഷ് കുമാർ, പത്മൻ, അഫ്സൽ, നജുമൽ, ഷിബു, വിമൽ, സുധീഷ്, ഷാൻ, രതീഷ്, ബിജു, രഞ്ജിത്ത്, സാലി എന്ന കൊച്ചുണ്ണി, റിയാസ് എന്ന മുനീർ, ഡി.വൈ.എഫ്.ഐ നേതാവ് മാർക്സൺ, മുൻ സി.പി.എം അഞ്ചൽ ഏരിയ സെക്രട്ടറി പി.എസ് സുമൻ, സി.പി.എം മുൻ ജില്ലാ കമ്മിറ്റി അംഗം ബാബുപണിക്കർ, ജയ്മോഹൻ, റോയിക്കുട്ടി, രവീന്ദ്രൻ എന്നിവരാണ് കേസിലെ മറ്റു പ്രതികൾ. 19 പ്രതികളുണ്ടായിരുന്ന കേസിൽ ഒരു പ്രതി മരിച്ചിരുന്നു. സംഭവം നടന്ന് 14 വർഷത്തിനുശേഷമാണ് വിധി വരുന്നത്. കൊലപാതകത്തിൽ നേരിട്ട് പങ്കാളിയായവർക്കു പുറമേ ഗൂഡാലോചനക്കും പ്രതികളെ രക്ഷിക്കാൻ ശ്രമിച്ചതിനുമാണ് സി.പി.എം നേതാക്കളെ പ്രതിയാക്കിയത്.

2010 ഏപ്രിൽ 10നാണ് വീട്ടിനുള്ളിൽ കയറി രാഭഭദ്രനെ സി.പി.എം പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയത്. ഐ.എൻ.ടി.യു.സി ഏരൂർ മണ്ഡലം വൈസ് പ്രസിഡന്റായിരുന്ന രാമഭദ്രനോടുള്ള രാഷ്ട്രീയ വൈരാഗ്യമായിരുന്നു കൊലപാതകത്തിന് പിന്നിൽ. രാമഭദ്രന്റെ ഭാര്യ ഹൈക്കോടതിയെ സമീപിച്ചതോടെയാണ് അന്വേഷണം സി.ബി.ഐക്ക് കൈമാറിയത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 26 വെള്ളി
ഗൾഫ് ചന്ദ്രിക

## ദൈദ് ഈത്തപ്പഴ മേള തുടങ്ങി

അബുദാബി: ഷാർജ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സംഘടിപ്പിക്കുന്ന എട്ടാമത് അൽ ദൈദ് ഡേറ്റ് ഫെസ്റ്റിവൽ എക്സ്പോ അൽ ദൈദിൽ തുടങ്ങി. ജൂലൈ 28 വരെ നീളുന്ന മേളയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഈത്തപ്പഴ ഇനങ്ങൾ പ്രദർശിപ്പിക്കും. വിപണനത്തിനും ബിസിനസ്സ് ഇടപാടുകൾക്കുമുള്ള അവസരങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. പ്രാദേശിക കർഷകർക്കായി നിരവധി പരിപാടികളും, മത്സരങ്ങളും വേദിയിൽ തയ്യാറാക്കിയിട്ടുണ്ടെന്ന് സംഘാടകർ വ്യക്തമാക്കി. ഈന്തപ്പന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഈന്തപ്പനകളെ കീടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വാണിജ്യ ഇനങ്ങൾ വിപുലീകരിക്കുന്നതിനും ഈന്തപ്പന ഫാം ഉടമകളെ പ്രോത്സാഹിപ്പിക്കാനാണ് ഫെസ്റ്റിവൽ ലക്ഷ്യമിടുന്നത്.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.81 ₹
1 ഒമാനി റിയാൽ 217.74 ₹
1 സൗദി റിയാൽ 22.33 ₹
1 ഖത്തർ റിയാൽ 22.97 ₹
1 കുവൈത്ത് ദിനാർ 274.09 ₹
1 ബഹ്റൈൻ ദിനാർ 222.34 ₹



### സ്വർണവില
(ഗ്രാമിന് -ദിർഹം)

24 കാരറ്റ് 297.00
22 കാരറ്റ് 265.75
21 കാരറ്റ് 257.25
18 കാരറ്റ് 220.50

## യുഎ ഇ വാർത്തകൾ

## കേരള സോഷ്യൽ സെന്റർ വനിതാ വിഭാഗം ഭാരവാഹികൾ



കൺവീനർ ▲ ——— ജോ.കൺവീനർമാർ ——— ▲

അബുദാബി: അബുദാബി കേരള സോഷ്യൽ സെന്റർ വനിതകളുടെ വാർഷിക ജനറൽ ബോഡി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഗീത ജയചന്ദ്രനെ കൺവീനറായും രജിത വിനോദ്, പ്രിയങ്ക സൂസൻ മാത്യു, നാസിയ ഗഫൂർ എന്നിവരെ ജോ. കൺവീനർമാരായും യോഗം തിരഞ്ഞെടുത്തു. പ്രീത നാരായണൻ, അഞ്ജലി ജസ്റ്റിൻ, മായ പറശ്ശിനി, ഫൗസിയ ഗഫൂർ, ഷൈനി ഷെബിൻ, റീന നൗഷാദ്, ശ്രീജ വർഗ്ഗീസ്, ഷൈനി ബാലചന്ദ്രൻ, അനു ജോൺ, പ്രീതി സജീഷ്, ഹിമ നിതിൻ, സബിത സുകുമാരൻ നായർ, റീന അബ്രഹാം, അശ്വതി റിജോഷ്, സീനിയ ജോസഫ്, സീമ കൃഷ്ണൻ, ഡോ. ഷീബ അനിൽ, ഷെറിൻ മാളിയേക്കൽ, റാണി ആനന്ദ് എന്നിവരാണ് മറ്റു കമ്മിറ്റി അംഗങ്ങൾ. യോഗത്തിൽ പ്രീതി സജീഷ് അധ്യക്ഷയായി. അനു ജോൺ അനുശോചന പ്രമേയവും പ്രീത നാരായണൻ റിപ്പോർട്ടും അവതരിപ്പിച്ചു. സെന്റർ പ്രസിഡന്റ് എ.കെ ബീരാൻകുട്ടി, വൈസ് പ്രസിഡന്റ് ആർ ശങ്കർ, മുൻ ജനറൽ സെക്രട്ടറി കെ. സത്യൻ പങ്കെടുത്തു. ജോ. കൺവീനർ ഷൽമ സുരേഷ് സ്വാഗതവും കൺവീനർ ഗീത ജയചന്ദ്രൻ നന്ദിയും പറഞ്ഞു.

## ചെർക്കളം അബ്ദുല്ല സ്മൃതി സംഗമം നാളെ ദുബൈയിൽ



ദുബൈ: മുൻ മന്ത്രിയും കാസർക്കോട് ജില്ലാ യുഡിഎഫ് ചെയർമാനും മുസ്ലിംലീഗ് മുൻ സംസ്ഥാന ട്രഷററുമായിരുന്ന ചെർക്കളം അബ്ദുല്ലയുടെ ആറാം ഓർമ ദിനത്തിൽ സ്മൃതി സംഗമം സംഘടിപ്പിക്കുന്നു. നാളെ ശനിയാഴ്ച രാത്രി ഒമ്പതു മണിക്ക് അബുഹൈൽ കെഎംസിസി ഓഫീസിൽ പി.എ ഇബ്രാഹിം ഹാജി ഓഡിറ്റോറിയത്തിൽ വെച്ചാണ് സ്മൃതി സംഗമം.

എംഎസ്എഫ് കാസർക്കോട് മുൻ ജില്ലാ സെക്രട്ടറിയും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ. ഷെരീഫ് പൊവ്വൽ അനുസ്മരണ പ്രഭാഷണം നടത്തും. ജില്ലാ മുസ്‌ലിംലീഗ് വൈസ് പ്രസിഡന്റ് വൺഫോർ അബ്ദുൽ റഹ്മാൻ ഉദ്ഘാടനം ചെയ്യും. കെഎംസിസി കേന്ദ്ര,സംസ്ഥാന നേതാക്കൾ പങ്കെടുക്കും. കൂടിയാലോചനാ യോഗത്തിൽ ആക്ടിങ് പ്രസിഡന്റ് സി.എച്ച് നൂറുദ്ദീൻ അധ്യക്ഷനായി. ആക്ടിങ് ജനറൽ സെക്രട്ടറി പി.ഡി നൂറുദ്ദീൻ സ്വാഗതം പറഞ്ഞു. ട്രഷർ ഡോ. ഇസ്മായിൽ, സലാം തട്ടാനിച്ചേരി, ഇസ്മായിൽ നാലാംവാതുക്കൽ,ഹസൈനാർ ബീജന്തടുക്ക, സുബൈർ അബ്ദുല്ല, ഫൈസൽ മുഹ്സിൻ,അഷറഫ് ബായാർ, സുബൈർ കുബണൂർ, സിദ്ദീഖ് ചൗക്കി, ആസിഫ് ഹൊസങ്കടി, സുനീർ പിപി പ്രസംഗിച്ചു. ചെർക്കളം അബ്ദുല്ല സ്മൃതി സംഗമം വിജയിപ്പിക്കണമെന്ന് ദുബൈ കെഎംസിസി കാസർക്കോട് ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടിയും ജനറൽ സെക്രട്ടറി ടി.ആർ ഹനീഫും അഭ്യർത്ഥിച്ചു.

## മൊബൈൽ ഉപയോഗിച്ചാൽ 800 ദിർഹം പിഴ

# ദുബൈയിൽ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്താൻ സൈലന്റ് റഡാറുകൾ

ദുബൈ: ട്രാഫിക നിയമലംഘനങ്ങൾ കണ്ടെത്താൻ വാഹന പരിശോധന ശക്തമാക്കി ദുബൈ പൊലീസ്. ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്താൻ ദുബൈയിലെ ജനവാസ മേഖലകളിൽ പോലീസ് സൈലന്റ് റഡാറുകൾ സ്ഥാപിക്കുകയാണ്. സാധാരണ റഡാറുകൾ പോലെ ലൈറ്റ് തെളിയുന്നവയല്ല ഈ ഉപകരണം. അതുകൊണ്ടാണ് സൈലന്റ് റഡാറുകൾ എന്ന പേര് ഇവയ്ക്ക് നൽകിയതെന്നും അധികൃതർ വ്യക്തമാക്കി.

വാഹനങ്ങളുടെ അമിത വേഗം കണ്ടെത്തുക മാത്രമല്ല, വാഹനത്തിനുള്ളിലുള്ളവർ പൂർണമായ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക കൂടിയാണ് സൈലന്റ് റഡാറുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. സീറ്റ് ബെൽറ്റ് ധരിക്കുക, ഡ്രൈവിങ് സമയത്തെ മൊബൈൽ ഫോൺ ഉപയോഗം എന്നിവയും ഈ സംവിധാനത്തിലൂടെ പരിശോധിക്കും. തിരക്കു കുറഞ്ഞ റോഡുകളിൽ ഡ്രൈവിങ് സമയത്ത് മൊബൈൽ ഉപയോഗിക്കുന്നത് പതിവായ സാഹചര്യത്തിൽ കൂടിയാണിത്. ഡ്രൈവിങ് സമയത്ത് സീറ്റ് ബെൽറ്റ് ധരിക്കാതിരുന്നാൽ 400 ദിർഹം പിഴയും നാല് ബ്ലാക്ക് പോയിന്റ്സും ശിക്ഷ ലഭിക്കും. ഡ്രൈവിംഗ് സമയത്തെ മൊബൈൽ ഉപയോഗം കണ്ടെത്തിയാൽ 800 ദിർഹം പിഴയും നാല് ബ്ലാക്ക് പോയിന്റ്സുമാണ് ശിക്ഷ. ദുബൈയിലെ വിവിധ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള റഡാറുകൾക്ക് ഇരുവശത്തെ പാതകൾ കൂടാതെ ഹൈവേകളും നിരീക്ഷിക്കാൻ കഴിയും. വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ കൃത്യമായി കാണുന്ന വിധത്തിലാണ് റഡാറുകൾ സ്ഥാപിച്ചിട്ടുള്ളത്.

നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതിനു മുമ്പ് രണ്ട് തവണ വിഷയം പരിശോധിക്കുമെന്നും ദുബൈ പൊലീസ് വ്യക്തമാക്കി.



ദുബൈ പൊലീസ് കൺട്രോൾ റൂം

## ക്യാബിനറ്റ് മന്ത്രാലയം സന്ദർശിച്ച് ശൈഖ് ഹംദാൻ

ദുബൈ: യുഎഇ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബൈ കിരീടാവകാശിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം യുഎഇ കാബിനറ്റ് മന്ത്രാലയം സന്ദർശിച്ചു. മന്ത്രിസഭാംഗമായി ചുമതലയേറ്റ ശേഷം ആദ്യമായാണ് അദ്ദേഹം മന്ത്രാലയത്തിലെത്തുന്നത്. യുഎഇയുടെ ഭരണ സംവിധാനം ഏറ്റവും മികച്ച രീതിയിലാണ് മുന്നോട്ട് പോകുന്നതെന്ന് സന്ദർശനത്തിനിടെ അദ്ദേഹം വ്യക്തമാക്കി. രാജ്യത്തിന്റെ ഭരണസംവിധാനവും പ്രാദേശിക സർക്കാറുകളും മെച്ചപ്പെട്ട രീതിയിൽ സഹകരിച്ച് കൊണ്ടു പോകുന്നതിനുള്ള പദ്ധതികളും അദ്ദേഹം വിശകലനം ചെയ്തു. രാജ്യത്തിന്റെ ഭരണ സംവിധാനങ്ങൾ, നിർണ്ണായക പദ്ധതികൾ, നിയമ നിർമ്മാണങ്ങൾ, പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ലോകത്തിന് തന്നെ മാതൃകയായ ഭരണം കാഴ്ച വെച്ചതിന് യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും യുഎഇ വൈസ് പ്രസിഡന്റും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനും നന്ദി അറിയിക്കുന്നതായും ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് പറഞ്ഞു. യുഎഇ കൂടുതൽ നേട്ടങ്ങളിലേക്കും പുരോഗതിയിലേക്കും മുന്നേറിക്കൊണ്ടിരിക്കുകയാണെന്നും വരും തലമുറയ്ക്ക് കൂടുതൽ നേട്ടം കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ ദിവസം പ്രതിരോധ മന്ത്രാലയം സന്ദർശിച്ച് ഉന്നത സൈനിക ഉദ്യോഗസ്ഥരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു.



യുഎഇ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബൈ കിരീടാവകാശിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം യുഎഇ കാബിനറ്റ് മന്ത്രാലയം സന്ദർശിക്കുന്നു

## ശരിയ മാർക്കറ്റിലെ തീപിടിത്തം: അടിയന്തര സഹായം നൽകാൻ ഷാർജ ഭരണാധികാരി നിർദേശം നൽകി



ഷാർജ: അൽ ദൈദിലെ ശരിയ മാർക്കറ്റിലുണ്ടായ തീപിടിത്തത്തിൽ തകർന്ന കടകൾ പുനർനിർമ്മിക്കാൻ നിർദേശം നൽകി ഷാർജ ഭരണാധികാരി. മൂന്ന് ദിവസത്തിനുള്ളിൽ പുതിയ കടകൾ ഒരുക്കണമെന്നാണ് ഷാർജ ഭരണാധികാരിയും സുപ്രീം കൗൺസിൽ അംഗവുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി അധികൃതർക്ക് നിർദേശം നൽകിയത്. ഇന്ന് പുലർച്ചെയാണ് അൽ ദൈദ് നഗരത്തിലെ ശരിയ മാർക്കറ്റിൽ തീപിടുത്തമുണ്ടായത്.

ഉടൻ സ്ഥലത്തെത്തിയ അഗ്നിശമന സേനാംഗങ്ങൾ തീ നിയന്ത്രണ വിധേയമാക്കുകയായിരുന്നു. അപകടത്തിൽ ആളപായമൊന്നും സംഭവിച്ചിട്ടില്ലെങ്കിലും നിരവധി കടകൾ കത്തിനശിച്ചതായി ഷാർജ സിവിൽ ഡിഫൻസ് അധികൃതർ അറിയിച്ചു. ഈ സാഹചര്യത്തിൽ കടയുടമകൾക്ക് ആശ്വാസം നൽകുന്നതാണ് ഷാർജ ഭരണാധികാരിയുടെ ഉത്തരവ്. ഫർണിച്ചർ, ഷെൽഫുകൾ, എയർ കണ്ടീഷനിംഗ് ഉൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും കടയിൽ ഒരുക്കണമെന്നാണ് നിർദേശം. കടകൾ പുനർനിർമ്മിക്കുന്നതോടൊപ്പം ഉടമകൾക്ക് അടിയന്തിര ധനസഹായം നൽകുമെന്നും ഭരണാധികാരി വ്യക്തമാക്കി. കോൺക്രീറ്റ് കൊണ്ട് നിർമ്മിച്ച 60ലധികം സ്ഥിരം വാണിജ്യ സ്റ്റോറുകൾ ഉൾക്കൊള്ളുന്ന ഒരു പുതിയ മാർക്കറ്റിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ ഭരണാധികാരി ഉത്തരവ് പുറപ്പെടുവിച്ചു. പനയോലകൾ കൊണ്ട് നിർമ്മിച്ചതും 16 സ്റ്റോറുകൾ മാത്രമുള്ളതുമായ മുൻ മാർക്കറ്റിന് പകരമാണ് ഈ പുതിയ മാർക്കറ്റ് ലക്ഷ്യമിടുന്നത്.

## ഐശ്വര്യ സമ്പന്നമായ കുടുംബം




ആദിയിൽ ആദിമ മനുഷ്യനെ സൃഷ്ടിച്ച അല്ലാഹു പെണ്ണിണയെയും പടച്ചു, ആ ഇണകളിൽ നിന്ന് മക്കളെയും പേരമക്കളെയും സൃഷ്ടിച്ചുവെന്ന് സൂറത്തുന്നഹ്ല് 72ാം സൂക്തത്തിലൂടെ അല്ലാഹു വിവരിക്കുന്നുണ്ട്. വ്യക്തികൾ ചേർന്ന് കുടുംബമുണ്ടാകുന്നു. കുടുംബങ്ങൾ കൂടുമ്പോൾ സമൂഹമുണ്ടാകുന്നു. സമൂഹ കുടുംബ വികാസവും സന്താനാഭിവൃദ്ധിയുമെല്ലാം ദൈവാനുഗ്രഹങ്ങളാണ്. സന്താനാഭിവൃദ്ധിക്കായി താൽപര്യപ്പെടാനാണ് അല്ലാഹു കൽപ്പിക്കുന്നത്. പ്രവാചകന്മാർ കുടുംബ വ്യാപനം ആഗ്രഹിക്കുന്നവരായിരുന്നു. അല്ലാഹു നബി(സ്വ) യോട് പറയുന്നുണ്ട്: താങ്കൾക്ക് മുമ്പ് നാം ദൂതന്മാരെ അയക്കുകയും അവർക്ക് ഭാര്യാ സന്താനങ്ങളെ നൽകുകയും ചെയ്തിട്ടുണ്ട് (സൂറത്തു റഅ്ദ് 38). സകരിയ നബി (അ) ഉത്തമ സന്താനങ്ങൾക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കുമായിരുന്നു. (സൂറത്തു ആലു ഇംറാൻ 38).

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി(സ്വ) സന്താനാഭിവൃദ്ധിക്കായി പ്രേരിപ്പിക്കുമായിരുന്നു. സ്നേഹമുള്ള, കൂടുതൽ പ്രസവിക്കുന്ന സ്ത്രീയെ വിവാഹം കഴിക്കാൻ നിർദേശിക്കുമായിരുന്ന നബി (സ്വ) സമുദായത്തിന്റെ സന്താനലബ്ധിയിൽ പരലോകത്തുവെച്ച് അഭിമാനം കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട് (അബൂദാവൂദ് 2050). മാത്രമല്ല അനുചരന്മാരുടെ സന്താനങ്ങളിൽ സൗഭാഗ്യവും അഭിവൃദ്ധിയുമുണ്ടാവാൻ പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. നബി (സ്വ) അനസിന്റെ(റ) സന്താനത്തിലും സമ്പത്തിലും അഭിവൃദ്ധിയുണ്ടാവാൻ പ്രാർത്ഥിച്ചത് ഹദീസിൽ കാണാം (ബുഖാരി, മുസ്ലിം). അപ്രകാരം അബൂ ത്വൽഹ (റ)യുടെയും അബൂസലമ (റ)യുടെയും സന്താനകാര്യത്തിൽ നബി (സ്വ) ദുആ ചെയ്തിട്ടുണ്ട്.(ബുഖാരി, മുസ്‌ലിം). സന്താനവ്യാപനം പുണ്യങ്ങൾ വരുത്തുമെന്ന കാര്യത്തിന് ഉപോൽബലകങ്ങളാണ് പ്രവാചക ചരിത്രങ്ങൾ. അല്ലാഹു ഏവർക്കും നിർണയിച്ചതിൽ ഏറ്റവും അനുഗുണമായുള്ളത് കാംക്ഷിക്കാനുള്ള ആഹ്വാനമാണ് സൂറത്തു ബഖറ 178ാം സൂക്തത്തിലുള്ളത്. വിവാഹത്തിലൂടെ ഉത്തമ സന്താനങ്ങളെ ലഭിക്കാനുള്ള കരുതലുണ്ടാവണം. സമൂഹത്തിന് വിരാമിടുന്നവരാകരുത് നാമാരും.

പുതിയ തലമുറ നാടിന്റെ ഭാസുര വാഗ്ദാനങ്ങളാണ്. സമൂഹത്തിന് അവർ കരുത്തായിരിക്കും. അവരുടെ വികാസം നാടിന്റെ വികസനത്തിനും സംരക്ഷണത്തിനും കാരണമാവുന്നതാണ്. സന്താനാധിക്യം ആർക്കും ബാധ്യതയല്ല. ഏവരുടെയും ഉപജീവനവും അതിജീവനവും അല്ലാഹു ഏറ്റെടുത്തതാണ് (സൂറത്തുൽ ഇസ്റാഅ് 31). മക്കളെ ഉത്തമരായി വളർത്തണം. നല്ല സന്താനങ്ങളെക്കൊണ്ട് മാതാപിതാക്കൾക്ക് നല്ലതേ ഉണ്ടാവുകയുള്ളൂ. അവർക്കായി മക്കൾ പ്രാർത്ഥിക്കുന്നത് കാരണം സ്വർഗത്തിൽ സ്ഥാനം ഉയർത്തപ്പെടുന്നതായിരിക്കും (ഹദീസ് അഹ്മദ് 10610).

## പാരീസ് ഒളിമ്പിക്സിലേക്ക് പ്രതീക്ഷയോടെ യുഎഇ സംഘം; 14 അത്‌ലറ്റുകൾ മാറ്റുരക്കും

അബുദാബി: പാരീസിൽ ഒളമ്പിക്സിന്റെ തിരശ്ശീല ഉയരാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കെ മെഡൽ പ്രതീക്ഷയുമായി യുഎഇ സംഘവും. ഇക്വസ്ട്രിയൻ, ജൂഡോ, സൈക്ലിങ്, നീന്തൽ, അത്‌ലറ്റിക്സ് എന്നീ അഞ്ച് കായിക ഇനങ്ങളിൽ 14 സ്വദേശി അത്‌ലീറ്റുകൾ മത്സരിക്കുമെന്ന് യുഎഇ ദേശീയ ഒളിംപിക് കമ്മിറ്റി അറിയിച്ചു. 26ന് ആരംഭിക്കുന്ന ഗെയിംസ് ആഗസ്റ്റ് 11 ന് സമാപിക്കും. ഔദ്യോഗിക ഉദ്ഘാടന ചടങ്ങിന് രണ്ട് ദിവസങ്ങൾക്ക് ശേഷം നീന്തൽ, ജൂഡോ മത്സരങ്ങളിലൂടെയാണ് യുഎഇ പ്രതിനിധി സംഘം മത്സരിക്കുക. 1984 ലെ ലോസാഞ്ചലസിൽ നടന്ന സമ്മർ ഒളിംപിക്സ് മുതൽ യുഎഇയുടെ ഒളിമ്പിക് യാത്രയിലെ ഒരു സുപ്രധാന ചുവടുവയ്പ്പാണ് പാരിസിലെ പങ്കാളിത്തം. ഒളിമ്പിക്സിൽ ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ വിജയം കൈവരിക്കാൻ യുഎഇ അത്‌ലറ്റുകൾക്ക് കായിക മേഖലയ്ക്ക് യുഎഇ നേതൃത്വം നൽകുന്ന പിന്തുണയെ ദുബൈ രണ്ടാം ഡെപ്യൂട്ടി ഭരണാധികാരിയും ദേശീയ ഒളിമ്പിക് കമ്മിറ്റി ചെയർമാനുമായ ശൈഖ് അഹമ്മദ് ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രശംസിച്ചു. പുതിയ പ്രതിഭകളെ സൃഷ്ടിക്കുകയും മികച്ച പ്രകടനങ്ങൾ കാഴ്ച്ചവെക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു കായിക വികസന മാതൃകയ്ക്കുള്ള ദേശീയ ഒളിമ്പിക് കമ്മിറ്റിയുടെ പ്രതിബദ്ധത നേതൃത്വത്തിന്റെ കാഴ്ചപ്പാടിൽ പ്രതിഫലിക്കുന്നു. ദേശീയ അത്‌ലറ്റുകളുടെ പ്രകടനം മെച്ചപ്പെടുത്താനും ആഗോള വിജയം നേടാനും അതുവഴി യുഎഇ പതാക ഉയർത്താനും ഈ മാതൃക ലക്ഷ്യമിടുന്നതായും, അദ്ദേഹം കൂട്ടിച്ചേർത്തു. പാരീസിൽ നടക്കുന്ന 33ാമത് ഒളിമ്പിക്സിൽ അത്‌ലറ്റുകൾക്ക് മികച്ച സൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കാൻ യുഎഇയുടെ ദേശീയ സംഘത്തിന് ശൈഖ് അഹമ്മദ് നിർദ്ദേശം നൽകി. 2024 ലെ ഗെയിംസിനായി ദേശീയ സംഘത്തെ തയ്യാറാക്കാൻ സഹായിച്ചതിന് ദേശീയ കായിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അദ്ദേഹം നന്ദി അറിയിച്ചു. കഴിഞ്ഞ 40 വർഷത്തെ ഒളിമ്പിക്സിൽ യുഎഇ അത്‌ലറ്റുകളുടെ നേട്ടങ്ങളെ ശൈഖ് അഹമ്മദ് അഭിനന്ദിച്ചു, അവരുടെ കഠിനാധ്വാനവും നേട്ടങ്ങളും രാജ്യത്തിന് ശാശ്വതമായ മതിപ്പ് സൃഷ്ടിച്ചുവെന്ന് പ്രസ്താവിച്ചു. 14 അത്‌ലറ്റുകളും 24 അഡ്മിനിസ്ട്രേറ്റർമാരും സാങ്കേതിക വിദഗ്ധരും തെറാപ്പിസ്റ്റുകളും ഉൾപ്പെടുന്ന പാരീസ് ഒളിമ്പിക്സിൽ യുഎഇ മത്സരിക്കാൻ ഒരുങ്ങുന്നു. കുതിരസവാരി, ജൂഡോ, സൈക്ലിംഗ്, നീന്തൽ, അത്‌ലറ്റിക്സ് എന്നീ അഞ്ച് ഇനങ്ങളിലാണ് കായികതാരങ്ങൾ മത്സരിക്കുക. ഇക്വസ്റ്റ്രിയൻ ടീം ഷോ ജമ്പിംഗ് മത്സരത്തിൽ പങ്കെടുക്കും. അഞ്ച് പുരുഷ താരങ്ങളും ഒരു വനിതാ താരവും ഉൾപ്പെടുന്നതാണ് ദേശീയ ജൂഡോ ടീം. സൈക്ലിംഗിൽ ഒളിമ്പിക്സിന് യോഗ്യത നേടുന്ന ആദ്യ എമിറാത്തി അത്‌ലറ്റായ സഫിയ അൽ സയേഗ് റോഡ് റേസ് ഇനത്തിൽ യുഎഇയെ പ്രതിനിധീകരിക്കും. നീന്തൽ താരം യൂസഫ് റാഷിദ് അൽ മത്രൂഷി 100 മീറ്റർ ഫ്രീസ്റ്റൈലിലും മഹാ അബ്ദുല്ല അൽ ഷെഹി 200 മീറ്റർ ഫ്രീസ്റ്റൈലിലും മറിയം മുഹമ്മദ് അൽ ഫാർസി 100 മീറ്റർ സ്പ്രിന്റിലും മത്സരിക്കും. ഇന്ന് സെയ്ൻ നദിയിൽ നടക്കുന്ന ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ ഒമർ അൽ മർസൂഖിയും സഫിയ അൽ സയേഗും യുഎഇ പതാകയേന്തും. ചടങ്ങ് 3 മണിക്കൂർ 45 മിനിറ്റ് നീണ്ടു നിൽക്കും. ഒളിംപിക്സിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സ്റ്റേഡിയത്തിന് പുറത്ത് ഉദ്ഘാടന ചടങ്ങ് നടക്കുന്നത്.



യുഎഇ ഒളിമ്പിക്സ് സംഘം മാർച്ച്പാസ്റ്റ് റിഹേഴ്സൽ

## അറബ് ലോകത്ത് പാസ്പോർട്ടിൽ വമ്പൻ യുഎഇ; രണ്ടാമൻ ഖത്തർ




ദുബൈ: അറബ് ലോകത്ത് പാസ്പോർട്ടിൽ വമ്പൻ യുഎഇ തന്നെ. 2024ലെ ഹെൻലി പാസ്പോർട്ട് സൂചികയിൽ ഖത്തർ രണ്ടാം സ്ഥാനത്തുണ്ട്. കുവൈത്ത് മൂന്നാം സ്ഥാനത്തും സൗദി നാലാം സ്ഥാനത്തുമുണ്ട്. 185 രാജ്യങ്ങളിലേക്ക് വിസാ രഹിത പ്രവേശനം അനുവദിക്കുന്ന യുഎഇ പാസ്പോർട്ട് അറബ് ലോകത്തെ ഒന്നാമനും ആഗോളതലത്തിൽ 9ാം സ്ഥാനവുമുണ്ട്. വിസയില്ലാതെ 99 രാജ്യങ്ങളിലേക്ക് പ്രവേശനം അനുവദിക്കുന്ന ഖത്തർ പാസ്പോർട്ട് അറബ് ലോകത്ത് രണ്ടാം സ്ഥാനത്തും ആഗോളതലത്തിൽ 46ാം സ്ഥാനവും സ്വന്തമാക്കി. മൂന്നാം സ്ഥാനത്തുള്ള കുവൈത്തി പാസ്പോർട്ട് ഉടമകൾക്ക് 99 രാജ്യങ്ങളിലേക്ക് വിസയില്ലാതെ പ്രവേശിക്കാം. നാലാം സ്ഥാനത്തുള്ള സൗദി പാസ്പോർട്ടുകാർക്ക് 88 രാജ്യങ്ങളിലേക്ക് വിസരഹിതമായി പ്രവേശിക്കാം. ആഗോള തലത്തിൽ സൗദിക്ക് 56ാം സ്ഥാനമാണുള്ളത്. വിസയില്ലാതെ 87 രാജ്യങ്ങളിലേക്ക് പ്രവേശനം അനുവദിക്കുന്ന ബഹ്റൈൻ പാസ്പോർട്ട് അറബ് ലോകത്ത് അഞ്ചാം സ്ഥാനത്തും ആഗോളതലത്തിൽ 57ാം സ്ഥാനത്തുമാണ്. ഒമാൻ പാസ്പോർട്ട് അറബ് ലോകത്ത് ആറാം സ്ഥാനത്തും ആഗോളതലത്തിൽ 58ാം സ്ഥാനത്തുമാണ്. 86 രാജ്യങ്ങളിലേക്കാണ് ഒമാനി പാസ്പോർട്ട് വിസ രഹിത പ്രവേശനം അനുവദിക്കുന്നത്. വിസയില്ലാതെ 72 രാജ്യങ്ങളിലേക്ക് പ്രവേശനം അനുവദിക്കുന്ന മൊറോക്കൻ പാസ്പോർട്ട് അറബ് ലോകത്ത് ഏഴാം സ്ഥാനത്തും ആഗോളതലത്തിൽ 68ാം സ്ഥാനത്തുമാണ്. തുനീസിയൻ പാസ്പോർട്ട് അറബ് ലോകത്ത് എട്ടാം സ്ഥാനത്തും ആഗോളതലത്തിൽ 71ാം സ്ഥാനത്തും എത്തി. തുനീസിയൻ പാസ്പോർട്ട് ഉപയോഗിച്ച് വിസയില്ലാതെ 69 രാജ്യങ്ങളിൽ പ്രവേശിക്കാം. ഹെൻലി പാസ്പോർട്ട് സൂചിക കണക്കാക്കുന്നത് രാജ്യങ്ങളുടെ സാധാരണ പാസ്പോർട്ടുകൾ അവരുടെ പൗരന്മാർക്ക് അനുവദിക്കുന്ന യാത്രാ സ്വാതന്ത്ര്യം അനുസരിച്ച് രാജ്യങ്ങളുടെ ആഗോള റാങ്കിംഗ് ആണ്. 2006ൽ ഹെൻലി ആൻഡ് പാർട്ണേഴ്സ് വിസ നിയന്ത്രണ സൂചിക എന്ന പേരിൽ ആരംഭിച്ചു. 2018 ജനുവരിയിൽ ഇത് പുനർനാമകരണം ചെയ്തു. ഈ സൂചിക ലോകത്തിന്റെ 199 പാസ്പോർട്ടുകളെ അവരുടെ ഉടമകൾക്ക് വിസ ആവശ്യമില്ലാതെ യാത്ര ചെയ്യാൻ കഴിയുന്ന രാജ്യങ്ങളുടെ എണ്ണം അനുസരിച്ച് ഓരോ വർഷവും റാങ്ക് ചെയ്യുന്നു. ഒരു നിർദ്ദിഷ്ട പാസ്പോർട്ടിന് ആക്സസ് ചെയ്യാൻ കഴിയുന്ന രാജ്യങ്ങളുടെ എണ്ണം അതിന്റെ വിസ രഹിത 'സ്കോർ' ആയി മാറുന്നു.

## ഗെയിമിംങ് രംഗത്തെ ആദ്യ ഗോൾഡൻ വിസ അദ്നൻ മയാസിക്ക്



ദുബൈ: ഗെയിമിങ് രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് യുഎഇ പ്രഖ്യാപിച്ച ആദ്യത്തെ ഗോൾഡൻ വിസക്ക് ഫലസ്തീൻ സ്വദേശി അദ്നൻ മയാസി അർഹനായി. വീഡിയോ ഗെയിമിംഗിൽ പുതിയ കണ്ടു പിടിത്തങ്ങളും പ്രാദേശികവത്കരണവുമാണ് ദുബൈ ലക്ഷ്യമിടുന്നത്. രാജ്യാന്തര കംപ്യൂട്ടർ ഗെയിം മത്സരങ്ങൾക്കും ദുബൈയിൽ അവസരങ്ങളുണ്ട്. മികച്ച പ്രതിഭകളെ കണ്ടെത്തുക, മികച്ച ഗെയിം ആശയങ്ങൾ രൂപീകരിക്കുക എന്നിവയാണ് 2033 ആകുമ്പോഴേക്കും ദുബൈ ലക്ഷ്യമിടുന്നത്. ദുബൈ പ്രോഗ്രാം ഫോർ ഗെയിമിംഗ് 2033 എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായാണ് ഈ മേഖലയിലെ പ്രതിഭകൾക്ക് ഗോൾഡൻ വിസ. ദുബൈയുടെ ക്രിയേറ്റീവ് മേഖലയെ വളർത്തിയെടുക്കുന്നതിന് ആവശ്യമായ പ്രതിഭകളെ വളർത്തിയെടുക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ഗെയിമിംഗ് വിസയിലൂടെ ലക്ഷ്യമിടുന്നത്. എഴുത്തുകാർ, ചിന്തകർ, കലാപ്രതിഭകൾ തുടങ്ങിയവർക്ക് നിലവിൽ ഗോൾഡൻ വിസ നൽകി വരുന്നുണ്ട്. ഇപ്പോൾ കംപ്യൂട്ടർ ഗെയിം കളിച്ച് തന്റെ പ്രതിഭ തെളിയിച്ച് യുഎഇയിൽ അദ്യത്തെ 10 വർഷ ഗെയിമിംഗ് വിസ സ്വന്തമാക്കിയിരിക്കുകയാണ് ഫലസ്തീൻ സ്വദേശി അദ്നൻ മയാസി. മികച്ച ഗെയിമിംഗ് സംസ്കാരം വളർത്തിയെടുക്കുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്നൻ വ്യക്തമാക്കി.



ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള വഴിയിൽ ഒന്നും തടസ്സമാകരുത്. വ്യക്തിപരമായ അഭിലാഷങ്ങളും അതിൽ ഉൾപ്പെടുന്നു. അമേരിക്കയെ സംബന്ധിച്ച മഹത്തായൊരു കാര്യം ഇവിടെയുണ്ട്. രാജാക്കന്മാരും സ്വേച്ഛാധിപതികളുമല്ല രാജ്യം ഭരിക്കുന്നത്. ജനങ്ങളാണ് ഭരണം നടത്തുന്നത്. ചരിത്രം നിങ്ങളുടെ കൈകളിലാണ്. അധികാരം നിങ്ങളുടെ കൈകളിലാണ്. അമേരിക്കയെന്ന ആശയം കിടക്കുന്നതും നിങ്ങളുടെ കരങ്ങളിൽ തന്നെ.

**ജോ ബൈഡൻ**
യു.എസ് പ്രസിഡന്റ്

## ഗസ്സ ആക്രമണം നിർത്തണം: ട്രംപ്

വാഷിങ്ടൺ: ഗസ്സയിലെ ഇസ്രാഈൽ ആക്രമണം എത്രയും വേഗം അവസാനിപ്പിക്കയും ബന്ദികളെ തിരികെ കൊണ്ടുവരികയും ചെയ്യണമെന്ന് മുൻ യു.എസ് പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപ്. ഫ്ളോറിഡയിലെ തന്റെ ബംഗ്ലാവിൽ ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി കൂടിക്കാഴ്ച നടത്തുന്നതിനുമുമ്പ് ഫോക്സ് ന്യൂസിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗസ്സയിലെ ആക്രമണം ഇസ്രാഈലിന് മോശം പബ്ലിസിറ്റിയാണ് ഉണ്ടാക്കുന്നത്. അത് അവർക്ക് നാശമുണ്ടാക്കുകയാണ്. നെതന്യാഹു എത്രയും വേഗം യുദ്ധം പൂർത്തിയാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് അവിടെ ഫലസ്തീൻ അനകൂലികളായ ജൂതന്മാരെ കാണാം. അവരെ കണ്ടില്ലെന്ന് നടിക്കരുത്. ലോകം നിസ്സാരമായി കാണാത്തതുകൊണ്ട് എത്രയും വേഗം യുദ്ധം അവസാനിപ്പിക്കണം-ട്രംപ് പറഞ്ഞു.



**വിദേശ വാർത്തകൾ**

### ഖാൻ യൂനിസിൽ മരണനിരക്ക് ഉയരുന്നു; ആക്രമണം ശക്തം

# അനങ്ങാൻ അനുവദിക്കാതെ ഇസ്രാഈൽ ഭീകരത

ഗസ്സ: കൂട്ടക്കുരുതി തുടരുന്ന ഗസ്സയിലെ ഖാൻ യൂനിസിൽ ഇസ്രാഈലി സ്നിപ്പർമാർ അനങ്ങുന്ന എന്തിനെയും വെടിവെച്ചു കൊല്ലുകയാണെന്ന് ദൃക്സാക്ഷികൾ. ഇന്നലെ രാവിലെ ആദ്യ മണിക്കൂറുകളിൽ ഇരുപത് ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. അനവധി ആളുകൾക്ക് പരിക്കേറ്റു. കൊല്ലപ്പെട്ടവരിലും പരിക്കേറ്റവരിലും സ്ത്രീകളും കുട്ടികളുമാണ് ഭൂരിഭാഗം. ഇസ്രാഈൽ സേനയുടെ ആക്രമണത്തിൽ തകർന്ന ശേഷം പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന നാസർ ആശുപത്രി പരിക്കേറ്റവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. 39,175 പേർ കൊല്ലപ്പെട്ട വംശഹത്യയിൽ ഓരോ മണിക്കൂറിൽ മരണനിരക്ക് ഉയരുകയാണ്. പരിക്കേറ്റവരുടെ എണ്ണം 90,403 ആയി. 24 മണിക്കൂറിനിടെ 30 പേർ കൊല്ലപ്പെടുകയും 146 പേർക്ക് പരിക്കേൽക്കുയും ചെയ്തുവെന്നാണ് റിപ്പോർട്ട്.

ഇന്നലെ പോർവിമാനങ്ങളും യുദ്ധ ഹെലികോപ്ടറുകളും ഡ്രോണുകളും ഉപയോഗിച്ച് ഗസ്സയിൽ അറുപതിലേറെ ആക്രമണങ്ങൾ നടത്തിയതായി ഇസ്രാഈൽ സേന തന്നെ സമ്മതിക്കുന്നുണ്ട്. ഖാൻ യൂനിസിൽ ഇസ്രാഈൽ സേനക്കുനേരെ അത്യാധുനിക ആയുധങ്ങൾ ഉപയോഗിച്ച് തിരിച്ചടിക്കാൻ ഫലസ്തീൻ പോരാളികൾ ശ്രമിക്കുന്നുണ്ട്. മാസങ്ങൾ നീണ്ട ബോംബു വർഷത്തിനുശേഷവും ഖാൻ യൂനിസിൽ ഹമാസിന്റെ റോക്കറ്റ് ശേഖരങ്ങൾക്ക് ഒരു പോറൽ പോലും സംഭവിച്ചിട്ടില്ലെന്നാണ് ഏറ്റവും പുതിയ പ്രത്യാക്രമണങ്ങൾ വ്യക്തമാക്കുന്നത്. ഖാൻ യൂനിസിൽ ആരോഗ്യ പ്രവർത്തകരെയും ഇസ്രാഈൽ ആക്രമിക്കുന്നുണ്ട്. ഇന്നലെ പരിക്കേറ്റ ഒരാളുമായി പോകുന്ന ആംബുലൻസിനുനേരെ ഇസ്രാഈൽ സൈനികർ വെടിവെച്ചു. അതേസമയം യമനിലെ ഹുദൈദ തുറമുഖത്തിന് സമീപം ഒൻപത് പേർ കൊല്ലപ്പെടുകയും 87 പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഇസ്രാഈൽ ആക്രമണത്തിന് കനത്ത തിരിച്ചടി ഉണ്ടാകുമെന്ന് ഹൂഥി പോരാളികൾ അറിയിച്ചു. തിരിച്ചടി അനിവാര്യമാണെന്നും ഇസ്രാഈൽ സേനയുടെ ഭാഗത്തുനിന്നുള്ള ഏതൊരു നീക്കത്തിനും പ്രതികാരം ചെയ്യാതെ വിടില്ലെന്ന് ഹൂഥി നേതാവ് അബ്ദുൽ മലിക് അൽ ഹൂഥി വ്യക്തമാക്കി.



*ഗസ്സയിലെ അൽ നജ്ജാറിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത പാർപ്പിട കേന്ദ്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ തിരച്ചിൽ നടത്തുന്ന ഫലസ്തീനികൾ*

## നെതന്യാഹുവിനെതിരെ യു.എസ് കോൺഗ്രസിലും പ്രതിഷേധം

ടെൽഅവീവ്: ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അമേരിക്കൻ കോൺഗ്രസിനെ അഭിസംബോധന ചെയ്യുമ്പോൾ ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യു.എസ് കാപിറ്റോളിൽ ബന്ധുക്കളുടെ പ്രതിഷേധം. ഹമാസുമായി ഒത്തുതീർപ്പ് കരാറുണ്ടാക്കണമെന്ന് ആവശ്യപ്പെടുന്ന ടി ഷർട്ട് ധരിച്ചാണ് പ്രതിഷേധക്കാർ യു.എസ് കാപിറ്റോളിലെ സന്ദർശക ഗാലറിയിൽ എത്തിയത്.

നെതന്യാഹുവിന്റെ 52 മിനുട്ട് നീണ്ട പ്രസംഗത്തിനിടെ ഒരാൾ 1400 മരണങ്ങളെന്നും വിളിച്ചുപറഞ്ഞു. വിലക്ക് ലംഘിച്ച് യു.എസ് കാപിറ്റോളിൽ പ്രതിഷേധിച്ചതിന് ആറു പേരെ അറസ്റ്റ് ചെയ്തതായി പൊലീസ് വക്താവ് ബ്രിയാന ബർച്ച് പറഞ്ഞു. കോൺഗ്രസ് നടപടികൾ തടസ്സപ്പെടുത്തുന്നതും പാർലമെന്റ് സമുച്ചയത്തിനകത്ത് പ്രതിഷേധിക്കുന്നതും നിയമ വിരുദ്ധമാണെന്ന് അവർ വ്യക്തമാക്കി. ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങളുണ്ടാക്കിയാൽ നടപടിയുണ്ടാകുമെന്ന് പ്രതിഷേധം മുന്നിൽ കണ്ട് കോൺഗ്രസ് സ്പീക്കർ മൈക് ജോൺസൻ മുന്നറിയിപ്പ് നൽകിയിരുന്നു. ജൂത സെനറ്റർമാരുടെ ഇടപെടലിനെത്തുടർന്ന് പ്രതിഷേധക്കാരെ പിന്നീട് വിട്ടയച്ചു. എന്നാൽ തങ്ങളുടെ അറസ്റ്റിനെ പ്രതിഷേധക്കാർ വിമർശിച്ചു. ബന്ദികൾക്കുവേണ്ടി തുടർന്നും ശബ്ദമുയർത്തുമെന്ന് അവർ വ്യക്തമാക്കി. ബന്ദികളിൽ ഒരാളുടെ ബന്ധുവായ സാഹിറോ ഷഹർ മോർ യു.എസ് കോൺഗ്രസ് അംഗം ഇൽഹാൻ ഉമറിന്റെ ക്ഷണപ്രകാരമാണ് ഗാലറിയിൽ എത്തിയത്. നെതന്യാഹുവിന്റെ പ്രസംഗം ബഹിഷ്കരിച്ച് ഇൽഹാൻ കോൺഗ്രസ് സമ്മേളനത്തിൽ നിന്ന് വിട്ടുനിന്നിരുന്നു.

വിലക്കുകൾ ലംഘിച്ച് പ്രതിഷേധിച്ച മോറിനെ അവർ അഭിനന്ദിച്ചു. യു.എസ് കോൺഗ്രസിനെ അഭിസംബോധന ചെയ്യാൻ നെതന്യാഹുവിനെ ക്ഷണിച്ചത് അപമാനകരമാണെന്ന് ഇൽഹാൻ ഉമർ പറഞ്ഞു. അതേസമയം നെതന്യാഹു കോൺഗ്രസിൽ പറഞ്ഞതെല്ലാം കളവാണെന്ന് ഹമാസ് പ്രതികരിച്ചു



*അമേരിക്കൻ കോൺഗ്രസിനെ അഭിസംബോധന ചെയ്യുന്ന ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു*

### നെതന്യാഹുവിനെതിരെയുള്ള ഐ.സി.സി അറസ്റ്റ് വാറന്റ്:

## ബ്രിട്ടീഷ് ഒബ്ജക്ഷൻ പിൻവലിക്കുന്നു

ലണ്ടൻ: ഗസ്സ വംശഹത്യയുമായി ബന്ധപ്പെട്ട് ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെ അറസ്റ്റ് വാറന്റ് ഇറക്കണമെന്ന അന്താരാഷ്ട്ര ക്രിമിനൽ കോടതി (ഐ.സി.സി) പ്രോസിക്യൂട്ടറുടെ അപേക്ഷയോടുള്ള എതിർപ്പ് ബ്രിട്ടീഷ് ഭരണകൂടം പിൻവലിക്കുന്നു. ഇതുസംബന്ധിച്ച പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് ന്യൂയോർക്ക് ടൈംസ് പറയുന്നു. ഗസ്സയിലെ ഇസ്രാഈൽ കൂട്ടക്കുരുതിയുമായി ബന്ധപ്പെട്ട് അമേരിക്കയുമായി ചേർന്ന് ബ്രിട്ടൻ സ്വീകരിച്ചുപോരുന്ന നയങ്ങളിൽനിന്നുള്ള സുപ്രധാന പിന്മാറ്റമായാണ് ഇത് വിലയിരുത്തപ്പെടുന്നത്. എത്രയും പെട്ടെന്ന് വെടിനിർത്തൽ പ്രഖ്യാപിച്ച് കൂട്ടക്കൊല അവസാനിപ്പിക്കണമെന്ന് എ പുതിയ ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ ആവശ്യപ്പെട്ടിട്ടുണ്ട്.

യു.എൻ അഭയാർത്ഥി ഏജൻസിക്കുള്ള സാമ്പത്തിക സഹായം പുനരാരംഭിക്കാൻ തീരുമാനിച്ചതിനു പിന്നാലെയാണ് ഐ.സി.സിയുടെ അറസ്റ്റ് വാറന്റിനെ പിന്തുണക്കാൻ സ്റ്റാർമർ ഭരണകൂടം നീക്കം ആരംഭിച്ചത്. ബ്രിട്ടൻ പിന്മാറിയതോടെ അമേരിക്ക മാത്രമാണ് അഭയാർത്ഥി ഏജൻസിക്കുള്ള സഹായം തടഞ്ഞുവെക്കുന്ന ഏക രാജ്യം. ഇസ്രാഈൽ ഭീകരബന്ധം ആരോപിച്ചതിനെത്തുടർന്ന് യു.എൻ ഏജൻസിക്കുള്ള സഹായം നിരവധി രാജ്യങ്ങൾ നിർത്തിവെച്ചിരുന്നു. എന്നാൽ ഇസ്രാഈലിന്റെ ആരോപണം തെറ്റാണെന്ന് ബോധ്യപ്പെട്ടതോടെ ബ്രിട്ടനും അമേരിക്കയുമൊഴികെയുള്ള രാജ്യങ്ങളെല്ലാം ഫണ്ടിങ് പുനരാരംഭിച്ചു.

## ട്രംപിനുനേരെയുള്ള വധശ്രമം: അക്രമി കെന്നഡി വധം ഗൂഗിളിൽ തിരഞ്ഞിരുന്നു

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡന്റുമായ ഡൊണാൾഡ് ട്രംപിനെ വെടിവെച്ച അക്രമി കെന്നഡി വധത്തെക്കുറിച്ച് ഗൂഗിളിൽ സെർച്ച് ചെയ്തിരുന്നതായി എഫ്.ബി.ഐ കണ്ടെത്തി. 1963 നവംബർ 22ന് അന്നത്തെ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയെ വെടിവെക്കുമ്പോൾ കൊലയാളിയായ ലീ ഹാർവെ ഓസ്വാൾഡ് എത്ര അകലെയായിരുന്നുവെന്നാണ് തോമസ് മാത്യു ക്രൂക്സ് ഗൂഗിളിൽ തിരഞ്ഞത്. പക്ഷേ, ട്രംപിനെ വെടിവെക്കാൻ പ്രേരിപ്പിച്ച കാരണം എന്താണെന്ന് വ്യക്തമല്ല. വെടിവെക്കുന്നതിന് ഒരാഴ്ച മുമ്പാണ് ഓൺലൈൻ സെർച്ച് നടന്നത്. അക്രമിയുടെ മനോനിലയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്ന് എഫ്.ബി.ഐ പറയുന്നു.

റാലിയിൽ പങ്കെടുക്കാനെത്തിയ ഒരാൾ കൊല്ലപ്പെടുകയും ട്രംപ് ഉൾപ്പെടെ മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്ത വെടിവെപ്പിനെക്കുറിച്ച് എഫ്.ബി.ഐ അന്വേഷണം തുടരുകയാണ്. ഇരുപതുകാരനായ ക്രൂക്സ് റിപ്പബ്ലിക്കൻ അനുഭവിയായിരുന്നിട്ടും എന്തുകൊണ്ട് ട്രംപിനെ വെടിവെച്ചുവെന്ന ചോദ്യത്തിന് ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ല. ഇയാളുടെ സമീപ കാല നീക്കങ്ങളെക്കുറിച്ചും ഓൺലൈൻ ആക്ടിവിറ്റികളെക്കുറിച്ചുമാണ് എഫ്.ബി.ഐ അന്വേഷിക്കുന്നത്. സീക്രട്ട് സർവീസ് സ്നിപ്പറുടെ വെടിയേറ്റ് മരിച്ച ക്രൂക്സ് എന്തിനാണ് ട്രംപിനെ മാത്രം ലക്ഷ്യമിട്ടതെന്നും വ്യക്തമല്ല. പെൻസിൽവാനിയയിൽ റാലി നടക്കുന്ന വേദിക്ക് സമീപം സംശയരമായ സാഹചര്യത്തിൽ ഒരാളെ കണ്ടതായി റിപ്പോർട്ട് ലഭിച്ചിട്ടും സീക്രട്ട് സർവീസ് അർഹിക്കുന്ന ഗൗരവത്തോടെ നടപടി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ടും ദുരൂഹതയുണ്ട്.

സംഭവം നടക്കുന്നതിന് ഒരാഴ്ച മുമ്പ് ക്രൂക്സ് വേദി സന്ദർശിക്കുകയും ഇരുപത് മിനിട്ടോളം തങ്ങുകയും ചെയ്തതായി പൊലീസ് സംശയിക്കുന്നു. റാലി നടക്കുന്ന ദിവസം രാവിലെ വേദിക്ക് സമീപമെത്തിയ ഇയാൾ 200 അടി അകലെ വെച്ച് ഡ്രോൺ പറത്തി. ട്രംപ് എത്തുന്നതിന് രണ്ട് മണിക്കൂർ മുമ്പ് വേദിക്ക് സമീപം ഡ്രോൺ പറത്തിയത് സുരക്ഷാ വീഴ്ചയായി വിലയിരുത്തപ്പെടുന്നു. ഉച്ചക്കുശേഷം ബാക്ക് പാക്കുമായി വേദിക്കു സമീപമുമുള്ള കെട്ടിടത്തിൽ കയറിയത് സുരക്ഷാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെട്ടിട്ടും എന്തുകൊണ്ട് നടപടിയുണ്ടായില്ലെന്നതും ശ്രദ്ധേയമാണ്.

ട്രംപിനുനേരെയുള്ള വധശ്രമവുമായി ബന്ധപ്പെട്ട് അടിമുടി ദുരൂഹത തുടരുകയാണ്. പൊതുപ്രവർത്തകരായ പ്രമുഖർക്ക് സുരക്ഷ ശക്തമാക്കാൻ രാജ്യത്ത് മുറവിളി ശക്തമായിട്ടുണ്ട്.

## ഇസ്രാഈലിൽ തടവുകാരുടെ വായിൽ ഷോക്കേൽപ്പിച്ച് പീഡനം

ഗസ്സ: ഫലസ്തീനികളെക്കൊണ്ട് നിറഞ്ഞുകവിഞ്ഞ ഇസ്രാഈലി ജയിലുകളിൽനിന്ന് എട്ടുപേരെക്കൂടി വിട്ടയച്ചു. ഇസ്രാഈൽ സേനയുടെ കസ്റ്റഡിയിൽ തങ്ങൾ നേരിട്ട് ഭീകര പീഡനങ്ങളെക്കുറിച്ചാണ് എല്ലാവർക്കും പറയാനുള്ളത്. ഹമാസിനെക്കുറിച്ചും ബന്ദികളെ ഒളിപ്പിച്ചുവെച്ചതിനെക്കുറിച്ചും വിവരം നൽകണമെന്ന് ആവശ്യപ്പെട്ട് ഇസ്രാഈൽ പട്ടാളക്കാർ തന്നെ രാവും പകലും മർദ്ദിച്ചതായി ജയിൽ മോചിതനായ പതിനേഴുകാരൻ പറയുന്നു. ഓഫർ ജയിലിൽനിന്ന് വിട്ടയക്കപ്പെട്ട പേരു വെളിപ്പെടുത്താത്ത മറ്റൊരാളും ക്രൂരമായ പീഡനങ്ങളെക്കുറിച്ച് മാധ്യമങ്ങളോട് വിവരിച്ചു.

അറസ്റ്റിലായ ദിവസം ഇസ്രാഈൽ സൈനികർ തങ്ങളെ നിലത്തു കിടത്തി മർദ്ദിച്ചതായി അദ്ദേഹം പറഞ്ഞു. 'തുടർച്ചയായി മുപ്പത് ദിവസം നിരന്തര പീഡനങ്ങളായിരുന്നു. അത്രയും ദിവസം അവർ ഞങ്ങളുടെ കൈ കാലുകൾ കൂട്ടിക്കെട്ടി നിലത്തു കിടത്തി. പഴകിയ റൊട്ടിക്കഷ്ണങ്ങൾ ഭക്ഷണമായി എറിഞ്ഞുതന്നു. മർദ്ദനമേറ്റ് അവശരായ ഞങ്ങൾക്ക് ചികിത്സയും മരുന്നും നിഷേധിച്ചു. എന്റെ വായിൽ ഇലക്ട്രിക് ഷോക്കേൽപ്പിച്ചു. രാവും പകലും മർദ്ദനം തുടർന്നു. കേട്ടാൽ അറയ്ക്കുന്ന വാക്കുകൾ ഉപയോഗിച്ച് അസഭ്യം പറഞ്ഞു.'-അദ്ദേഹം പറഞ്ഞു. നേരത്തെ വിട്ടയക്കപ്പെട്ട ഫലസ്തീൻ തടവുകാരും ഇസ്രാഈൽ കസ്റ്റഡിയിലെ ഭീകര പീഡനങ്ങളെക്കുറിച്ച് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവിട്ടിരുന്നു.

## കൊടുങ്കാറ്റ്: തായ്‌വാനിൽ ചരക്കു കപ്പൽ മുങ്ങി

തായ്പേയ്: തായ്‌വാനിൽ ടാൻസാനിയൻ ചരക്കു കപ്പൽ മറിച്ചിട്ട് ഗെയ്മി ചുഴലിക്കാറ്റ്. തെക്കൻ തീരത്ത് വീശിയടിച്ച കൊടുങ്കാറ്റിൽ കപ്പൽ മുങ്ങി ഒമ്പത് നാവികരെ കാണാതായിട്ടുണ്ട്. തൊട്ടടുത്തുണ്ടായിരുന്ന തായ്‌വാൻ ചരക്കുകപ്പൽ ഇവരുടെ രക്ഷക്കായി പുറപ്പെട്ടെങ്കിലും ശക്തമായ കാറ്റും മഴയും തിരമാലയും കാരണം സ്ഥലത്തെത്താൻ സാധിച്ചില്ല. ബുധനാഴ്ച അർദ്ധരാത്രിയോടെ വീശിയടിച്ച കാറ്റിനെത്തുടർന്ന് തായ്‌വാന്റെ വടക്കുകിഴക്കൻ മേഖലയിൽ മണ്ണിടിച്ചിലുണ്ടായി.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രണ്ടുപേർ മരണപ്പെട്ടു. 200ലേറെ പേർക്ക് പരിക്കുണ്ട്. തലസ്ഥാനമായ തായ്പേയ് ഉൾപ്പെടെ നിരവധി നഗരങ്ങൾ സ്തംഭിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും അടച്ചിട്ടു. നൂറുകണക്കിന് വിമാനങ്ങൾ റദ്ദാക്കി. തായ്‌വാനിൽ നാശം വിതച്ച കൊടുങ്കാറ്റ് പിന്നീട് ചൈനയുടെ ഫുജിയാൻ പ്രവിശ്യ ലക്ഷ്യമിട്ട് നീങ്ങിത്തുടങ്ങി.

## കെ.എസ്.ടി.യു പ്രക്ഷോഭത്തിലേക്ക്

കോഴിക്കോട്: അശാസ്ത്രീയമായ അക്കാദമിക കലണ്ടർ പിൻവലിക്കുക, ഹൈസ്കൂൾ ഹയർസെക്കൻഡറി ലയന നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.ടി.യു പ്രക്ഷോഭത്തിലേക്ക്. ഇതിന്റെ ഭാഗമായി നാളെ സംയുക്ത അധ്യാപക സമിതിയുടെ നേതൃത്വത്തിൽ ഡി.ജി.ഇ ഓഫീസ് ഉപവാസം സംഘടിപ്പിക്കും. അന്നുതന്നെ ജില്ലാ കേന്ദ്രങ്ങളിൽ ഉപവാസവും സ്കൂളുകളിൽ ബാഡ്ജ് ധരിച്ച് പ്രതിഷേധവും സംഘടിപ്പിക്കും. തുടർന്ന് ആഗസ്റ്റ് മാസത്തിൽ സെക്രട്ടറിയേറ്റ് പ്രക്ഷോഭവും സംഘടിപ്പിക്കും. ജീവാനന്ദം പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം ഉപേക്ഷിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് കെ.എം അബ്ദുള്ള അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി.കെ അസീസ്, ട്രഷറർ എ.സി അത്താവുള്ള, ഓർഗനൈസിംഗ് സെക്രട്ടറി പി.കെ.എം ഷഹീദ്, അസോസിയേറ്റ് സെക്രട്ടറി സിദ്ദീഖ് പാറോക്കോട്, മജീദ് കടേങ്ങൽ, കെ.ടി അമാനുള്ള, വി.എ ഗഫൂർ, റഹീം കുണ്ടൂർ, ടി.പി അബ്ദുൽ ഗഫൂർ, കാസിം കുന്നത്ത്, പി.വി ഹുസൈൻ, കല്ലൂർ മുഹമ്മദലി, കെ ഫസൽ ഹഖ്, സി.ഇ റഹീന, പി.പി ജാഫർ, റെജി തടിക്കാട്, എം.എ സൈദ് മുഹമ്മദ്, ഇ.ആർ അലി, സി ഖാലിദ്, സി.എച്ച് സുൽഫിക്കർ അലി, ജാഫർ വള്ളക്കോട്, ബഷീർ തൊട്ടിയൻ, കെ.എ മനാഫ്, കെ.ടി സാജിദ്, എൻ.പി മുഹമ്മദ് അലി, വീരാൻകുട്ടി കോട്ട, ടി ജമാലുദ്ദീൻ, കെ.എം ഹനീഫ, സിദ്ദീഖ് കൂടത്തിൽ, കെ മുജീബ് റഹ്മാൻ, നാസർ തേളത്ത്, കെ.പി സലീം, ടി അബ്ദുൽ ഗഫൂർ, റാഷിദ് ടി.എം, ഇ.ടി റിഷാദ് സംസാരിച്ചു.

## പിന്മാറിയത് ജനാധിപത്യത്തെ രക്ഷിക്കാൻ: ബൈഡൻ

വാഷിങ്ടൺ: ജനാധിപത്യത്തെ സംരക്ഷിക്കാനും ഡെമോക്രാറ്റിക് പാർട്ടിയെ ഒന്നിപ്പിക്കാനുമാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽനിന്ന് പിന്മാറിയതെന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡൻ. സ്ഥാനാർത്ഥിത്വം പിൻവലിച്ച ശേഷം രാജ്യത്തെ അഭിസംബോധന ചെയ്ത് നടത്തിയ ആദ്യ പ്രസംഗത്തിൽ യുവാക്കൾക്ക് ചുമതല കൈമാറാൻ സമയമായെന്നും അദ്ദേഹം വ്യക്തമാക്കി. ജനാധിപത്യം അപകടത്തിലാകുമ്പോൾ പ്രതിരോധിക്കുകയെന്നതാണ് ഏത് പദവിയെക്കാളും വലിയ കാര്യം. അമേരിക്കൻ ജനതയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. പുതിയ തലമുറയ്ക്ക് വെളിച്ചം കൈമാറുകയെന്നതാണ് മുന്നോട്ടുള്ള മികച്ച വഴിയെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രാജ്യത്തെ ഒരുമിപ്പിക്കാനുള്ള മികച്ച മാർഗം കൂടിയാണിത്. നിങ്ങളുടെ പ്രസിഡന്റായി പ്രവർത്തിക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്നു-ബൈഡൻ പറഞ്ഞു. ട്രംപുമായുള്ള സംവാദത്തിലെ ദയനീയ പ്രകടനത്തെ തുടർന്ന് ബൈഡൻ പിന്മാറണമെന്ന് ഡെമോക്രാറ്റിക് പാർട്ടിയിൽനിന്നു തന്നെ ആവശ്യമുയർന്നിരുന്നു. വൈസ് പ്രസിഡന്റും ഇന്ത്യൻ വംശജയുമായ കമല ഹാരിസിനെ പാർട്ടി സ്ഥാനാർത്ഥിയായി നിർദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹം പിന്മാറിയത്. ബൈഡന്റെ പ്രസംഗത്തിൽ ട്രംപിനെ പേരെടുത്ത് പറഞ്ഞില്ല. ജനാധിപത്യം അപകടത്തിലാകുമ്പോൾ എന്ന് പറഞ്ഞത് ട്രംപിനെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്. അമേരിക്കയിപ്പോൾ ഒരു വഴിത്തിരിവിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വരും മാസങ്ങളിൽ രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാവി തീരുമാനിക്കുമെന്നും ബൈഡൻ കൂട്ടിച്ചേർത്തു.

## പൊതുവിദ്യാഭ്യാസം തകർക്കാനുള്ള നീക്കം അവസാനിപ്പിക്കണം: കെ.എച്ച്.എസ്.ടി.യു

മലപ്പുറം: നിയമസഭയിലും ഹൈക്കോടതിയിലും സർക്കാർ നൽകിയ രേഖാമൂലമുള്ള ഉറപ്പുകൾ പാലിക്കാതെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനവും അനിശ്ചിതത്വവും വരുത്താൻ ശ്രമിക്കുകയാണെന്ന് കെ.എച്ച്.എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് കെ.കെ ആലിക്കുട്ടി, ജനറൽ സെക്രട്ടറി സി.എ.എൻ ശിബ്‌ലി എന്നിവർ പറഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുത്തുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുന്നതിന് കഴിഞ്ഞ മന്ത്രിസഭ ചുമതലപ്പെടുത്തിയ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ രൂപം 2024 ൽ പോലും പുറത്ത് വിട്ടിട്ടില്ല.

അപൂർണവും അവ്യക്തവുമായ റിപ്പോർട്ടിന്റെ ചുവടുപിടിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ അവകാശ നിയമത്തെ പോലും അട്ടിമറിച്ചു ഘടനാപരമായ ഏകീകരണത്തിന് ഗവൺമെന്റ് തയ്യാറാകുന്നത്. കഴിഞ്ഞ മന്ത്രിസഭയിലെ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി രവീന്ദ്രനാഥ് ഖാദർ കമ്മിറ്റി റിപ്പോർട്ട് ഒന്നാംഭാഗം മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ച ശേഷം 10 + 2 + 3 ഘടനയാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടിരുന്നു. 8 മുതൽ 12 വരെ ഏകീകരിക്കുമ്പോൾ ഒരു ഘടനയിൽ രണ്ട് പൊതു പരീക്ഷകൾ ഉണ്ടാകുമോ, വിദ്യാർഥികൾക്ക് ഒരു ഘടനയിൽ 8-12 വരെ ഒരു സ്കൂളിൽ തുടരാൻ കഴിയുമോ എന്നിങ്ങനെയുള്ള കാതലായ വിഷയങ്ങളിൽ സർക്കാറിന് യാതൊരു വ്യക്തതയുമില്ല എന്നാണ് നിയമസഭ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളിൽ നിന്നും വ്യക്തമാകുന്നത്. ഖാദർ കമ്മിറ്റിയുടെ രണ്ടാം ഭാഗം പുറത്തിറക്കാതെ സമയമാറ്റമടക്കമുള്ള പ്രതിലോമകരമായ നിർദേശങ്ങൾ നടപ്പിലാക്കാനുള്ള ഗവൺമെന്റ് നടപടിയിൽ നിന്നും പിന്മാറണം. പൊതു സമൂഹത്തെക്കൂടി അണിനിരത്തി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുമെന്നും കെ.എച്ച്.എസ്.ടി.യു ഭാരവാഹികൾ അറിയിച്ചു.

### 'പ്രൊഫൈസ്' പ്രഖ്യാപന സമ്മേളനം ചെന്നൈയിൽ

ചെന്നൈ: വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന 'പ്രൊഫെയ്സ്' പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസിന്റെ പ്രഖ്യാപന സമ്മേളനം ഞായറാഴ്ച രാവിലെ ഒമ്പത് മണിക്ക് ചെന്നൈ എം.എം.എ ഹാളിൽ നടക്കും. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹാരിസ് ബിൻ സലീം ഉദ്ഘാടനം ചെയ്യും. കെ സെൽവ പെരുന്തുകൈ എം.എൽ.എ മുഖ്യാതിഥി ആയിരിക്കും. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിക്കും.

പ്രൊഫഷണലുകളിൽ ക്രിയാത്മകമായ ചിന്തകൾക്കും പഠനങ്ങൾക്കും സാധ്യമാകുന്ന ധൈഷണിക സംവാദങ്ങൾ കൊണ്ട് ധന്യമാകുന്ന പ്രൊഫെയ്സി പ്രചാര പ്രവത്തനങ്ങൾക്ക് പ്രഖ്യാപന സംഗമം രൂപം നൽകും. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി കെ നിഷാദ് സലഫി, ഡോക്ടർ പി.പി നസീഫ്, ഡോ. വി.പി ബഷീർ, സി ഇസ്മായിൽ ചെന്നൈ, പി.പി അബ്ദുൽ റഷീദ്, ടി.കെ നസീർ, എ.പി മുനവ്വർ സ്വലാഹി, കെ.പി മുഹമ്മദ് ഷമീൽ, ഡോ. മുഹമ്മദ് ഫഹീം, ശരീഫ് കാര സംസാരിക്കും.

## ഓഗസ്റ്റ് 1 പ്രവാസി ലീഗ് സേവനദിനം; സംസ്ഥാനതല ഉദ്ഘാടനം തലശ്ശേരിയിൽ

കണ്ണൂർ: മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗദിനമായ ആഗസ്റ്റ് ഒന്ന് പ്രവാസി ലീഗ് സേവന ദിനമായി ആചരിക്കും. രണ്ടാഴ്ചക്കാലം വിവിധ സേവന പരിപാടികൾ സംഘടിപ്പിക്കും. സംസ്ഥാന തല ഉദ്ഘാടനം ആഗസ്റ്റ് 1 ന് 3.30 ന് തലശ്ശേരിയിൽ മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പിഎംഎ സലാം നിർവഹിക്കും. സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ അധ്യക്ഷനാകും.

മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുല്ല ധനസഹായ വിതരണം നടത്തും. കണ്ണൂർ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് അഡ്വ. അബ്ദുൽ കരീം ചേലേരി 'പ്രവാസികളുടെ തങ്ങൾ ' എന്ന വിഷയത്തിൽ ശിഹാബ്തങ്ങൾ ഓർമ്മ പ്രഭാഷണം നടത്തും. സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി ഇമ്പിച്ചി മമ്മു ഹാജി ആമുഖ പ്രഭാഷണം നടത്തും. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.സി അഹമ്മദ് പതാക ഉയർത്തും. കെ.സി അബ്ദുല്ല ഹാജി അനുസ്മരണം മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല നടത്തും.

ശിഹാബ് തങ്ങൾ ഓർമ, പതാക നാട്ടൽ, റിലീഫ് പ്രവർത്തനങ്ങൾ, വൃക്ഷത്തൈ നടൽ, പൊതുസ്ഥലങ്ങളിൽ ശുചീകരണം, പ്രവാസി സേവനങ്ങൾക്കായുള്ള ഹെൽപ്പ് ഡെസ്കുകൾ തുടങ്ങി വിവിധ പരിപാടികളാണ് പ്രവാസി ലീഗ് ശാഖാതലം മുതൽ സംഘടിപ്പിക്കുന്നത്. ശിഹാബ് തങ്ങൾ അനുസ്മരണ സദസ്സുകളും സംഘടിപ്പിക്കും. കണ്ണൂർ ബാഫഖി സൗധത്തിൽ ഇതുസംബന്ധിച്ചുചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി കെ.പി ഇമ്പിച്ചി മമ്മു ഹാജി, ട്രഷറർ കാപ്പിൽ മുഹമ്മദ് പാഷ, വൈസ് പ്രസിഡന്റ് കെ.സി അഹമ്മദ്, സിപിവി അബ്ദുല്ല, യു.പി അബ്ദുറഹ്മാൻ, പി.എം മുഹമ്മദ്കുഞ്ഞി ഹാജി, ഖാദർ മുണ്ടേരി, ഇ.കെ ജലാലുദ്ദീൻ, നജീബ് മുട്ടം, കെ.പി ഇസ്മായിൽ ഹാജി, മൊയതു ഹാജി പങ്കെടുത്തു.

ഒരു ജനതയ്ക്ക് മാർഗദർശനം നൽകിയതിന്ശേഷം, അവർ കാത്തുസൂക്ഷിക്കേണ്ടതെന്തെന്ന് അവർക്ക് വ്യക്തമാക്കികൊടുക്കുന്നതുവരെ അല്ലാഹു അവരെ പിഴച്ചവരായി ഗണിക്കുന്നതല്ല. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

(വിശുദ്ധ ഖുർആൻ: 09: 115)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 20 • 1199 കർക്കിടകം 11

## നാട്ടിലിറങ്ങുന്ന കാട്ടുമൃഗങ്ങൾ

മഴക്കെടുതി, വെള്ളക്കെട്ട്, മാലിന്യപ്രശ്നം, തെരുവ് നായശല്യം. തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾ ഓരോ ദിവസവും കടന്നുപോകുന്ന ദുരിതങ്ങളാണിതെല്ലാം. ആ പട്ടികയിലേക്ക് ഇപ്പോൾ വന്യമൃഗ ശല്യം കൂടിയെത്തിയിരിക്കുന്നു. തിരുവനന്തപുരത്ത് ടെക്നോസിറ്റി അടക്കം ജനവാസ മേഖലയിൽ ഇറങ്ങി ഭീതിപരത്തിയ കാട്ടുപോത്തിനെ മയക്കുവെടി വെച്ച് പിടികൂടിയത് ആശ്വാസകരമാണെങ്കിലും ജനങ്ങളുടെ ആശങ്ക വിട്ടുമാറിയിട്ടില്ല. വെടി കൊണ്ട കാട്ടുപോത്ത് വിരണ്ടോടിയത് ഏറെ നേരം പരിഭ്രാന്തി പരത്തിയിരുന്നു. വെടിയേറ്റതിന് പിന്നാലെ അഞ്ച് കിലോമീറ്ററോളം വിരണ്ടോടി മരച്ചീനി തോട്ടത്തിലെത്തിയതിന് ശേഷമാണ് കാട്ടുപോത്ത് മയങ്ങിയത്. അഞ്ച് മിനിറ്റിന് ശേഷം വീണ്ടും എഴുനേറ്റ് രക്ഷപ്പെടാൻ ശ്രമം നടത്തി. ഇതോടെ വീണ്ടും മയക്കുവെടിവെക്കുകയായിരുന്നു. ടെക്നോപാർക്കിന്റെ നാലാംഘട്ടത്തിനായി ഏറ്റെടുത്ത കണിയാപുരത്തെ 400 ഏക്കർ പ്രദേശത്താണ് കാട്ടുപോത്തിനെ കണ്ടത്. സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനവും ചുരുക്കം ചില കമ്പനികളുടെ ഓഫീസുകളുമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഭൂരിഭാഗം പ്രദേശവും കാടുകയറിയ നിലയിലാണ്. പ്രദേശത്ത് കാട്ടുപന്നിയേയും ചെന്നായ്ക്കളേയും സ്ഥിരമായി കാണാറുണ്ട്. എന്നാൽ കാട്ടുപോത്തിന്റെ സാമീപ്യം ആദ്യമായാണ് കണ്ടെത്തുന്നത്. തിരുവനന്തപുരം ജില്ലയിലെ പാലോട് മേഖലകളിൽ കാട്ടുപോത്ത് ജനവാസ മേഖലയിൽ എത്തുന്നത് പതിവ് സംഭവമാണ്. എന്നാൽ പാലോട് നിന്നും ഇത്രയും അകലെ കാട്ടുപോത്ത് എങ്ങനെയെത്തി എന്നത് പരിശോധിക്കേണ്ട വിഷയമാണ്.

ഏറെ നാളായി കേരളം ഉണരുന്നതും ഉറങ്ങുന്നതും വന്യമൃഗങ്ങൾ നിഷ്ഠൂരമായി ആളുകളെ കൊല ചെയ്യുന്നതും കൃഷി നശിപ്പിക്കുന്നതുമായ വാർത്ത കേട്ടുകൊണ്ടാണ്. കാട്ടുപോത്തിന്റെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെട്ട സംഭവങ്ങൾ സമീപകാലത്തുവരെ ഉണ്ടായിട്ടുണ്ട്. 10 ജില്ലകളിൽ കാട്ടുപോത്തുകൾ കൃഷിക്കും മനുഷ്യജീവനും ഭീഷണിയാണ്.കാട്ടുമൃഗങ്ങൾ വൻതോതിൽ പെറ്റുപെരുകുന്നു എന്നതാണ് നിലവിൽ കേരളത്തിന്റെ പ്രശ്നം. കാടിന് ഉൾക്കൊള്ളാവുന്നതിലേറെയായി അവയുടെ എണ്ണം. 1991 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ കാടുകളിൽ 4400 ആനകളാണ് ഉണ്ടായിരുന്നത്. 2011 ൽ 7400 എണ്ണമായി വർധിച്ചു. ഒരാനയ്ക്ക് 25 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കാട് ആരോഗ്യകരമായ ജീവിത പരിതസ്ഥിതിക്ക് വേണമെന്നാണ് കണക്ക്. അങ്ങനെയെങ്കിൽ 30 ലക്ഷം ഏക്കർ വനഭൂമിയുള്ള കേരളത്തിൽ 500 ഓളം ആനകൾ മാത്രമേ പാടുള്ളൂ. എല്ലാ മൃഗങ്ങളുടെയും സ്ഥിതി ഇതു തന്നെയാണ്. അതുകൊണ്ട് ഇവ ഭക്ഷണം തേടി കാടുകളിൽ നിന്ന് പുറത്തിറങ്ങുകയും ജനവാസ കേന്ദ്രങ്ങളിൽ ഭീഷണിയായും കൃഷി നശിപ്പിച്ചും വിഹരിക്കുന്നു. ഇതിനുപുറമെ കാടിന് പരിചയമില്ലാത്ത ഭക്ഷ്യയോഗ്യമല്ലാത്ത അധിനിവേശ മരങ്ങൾ പെരുകുന്നതും വന്യമൃഗങ്ങളെ കാടിറങ്ങാൻ പ്രേരിപ്പിക്കുന്നു.

കാട് വിട്ട് നാട്ടിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തടയുന്നതിന് വനപാലകരുടെ കയ്യിൽ യാതൊരു നടപടിയുമില്ല എന്നതാണ് യാഥാർത്ഥ്യം. താൻ കൈകാര്യം ചെയ്യുന്ന വകുപ്പിനെ പക്വതയോടെ കൈകാര്യം ചെയ്ത് ആളുകളുടെ ആശങ്ക ദൂരീകരിക്കാൻ വകുപ്പു മന്ത്രിക്ക് ആവുന്നുമില്ല. 1972ലെ നിയമത്തിന്റെ കുരുക്ക് പറഞ്ഞ് ഭരണകൂടം തലയൂരാൻ ശ്രമിക്കുകയാണ്. ആ നിയമമാണ് പ്രശ്നമെങ്കിൽ അതിനു പരിഹാരം കണ്ടെത്തേണ്ടത് ജനപ്രതിനിധികളുടെയും ഭരണകൂടത്തിന്റെയും ചുമതലയാണ്. കുടിയേറ്റ കാലത്ത് അതിശയിപ്പിക്കുന്ന തരത്തിലുള്ള വന്യമൃഗ ശല്യമാണ് ഇപ്പോൾ ഉള്ളത്. ഇങ്ങനെ മൃഗങ്ങൾ തെരുവിലിറങ്ങാനുള്ള കാരണമെന്തെന്ന് ഗൗരവത്തോടെ അന്വേഷിക്കണം. വനത്തിൽ മൃഗങ്ങളുടെ എണ്ണം വർധിച്ചതാണ് കാരണമെങ്കിൽ മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനവും ക്രമീകരിക്കണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമസംവിധാനം രൂപപ്പെടുത്തണം. കാട്ടുപന്നിയെ വെടിവെച്ചു കൊല്ലാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും അതിന്റെ നിബന്ധനകൾ അപ്രായോഗികമാണ്. വന്യജീവി നിയമത്തിലെ സെക്ഷൻ 62 പ്രകാരം കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാം എന്നുണ്ട്. എങ്കിൽ കൃഷി നശിപ്പിക്കുന്ന എലി, പെരുച്ചാഴി തുടങ്ങിയവയെ പോലെ, നാട്ടിലെത്തുന്ന അവയെയും നിയമപ്രശ്നങ്ങളില്ലാതെ കർഷകർക്ക് കൊന്ന് കൃഷി സംരക്ഷിക്കാനാവും. കർണാടക, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ്, ബീഹാർ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളെല്ലാം കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലും ഈ നിയമം നടപ്പിലാക്കണമെന്നാണ് കർഷകരുടെ ആവശ്യം. അനിയന്ത്രിതമായി പെറ്റുപെരുകുന്ന വന്യജീവികളെ മറ്റു രാജ്യങ്ങളിൽ കൊന്നൊടുക്കുകയാണ് പതിവ്. കെനിയയിൽ അടുത്തിടെ 200 ഓളം ആനകളെയാണ് സർക്കാർ ഉത്തരവിലൂടെ കൊന്നത്. അമേരിക്ക ഉൾപ്പടെയുള്ള രാജ്യങ്ങൾ കാട്ടുപന്നിയെയും മാനിനേയുമൊക്കെ വേട്ടയാടാനുള്ള അനുമതി നിശ്ചിത കാലത്തേക്ക് നൽകുകയും ചെയ്യുന്നു.

തെരുവുനായ്ക്കളോട് മല്ലിട്ടാണ് ഓരോ ദിവസവും ജനങ്ങൾ അതിജീവിക്കുന്നത്. അതിനിടയിലാണ് കാട്ടുപോത്ത് പോലുള്ള മൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യന്റെ സ്വൈര്യ ജീവിതം തകർക്കുന്നത്. ഇതിന് ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. അത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്.

### അടിക്കുറിപ്പ്

സമരങ്ങളുടെ ശബ്ദമാണ് അരുന്ധതി റോയ്. പ്രയാസകരമായ സമയങ്ങളിൽ എങ്ങനെ പോരാടാമെന്നും എഴുതാമെന്നും സംസാരിക്കാമെന്നും പുഞ്ചിരിക്കാമെന്നും എന്നതിന്റെ വലിയൊരു മാതൃകയാണ് അരുന്ധതി റോയ്. അവരുടെ ശബ്ദത്തെയാണ് ചിലർ ഭയക്കുന്നത്. അവരുടെ പ്രവർത്തനങ്ങളിൽ ഭയപ്പെട്ടവരാണ് അവരെ കേസിൽ കുടുക്കുന്നത്. ഇത്തരം അനീതികൾക്കെതിരെ പ്രതിപക്ഷം ശബ്ദമുയർത്തിയില്ലെങ്കിൽ ജനങ്ങളും അത് കാര്യമാക്കില്ല.

ഭാഷാ സിങ്

### ചരിത്രത്തിൽ ഇന്ന്

1899 ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ 27ാമത് പ്രസിഡന്റ് യുലിസെസ് ഹ്യൂറോക്സ് കൊല്ലപ്പെട്ടു.
1963 ലോകത്തിലെ ആദ്യത്തെ ജിയോസിൻക്രണസ് ഉപഗ്രഹമായ സിൻകോം 2, ഡെൽറ്റ ബി ബൂസ്റ്ററിൽ കേപ് കനാവറലിൽ നിന്ന് വിക്ഷേപിച്ചു.
1999 കാർഗിൽ യുദ്ധം അവസാനിച്ചു.

# നീതി രഹിത കേന്ദ്ര ബജറ്റ്



പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ

കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റ് നീതി രഹിതവും പക്ഷഭേദപരവുമാണെന്നു പറയേണ്ടതില്ല. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞത് പോലെ കേന്ദ്ര ഭരണം സംരക്ഷിക്കാനുള്ള സാമ്പത്തിക കസർത്താണ് നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റ്. തുല്യനീതി എന്ന ഒരു ബജറ്റിന്റെ സാമ്പത്തിക അടിസ്ഥാന മൂല്യങ്ങളെ പൂർണമായും നിരാകരിച്ച ഇന്ത്യൻ ചരിത്രത്തിലെ ആദ്യത്തെ രാഷ്ട്രീയ ബജറ്റ് ആണെന്നതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പോരായ്മ. ഇന്ത്യ ഇന്ന് മുന്നോട്ട്പോകുന്നതിനു അടിസ്ഥാനമായി വേണ്ട വളർച്ചയുടെ ചാലക ശക്തികൾ എന്ന് പറയുന്നത് അഞ്ചു കാര്യങ്ങളാണ്.



അതിൽ ആദ്യം വേണ്ടത് സാമ്പത്തിക മേഖലയുടെ സമൂല പരിവർത്തനമാണ്. ഇതിനായി വേണ്ടത് ബാങ്കിങ് മേഖലയുടെ പ്രവർത്തന വ്യാപനമാണ്. ബാങ്കിങ് മേഖല നിക്ഷേപ സൗഹൃദമായി മാറേണ്ടതുണ്ട്. പ്രത്യേകിച്ച് ബി.ജെ.പി സർക്കാർ പൂർണമായും പൊതു നിക്ഷേപങ്ങളിൽനിന്നും പിന്മാറുന്ന ഈ കാലത്ത്. രണ്ടാമത്തേത് അടിസ്ഥാന സൗകര്യ വികസനത്തിൽ സംസ്ഥാന തലത്തിൽ നില നിൽക്കുന്ന അന്തരം ഇല്ലാതാക്കുകയെന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിലെ അന്തരം എന്നത് കൊണ്ടർഥമാക്കുന്നതു പ്രധാനമായും മൂന്നു തരത്തിലെ വിടവാണ്. അതിൽ ആദ്യത്തേത് സാമൂഹിക അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരമാണ്. സാമ്പത്തിക അടിസ്ഥാന വികസനമായ റോഡ്, റെയിൽവേ, കടൽവിമാന പോർട്ട്, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ പൊതു സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന സംസ്ഥാന തല അന്തരമാണ് രണ്ടാമത്തേത്. മൂന്നാമത്തേതാകട്ടെ ഇന്ന് ഏറ്റവും കൂടുതൽ അത്യന്താപേക്ഷിതമായ ഡിജിറ്റൽ മേഖലയിലെ അടിസ്ഥാന സൗകര്യത്തിൽ നിലനിൽക്കുന്ന സംസ്ഥാന തല അന്തരമാണ്.

അടുത്തത് പുത്തൻ സാങ്കേതിക വിദ്യ ജീവിത ശൈലിയാക്കിമാറ്റാൻ സാധിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഉയർത്താനായുള്ള നിക്ഷേപ വർധനവാണ്. എന്നാൽ അതിലും ഒരു നീതിയുക്ത നടപടി ഇന്ത്യക്ക് ലഭിച്ചില്ല എന്നത് ഭരണഘടന ഉറപ്പു നൽകുന്ന ഫെഡറൽ സംവിധാനത്തിന്റെ കടക്കൽ കത്തിവെച്ചതിനു തുല്യമാണ്. അടുത്തതായി ആധുനിക സാമ്പത്തിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളായ കാർഷിക ഉത്പാദനക്ഷമത വർധിപ്പിക്കൽ, ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് നടത്തേണ്ട പൊതു നിക്ഷേപങ്ങളും ഭാവി പദ്ധതികളും ഒന്നും തന്നെ ഈ ബജറ്റിൽ ഇടം പിടിച്ചില്ല. ഈ നിക്ഷേപങ്ങളുടെ പ്രത്യേകത ഇവ ജനങ്ങളുടെ ജീവിതത്തെ സുഗമമായി, വിശ്വാസത്തോടെ മുന്നോട്ട്കൊണ്ട്പോകാൻ സാധിക്കുന്ന നടപടികളാണ്. അതിനാൽതന്നെ ഇവ സർക്കാരിന്റെ സാമ്പത്തിക ആയുധമായ ബജറ്റിന്റെ ഭാഗമായി രാജ്യത്ത് നടപ്പിലാക്കേണ്ടതാണ്. ഈ നിക്ഷേപങ്ങളുണ്ടായാൽ അത് ജനങ്ങളുടെ ക്ഷേമത്തിനും രാജ്യത്തിന്റെ സൗഹാർദ്ദ സാമ്പത്തിക വളർച്ചക്കും വഴിവെക്കും. എന്നാൽ ഈ ബജറ്റ് കാലത്തിനൊത്ത പ്രഖ്യാപനങ്ങളും ഇല്ലാത്തതായി. ചുരുക്കിപറഞ്ഞാൽ രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച ഉറപ്പാക്കേണ്ട ബജറ്റ് നീതികേടിന്റെ പര്യായമായി മാറി. ഇന്ന് സംസ്ഥാനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മിതമായ നിരക്കിൽ ഇന്ധന ലഭ്യത ഉറപ്പാക്കുക, നിർമിത ബുദ്ധിയുമായി ബന്ധപ്പെട്ട പുത്തൻ സാധ്യതകളെപ്പറ്റിയുള്ള പഠനങ്ങൾ, അതിനായി വേണ്ട നൈപുണ്യ വികസനം എന്നിവയാണ്. എന്നാൽ ഈ ബജറ്റിൽ ഇതിനായുള്ള യാതൊരു നിക്ഷേപ പദ്ധതികളും ഇല്ല.

ബി.ജെ.പി സർക്കാർ അധികാരത്തിൽ എത്തിയ ശേഷം ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് നേരിട്ട പ്രധാന വെല്ലുവിളിയാണല്ലോ പരിമിതമായ തൊഴിൽ സാധ്യതകളും സാമ്പത്തിക വളർച്ചയും. യുവജനങ്ങൾക്ക് തൊഴിൽ നൽ കാൻ സാധിക്കാത്ത സർക്കാരിനെതിരെയുള്ള ജനവിധിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പ് ഫലം. കോവിഡിന് ശേഷമുള്ള ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ പ്രത്യേക പരിചരണം പ്രതീക്ഷിക്കുമ്പോൾ അതിനു ഉതകുന്ന ഒന്നും ഈ ബജറ്റിലില്ല. കോവിഡ് മൂലം ഇന്ത്യ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസങ്ങളാണ് സ്ഥിരതയില്ലാത്ത ഉപയുക്തത, മൂലധന നിക്ഷേപത്തിന്റെ കുറവ്, വർധിച്ചുവന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വം, സമ്പാദ്യത്തിൽ നേരിടുന്ന കുറവ് എന്നിവ. ഇവയെ ഉയർത്തുക എന്നത് സമ്പദ്‌വ്യവസ്ഥക്ക് അത്യന്താപേക്ഷിതമാണെന്നിരിക്കെ ഇതിനായുള്ള നടപടികളൊന്നും തന്നെ ഈ ബജറ്റിലില്ല എന്നത് ഖേദകരമാണ്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വർധിച്ചവരുന്ന വിദേശ കടം മറ്റൊരു വലിയ ഭീഷണിയാണെന്ന് കാണാം. സാമ്പത്തിക സർവേ പറയുന്നത് രണ്ടായിരത്തി പതിമൂന്നിൽ ജി.ഡി.പി യുടെ നാൽപത്തി നാലു ശതമാനമായിരുന്ന കടം ഇന്ന് തൊണ്ണൂറ്റിയഞ്ച് ശതമാനമായി ഉയർന്നുവന്നാണ്. അതായത് കടവും അതുമൂലമുണ്ടാകുന്ന പലിശയും ബി.ജെ.പി ഭരണത്തിൽ ഇരട്ടിയായി വർധിച്ചു. വിദേശ കടമായതിനാൽ തന്നെ ഇത് സാമ്പത്തിക ചോർച്ചക്ക് കാരണമാകുന്നുണ്ട് എന്നത് വിസ്മരിച്ചുകൂടാ. മാത്രമല്ല ആദായ നികുതി സ്ലാബുകൾ അൻപത്തിനായിരത്തിൽനിന്നും എഴുപത്തിഅയ്യായിരമായി ഉയർത്തിയെങ്കിലും ഈ ഇളവ് പുതിയ സ്കീമിൽ മാത്രമാണ് ലഭിക്കുകയെന്നത് ഇതിന്റെ ആകർഷണം ഇല്ലാതാക്കി. ലോകം വിസ്മയത്തോടെ നോക്കിയ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിക്ക് നീക്കിവെച്ച തുക തീർത്തും അപര്യാപ്തമാണെന്ന് കാണാം. കോവിഡാനന്തര ഇന്ത്യയിലെ സാമ്പത്തിക സാമൂഹിക വികസനത്തിന് അടിയന്തരമായി വേണ്ടത് പൗരന്മാരുടെ ജീവിത ക്വാളിറ്റി ഉയർത്തുകയെന്നതാണെന്നു കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക അവലോകനംതന്നെ പറയുന്നുണ്ട്. അതിനായി പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, മലിനീകരണ നിർമാർജനം, കുടിവെള്ള നിക്ഷേപം തുടങ്ങിയ മേഖലയിൽ നിക്ഷേപം പരിപോഷിപ്പിക്കേണ്ടതുണ്ടെന്നും വിവരിക്കുന്നു. എന്നാൽ ഇതിനായുള്ള ഒരു നിക്ഷേപ പദ്ധതികളും ഈ ബജറ്റിലില്ല എന്നത് പോരായ്മയാണ്.

മോദി സർക്കാർ അധികാരമേറ്റ അന്ന് മുതൽ തുടങ്ങിയതാണ് ഇന്ത്യയെ പല തരത്തിൽ വിഭജിക്കാനായി നടത്തുന്ന നടപടികൾ. ഈ ബജറ്റോടുകൂടി വ്യക്തമായ രീതിയിൽ സാമ്പത്തിക പക്ഷഭേദവും അവർ നടപ്പിലാക്കി. ഇന്ത്യയിലെ ജനങ്ങൾ നൽകിയ നികുതിപ്പണം ഉപയോഗിച്ചു വികസന പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ഞങ്ങൾക്ക് വോട്ട് ചെയ്ത സംസ്ഥാനങ്ങൾക്ക് മാത്രമേ ഞങ്ങൾ അത് നൽകുള്ളൂ എന്ന വ്യക്തമായ ജനാധിപത്യ ധ്വംസനം അവർ ഈ ബജറ്റിൽ കൂടി പ്രഖ്യാപിച്ചു. സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷ്കാർക്കൊപ്പം നില കൊണ്ട ഒരു പ്രസ്ഥാനത്തിന്റെ തുടർച്ചക്കാർ ഭരിക്കുമ്പോൾ ഇങ്ങനെ മാത്രമേ ചിന്തിക്കാനും, പ്രവർത്തിക്കാനും കഴിയൂ എന്നത് സത്യമാണ്. എന്നാൽ അത് മനോഹരമായ ഇന്ത്യയെന്ന ആശയത്തെ തകർത്തു കളയുമെന്ന് അവർ ചിന്തിക്കേണ്ടതുണ്ട്. ഇത് കണ്ടും കേട്ടും നിലകൊള്ളുന്ന യഥാർത്ഥ ജനം എന്ന അധികാരികൾ ഈ അനീതിക്കെതിരെ ഇനിയും പ്രവർത്തിക്കുക തന്നെ ചെയ്യും എന്നതിൽ സംശയമില്ല.

# വീണ്ടും വരുന്ന പരീക്ഷണങ്ങൾ



വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

വീണ്ടും നമ്മുടെ നാട് നിപാ വൈറസിന്റെ ഭീതിയിലേക്ക് ചെറുതായെങ്കിലും എത്തിപ്പെട്ടിരിക്കുന്നു. 2018ൽ ആയിരുന്നു ആദ്യമായി കേരളത്തിൽ മരണം വിതച്ച നിപ വൈറസ് ഭീതി പടർത്തിയത്. പിന്നീട് 2021ലും 2023ലും നിപ വന്ന് ജീവൻ കവർന്നു. ഇപ്പോഴിതാ 2024 ലും മരണം ആവർത്തിച്ചിരിക്കുന്നു. ഈ ഒരൊറ്റ വാർത്താവാചകം മാത്രം നമ്മെ ഒരുപാട് ചിന്തിപ്പിക്കുന്നുണ്ട് എന്നതാണ് ശരി. വീണ്ടും വന്നിരിക്കുന്നു എന്ന് പറയുമ്പോൾ വരുന്നതിനെ തടയാൻ ചെയ്തതൊന്നും ഫലം ചെയ്തിട്ടില്ല എന്നത് അവയിൽ പ്രധാനപ്പെട്ട ഒന്നാണ്. അതുകാരണമായി വീണ്ടും ഒരാൾ മരണമടഞ്ഞു എന്ന് പറയുമ്പോൾ ഈ വിഷയമായ നമ്മുടെ ചികിത്സകൾക്ക് പ്രതീക്ഷയുടെ നിലവാരമില്ല എന്നത് മറ്റൊന്നാണ്. ചികിത്സയുടെ കാര്യം മാത്രമല്ല പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യവും ആശാവഹമല്ല എന്നത് മറ്റൊന്ന്. പ്രതിരോധ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നില്ല എന്നു കുറ്റപ്പെടുത്തുകയല്ല. അവ കൃത്യമായി ലക്ഷ്യത്തിൽ കൊള്ളുന്ന വിധത്തിൽ ഉള്ളതല്ല എന്നു പറയുകയാണ്. നിലവിൽ ചെയ്തുവരുന്നത് അപകടകാരികളായ വൈറസുകളും ബാക്ടീരിയകളും പകരാതിരിക്കാൻ വേണ്ട പ്രാഥമിക മുൻകരുതലുകൾ ജാഗ്രവത്താക്കുക എന്നത് മാത്രമാണല്ലോ. അതൊന്നും ഈ പ്രശ്നത്തെ നേരെ ചൊവ്വേ നേരിടുന്നില്ല എന്നത് ഇതിൽനിന്ന് മനസ്സിലാകുന്നു. വൈറസ് ബാധ നമുക്ക് പിടിതരുന്നില്ല എന്ന ഒരു ആശങ്ക ഈ വിഷയത്തിലെ മറ്റൊരു ചിന്താവിഷയമാണ്. ഇത്തരം സാഹചര്യങ്ങളെ വൈദ്യശാസ്ത്രം പറയുന്നത് അല്ലെങ്കിൽ വ്യാഖ്യാനിക്കുന്നത് വൈറസിന് ജനിതക വ്യതിയാനങ്ങൾ സംഭവിക്കുന്നു എന്നാണ്. കൊറോണ വൈറസിന്റെ കാര്യത്തിൽ അത് നാം അനുഭവിച്ചത് തന്നെയാണ് വൈറസിന്റെ പിന്നാലെ പലതരം പേരുകൾ കൊണ്ട് പറയേണ്ട അവസ്ഥ വരെ ഉണ്ടായി. 2018 ൽ നിന്നും 2024ൽ എത്തിയപ്പോൾ നിപാ വൈറസിന് ചില്ലറ വ്യതിയാനങ്ങൾ സംഭവിച്ചോ എന്ന് സംശയിക്കാൻ തികച്ചും ന്യായമുണ്ട്. 2018 ലെ നിപ, ശ്വാസകോശത്തെയാണ് കൂടുതൽ ബാധിച്ചതെങ്കിൽ 2024ൽ തലച്ചോറിനെ കൂടുതൽ ബാധിക്കുന്നത് പോലെയാണ് കാര്യങ്ങൾ സൂചിപ്പിക്കുന്നത്. 2018ൽ അന്നത്തെ ആദ്യ രോഗിയുമായി കുറച്ചുസമയം മാത്രം ഒരു എക്സ്റേ റൂമിൽ ഒരുമിച്ച് നിന്നത് കൊണ്ട് മാത്രം ഒരാളിലേക്ക് വൈറസ് പകർന്നു. 2024ൽ വളരെ അടുത്ത സമ്പർക്കം ഉണ്ടായ പലരിലേക്കും വൈറസ് പെട്ടെന്ന് പകർന്നില്ല എന്നാണ് ഇതുവരെ മനസ്സിലാകുന്നത്. ഇപ്പോഴുള്ള സമ്പർക്ക പട്ടികയിൽ അത്ര വലിയ അപകടങ്ങൾ പ്രകടമല്ല. ഒരു വിധം കയ്യിൽ ഒതുക്കി എന്ന് അവകാശപ്പെടുമ്പോഴേക്കും കൈകളിൽനിന്ന് ഈ വൈറസ് വഴുതി പോകുന്ന ഒരു അവസ്ഥയാണ്. ഇതെല്ലാം ഈ കോളത്തെ സംബന്ധിച്ചിടത്തോളം ചിന്തകളാണ്.

അതോടൊപ്പം പണ്ടേ ഉള്ള ചില പ്രശ്നങ്ങളും ചിന്തകളും ഉണ്ട്. വവ്വാലുകളാണ് രോഗ വാഹിനികൾ എന്ന വാദത്തിൽനിന്നും നിഗമനത്തിൽ നിന്നുമാണത് ഉയരുന്നത്. വവ്വാലുകളാണ് സാക്ഷാൽ പ്രതികൾ എന്നും അല്ലെന്നും രണ്ടു പക്ഷങ്ങൾ ശാസ്ത്രജ്ഞന്മാർക്കിടയിൽ ഉണ്ട്. അത് അവരുടെ മേഖലയാണ്. അതിലേക്ക് കടക്കുന്നില്ല. ലോകാരോഗ്യ സംഘടന സൂണോറ്റിക് ഡിസീസ് വിഭാഗത്തിലാണ് നിപയെ ഉൾപ്പെടുത്തിയിരിക്കുന്നത്. മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പടരുന്ന രോഗങ്ങളെയാണ് സൂണോറ്റിക് ഡിസീസ് എന്നുവിളിക്കുന്നത്. വവ്വാലുകളിൽനിന്ന് മനുഷ്യരിലേക്കും പിന്നീട് മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കും പകരുന്ന രോഗമാണ് ഇത് എന്ന് ലോകത്തെ ഏറ്റവും വലിയ ശാസ്ത്രീയ സംവിധാനം പറഞ്ഞിട്ടുണ്ട്. പഴവർഗങ്ങൾ ഭക്ഷിച്ചു ജീവിക്കുന്ന റ്റെറോപസ് (Pteropus) ജനുസിൽപെട്ട നാലുതരം വവ്വാലുകളാണ് നിപ വൈറസിന്റെ പ്രകൃതിദത്ത വാഹകർ എന്നും അവയുടെ കാഷ്ഠം, മൂത്രം, ഉമിനീര്, ശുക്ലം എന്നീ സ്രവങ്ങളിലൂടെയാണ് വൈറസ് പുറത്തേക്ക് വ്യാപിക്കുന്നത് എന്നുമെല്ലാം ഏതാണ്ട് സ്ഥിരീകരിക്കപ്പെട്ടുകഴിഞ്ഞു. പ്രധാനമായും തെക്ക്കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലാണ് ഈ വൈറസ് സംഹാരം നടത്തുന്നത്. മലേഷ്യ, ബംഗ്ലാദേശ്, ഇന്ത്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലാണ് ഇതു കാണപ്പെടുന്നത്. അതും ഭൂരിപക്ഷ അഭിപ്രായവും നിഗമനവും അനുസരിച്ച് പ്രതികൾ വവ്വാലുകൾ ആണെങ്കിൽ തന്നെ അവ വഹിക്കുന്ന ഈ വൈറസ് അവയെ ഒരു നിലക്കും പ്രതികൂലമായി ബാധിക്കുന്നില്ല എന്നത് തീഷ്ണമായ ഒരു ചിന്തയാണ്. വവ്വാലിന് നിപ വൈറസിനെക്കൊണ്ട് ഉപദ്രവമൊന്നുമില്ല. പരസ്പര സഹവർത്തിത്വത്തോടെ (coevolution) കഴിയുന്നവരാണ് വവ്വാലും നിപയും. വവ്വാലില്ലെങ്കിൽ നിപക്ക് നിലനിൽപില്ല. അതുകൊണ്ടുതന്നെ വവ്വാലിനെ ഈ വൈറസ് ബാധിക്കുകയുമില്ല. ഡെങ്കി വൈറസും ഈഡിസ് കൊതുകും തമ്മിലും ഇതേ ബന്ധമാണ്. ഈഡിസുകൾക്ക് ഡങ്കിപ്പനി വരില്ല. ഇങ്ങനെയെല്ലാം പറഞ്ഞു വരുമ്പോൾ നമ്മുടെ ചിന്ത പുരോഗമിക്കുക ഈ ചെറിയ ജീവികളെ അയച്ചു ആരോ മനുഷ്യനെ വിരട്ടുകയാണ് എന്നതിലേക്കായിരിക്കും.

വിഷയം വവ്വാലിൽ എത്തിനിൽക്കുമ്പോൾ തന്നെ നമ്മുടെ അത്ഭുതം വീണ്ടും ഇരട്ടിക്കുകയാണ്. കാരണം ഈ ജീവി പ്രഥമ ദൃഷ്ട്യാ അത്ര വലിയ കുഴപ്പക്കാരനാണ് എന്ന് ആർക്കും പറയാനാകില്ല. അതോടൊപ്പം മനുഷ്യന്റെ ജീവിത പരിസരത്തെ ഏറെ അധികം സഹവസിക്കുന്ന ഒരു ജീവിയാണ് എന്ന് പറയാനും ന്യായമില്ല. ഏതാണ്ട് രാത്രികളിൽ മാത്രം കാണുന്ന ഒരു അപൂർവ ജീവി ആയാണ് വവ്വാലിനെ മനുഷ്യൻ അനുഭവിക്കുന്നത്. അങ്ങനെയൊക്കെ പറഞ്ഞാലും കക്ഷി ഉപദ്രവകാരി അല്ല എന്നു പറയാനും ഒരു ന്യായവും ഇല്ല. നിരവധി പകർച്ചവ്യാധികൾക്ക് കാരണമായ വൈറസുകളുടെ പ്രകൃതിദത്തവാഹകർ വവ്വാലുകളാണ് എന്ന് കണ്ടെത്തപ്പെട്ടിട്ടുണ്ട്. എബോള, മീസിൽസ്, മമ്സ്, നിപ, കൊറോണ വൈറസുകളെല്ലാം മനുഷ്യരിലെത്തിയത് വവ്വാലുകളിൽ നിന്നാണ്. 1200 വംശങ്ങളുള്ള വവ്വാലുകളിൽ ആറായിരത്തോളം വൈറസുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അങ്ങനെയൊക്കെയാണ് എങ്കിലും വവ്വാലുകളെ മനുഷ്യരുടെ ശത്രുക്കളായി കണ്ട് അവയെ മുഴുവനും കൊന്നൊടുക്കുക എന്ന് വിചാരിച്ചാൽ അതും വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാവും. കാരണം, പ്രകൃതിചക്രത്തിലും പുനഃചക്രത്തിലും പരിസ്ഥിതി സംരക്ഷണത്തിലും സാമ്പത്തിക ഘടനയിലും മനുഷ്യാരോഗ്യ സംരക്ഷണത്തിലുമെല്ലാം വവ്വാലുകൾ സുപ്രധാന പങ്ക് വഹിക്കുന്നു എന്നാണ് കണ്ടെത്തൽ. കൃഷി നശിപ്പിക്കുകയോ മനുഷ്യരിൽ രോഗം പരത്തുകയോ ചെയ്യുന്ന പല കീടങ്ങളേയും അമിതമായി പെരുകാതെ നിയന്ത്രിച്ച് നിർത്തുന്നത് വവ്വാലുകളാണ് എന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പല ചെടികളിലും പരാഗണം നടത്തുന്നതും അവയുടെ വിത്തുകൾ വിതരണം ചെയ്യുന്നതും വവ്വാലുകളാണ്. അവ ഇല്ലാതെ വന്നാൽ ഇതെല്ലാം നിലച്ചുപോകും. ഇത്രയെല്ലാം ഉപകാരമുള്ള ഒരു ജീവി മനുഷ്യനെ ഇങ്ങനെ വേട്ടയാടുക എന്ന് പറയുമ്പോൾ അത് ചിലരുടെ ചിന്തയിൽ എങ്കിലും വലിയ ആന്ദോളനങ്ങൾ സൃഷ്ടിക്കാതിരിക്കില്ല എന്നാണ് പറഞ്ഞുവരുന്നത്.

സിംഗപ്പൂരിലെ ഡ്യൂക്ക് നാഷണൽ സർവകലാശാലയിലെ വൈറോളജിസ്റ്റായ ഡോ. ലിൻഫ വാങ് കരുതുന്നതുപോലെ പറക്കാൻ കഴിവുള്ള ഏക സസ്തനിയായതിനാലും പറക്കാൻ കൂടുതൽ ഊർജ്ജം ആവശ്യമുള്ളതിനാലും കൂടുതൽ പ്രതിരോധ ശക്തി ഉള്ളതുകൊണ്ട് ആയിരിക്കാം വവ്വാലുകളിൽ ഇത്രയധികം വൈറസുകൾ പാർക്കാൻ കാരണമെന്നതൊക്കെ ചില നിഗമനങ്ങൾ മാത്രമാണ്. അതൊക്കെ സമ്മതിച്ചാലും ഇതിൽ എന്തുകൊണ്ട് വവ്വാൽ എന്ന ചോദ്യം എപ്പോഴും ബാക്കി കിടക്കും. പ്രപഞ്ചത്തെ സ്രഷ്ടാവായ അല്ലാഹു സംവിധാനിച്ചിരിക്കുന്നതും നിയന്ത്രിച്ചു നയിച്ചുവരുന്നതും വളരെ അജയ്യമായി കൊണ്ടാണ്. അക്കാര്യത്തിൽ അവനു സമാനമായ ഒരു ശക്തിയും ഉണ്ടാവില്ല. ആ ശക്തി പ്രഭാവത്തിന്റെ അർത്ഥമാണ് ഇതെല്ലാം. അതായത്, ഒരുപാട് ബലംപ്രയോഗിച്ചോ ആപത്തുകളും അപകടങ്ങളും സ്വാഭാവികമായി വാരിവലിച്ചിട്ടോ ഒന്നുമല്ല അവൻ മനുഷ്യനെ ചിന്തിപ്പിക്കുന്നത്. അവന് വേണ്ടുവോളം ആലോചിക്കാനും വേണ്ടിവന്നാൽ തിരിച്ചുനടക്കാനും എല്ലാം വേണ്ട ഉൽബോധനങ്ങളും ഉപദേശങ്ങളും അവൻ നൽകിവരുന്നുണ്ട്. അതിന് അവൻ സ്വീകരിക്കുന്ന മാർഗങ്ങൾ ചിലപ്പോൾ വിചിത്രങ്ങളായിരിക്കാം. വളരെ ചെറിയതും നിരുപദ്രവകാരികൾ എന്ന് തോന്നിക്കുന്നതുമായ സൂക്ഷ്മ ജീവികളെ കൊണ്ട്പോലും വലിയ വെല്ലുവിളി ഉയർത്തുക എന്നതൊക്കെ അങ്ങനെ കാണാൻ പ്രേരിപ്പിക്കുന്ന ചിന്തകൾ തന്നെയാണ്. അത് ചിലപ്പോൾ ഇങ്ങനെയുള്ള ജീവികളെ ഉപയോഗിച്ചുവരെ ആവാം. കൗതുകമുളവാക്കുന്നതും പ്രത്യക്ഷത്തിൽ ഉത്തരങ്ങൾ നിശബ്ദമാകുന്നതുമായ ഇത്തരം ചിന്തകളെ ഉദ്ബോധനത്തിനായി ഉപയോഗിക്കുന്നത് അല്ലാഹുവിന്റെ രീതി തന്നെയാണ്. ഇസ്രാഈൽ സന്തതികളെ ചിന്തിപ്പിക്കാൻ നൽകിയ ഒമ്പതു ദൃഷ്ടാന്തങ്ങളിൽ ഇത്തരം ചിലതുകൂടിയുണ്ടായിരുന്നു. വെട്ടുകിളി, പേൻ, തവള തുടങ്ങിയവ ആ ഗണത്തിൽ പെടുന്നു.

ഇതു ചിന്തയുടെ ഒരു ഭാഗം മാത്രമാണ്. മറ്റൊരു ഭാഗം കൂടിയുണ്ട്. അതു സൂചിപ്പിച്ചാണ് നാം തുടങ്ങിയത്. പരീക്ഷണങ്ങൾ ആവർത്തിച്ച് വരുന്നതിനെക്കുറിച്ചാണത്. ഇത് പറയുമ്പോൾ നമ്മുടെ മനോമുകരത്തിൽ തെളിയുന്ന ഒരു സൂക്തമുണ്ട്, വിശുദ്ധ ഖുർആനിൽ. അത് സൂറത്തുത്തൗബയിലെ 126 ാം സൂക്തമാണ്. അതിൽ അല്ലാഹു പറയുന്നു: 'ഓരോ കൊല്ലവും ഒന്നോ രണ്ടോ വട്ടം തങ്ങൾ പരീക്ഷണ വിധേയരാവുക തന്നെ ചെയ്യുന്നുണ്ട് എന്ന് അവർ കാണുന്നില്ലേ? എന്നിട്ടുമവർ പശ്ചാത്തപിക്കുകയോ ആലോചിക്കുകയോ ചെയ്യുന്നില്ല'. ആവർത്തിച്ചുവരുന്ന പരീക്ഷണങ്ങൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് ഈ ആയത്ത് നമ്മോട് പറഞ്ഞുതരികയാണ്. അത് മറ്റൊന്നുമല്ല, മനുഷ്യനെ സരളമായി അല്ലാഹു ഓരോന്ന് സൂചിപ്പിക്കുകയാണ്. ഇത്തരം ദൈവിക സൂചനകളെ വിശ്വാസികളുടെ ലോകം കാണുന്നതും സ്വീകരിക്കുന്നതും അല്ലാഹുവിന്റെ അപാരമായ കാരുണ്യവും ദയാവായ്പ്പുമായിട്ടാണ്. തന്റെ പ്രതിനിധിയായ മനുഷ്യൻ ഒരു അപകടത്തിൽ വീഴരുത് എന്ന് അവൻ ആഗ്രഹിക്കുന്നു. അതിനായി അവൻ വീണ്ടും സൂചനകൾ നൽകാൻ തയ്യാറാകുന്നു. അപകടം ഉണ്ടാവാതിരിക്കാൻ വേണ്ടിയാണല്ലോ സൂചനകൾ നൽകപ്പെടുന്നത്. അത് ആവർത്തിക്കുന്നത് ആ ആശയം എങ്ങനെയെങ്കിലും നടക്കണം എന്ന താൽപര്യംകൊണ്ടുമാണ്. സംഗതിയെ അങ്ങനെ വായിക്കുമ്പോൾ അതിൽ മറ്റൊരു സന്ദേശംകൂടി ഉള്ളടങ്ങിയിട്ടുണ്ട്. സൂചനകൾ ആവർത്തിക്കുന്നതിനനുസരിച്ച് കാര്യം ഗുരുതരമാകും എന്ന സൂചന. അഥവാ അവൻ പറഞ്ഞ കാര്യത്തെയും അക്കാര്യത്തിന് നൽകിയ താക്കീതിന്റെ സ്വരമുള്ള ഓർമപ്പെടുത്തലുകളെയും സൂചനകളെയും നിരന്തരമായി അവഗണിച്ചാൽ താങ്ങാനാവാത്ത വില അതിനു നൽകേണ്ടിവരും. അത്ര കഠിനമായിരിക്കും അതിന്റെ ശിക്ഷ എന്നത്. ആയതിനാൽ പരീക്ഷണങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ അതിനു മുമ്പിൽ വിശ്വാസികൾ ഉദാസീനരാവരുത്.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 104 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 26 വെള്ളി
ഗൾഫ് ചന്ദ്രിക




## സംസ്ഥാനങ്ങളോട് അനീതി

ഹൈദരാബാദ്: കേന്ദ്ര ബജറ്റിൽ ആന്ധ്രപ്രദേശ്, ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളോട് കടുത്ത അനീതിയാണ് കാട്ടിയതെന്ന് തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി. തെലങ്കാന സർക്കാർ ഉന്നയിച്ച ആവശ്യങ്ങളൊന്നും കേന്ദ്ര സർക്കാർ പരിഗണിച്ചില്ല. വിശാഖപട്ടണത്തെയും ഹൈദരാബാദിനെയും ബന്ധിപ്പിക്കുന്ന വ്യാവസായിക ഇടനാഴി തെലങ്കാനയ്ക്ക് ഒരു തരത്തിലും ഗുണം ചെയ്യില്ല. മോദിസർക്കാർ സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ വ്രണപ്പെടുത്തി. തെലങ്കാനയിലെ ജനങ്ങൾ എട്ട് ബി.ജെ.പി എം.പിമാർ പാർലമെന്റിലേക്ക് അയച്ചു. ഇതിൽ രണ്ടുപേർ കേന്ദ്രമന്ത്രിസഭയിൽ അംഗങ്ങളാണ്. എന്നാൽ ഒരു ഗുണവുമുണ്ടായില്ല.



## ക്രമസമാധാനം പാടെ തകർന്നു

അമരാവതി: ആന്ധ്രപ്രദേശിൽ ക്രമസമാധാനം പാടെ തകർന്നതായി വൈ.എസ്.ആർ കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ജഗൻ മോഹൻ റെഡ്ഡി. തങ്ങളുടെ നേതാക്കളെയും പ്രവർത്തകരെയും ടി.ഡി.പി പ്രവർത്തകർ ക്രൂരമായി ആക്രമിക്കുകയാണ്. ടി.ഡി.പി അധികാരത്തിലെത്തി 45 ദിവസത്തിനകം 30 കൊലപാതകങ്ങളാണ് നടന്നത്. പൊലീസ് കണ്ണടച്ചിരിക്കുകയാണ്. ഇന്ന് അവർ അധികാരത്തിലാണ്, നാളെ ഞങ്ങൾ അധികാരത്തിൽ വരാം. ഇന്നലെ ഞങ്ങൾ അധികാരത്തിലുണ്ടായിരുന്നു, പക്ഷേ ഞങ്ങളൊരിക്കലും ഇത്തരം രീതി പ്രചരിപ്പിച്ചിട്ടില്ല. ആക്രമണങ്ങളും സ്വത്തുക്കൾ നശിപ്പിക്കലും ഞങ്ങൾ പ്രോത്സാഹിപ്പിച്ചിട്ടില്ല.

# ഇന്ത്യ വാർത്തകൾ

# കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട ബി.ജെ.പി മുൻ എം.എൽ.എയെ വിട്ടയച്ചു; വിവാദം

ലക്നൗ: സമാജ്‌വാദി പാർട്ടി എം.എൽ.എയെയും ഡ്രൈവറെയും കൊലപ്പെടുത്തിയ കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ബി.ജെ.പി മുൻ എം.എൽ.എയെ ഗവർണറുടെ ശുപാർശയെ തുടർന്നു വിട്ടയച്ചു.

ഉത്തർപ്രദേശിലെ നിയമസഭാംഗം ഉദയ്ഭൻ കർവാരിയയെയാണ് ഗവർണർ ആനന്ദിബെൻ പട്ടേൽ മാപ്പുനൽകിയതോടെ ജയിൽ മോചിതനാക്കിയത്. ഭരണഘടനയുടെ ആർട്ടിക്കിൾ 161 പ്രകാരമുള്ള അധികാരം ഉപയോഗിച്ചാണ് ഗവർണറുടെ നടപടിയെന്നാണ് വിശദീകരണം. 1996ൽ സമാജ്‌വാദി പാർട്ടി എം.എൽ.എ ജവഹർ യാദവിനെയും അദ്ദേഹത്തിന്റെ ഡ്രൈവറെയും കൊലപ്പെടുത്തിയ കേസിൽ 2019 മുതൽ ശിക്ഷയനുഭവിച്ചുവരികയായിരുന്നു ഇയാൾ. കർവാരിയയെ വിട്ടയക്കാൻ യു.പി സർക്കാർ നേരത്തെ ശുപാർശ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ രാവിലെ കർവാരിയയെ വിട്ടയച്ചതായി പ്രയാഗ്‌രാജിലെ നൈനി സെൻട്രൽ ജയിൽ സീനിയർ സൂപ്രണ്ട് രംഗ് ബഹാദൂർ പട്ടേൽ പറഞ്ഞു. 2023 ജൂലൈ 30 വരെയായി എട്ട് വർഷവും ഒൻപത് മാസവും 11 ദിവസവും ഉദയ്ഭൻ ജയിലിൽ കഴിഞ്ഞതായും മോചന ഉത്തരവിൽ പറയുന്നു. ഇതിനെതിരേ കോടതിയെ സമീപിക്കുമെന്ന് ജവഹർ യാദവിന്റെ ഭാര്യയും നാലുതവണ എം.എൽ.എ.യുമായ വിജയ്മ യാദവ് അറിയിച്ചു. 2019 നവംബർ നാലിന് യു.പി.യിലെ പ്രയാഗ്‌രാജ് കോടതിയാണ് 55കാരനായ ഉദയ്ഭാനുവിനെ ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. സഹോദരന്മാരായ സുരാജ്ഭൻ, കപിൽ മുനി, അമ്മാവൻ റാം ചന്ദ്ര എന്നിവർക്കും ജീവപര്യന്തം തടവ് വിധിച്ചു.



*കൊലപാതക കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ബി.ജെ.പി മുൻ എം.എൽ.എ ഉദയ്ഭൻ കർവാരിയ നൈനി സെൻട്രൽ ജയിലിൽ നിന്ന് പുറത്തുവരുന്നു*

കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് 2018ൽ സംസ്ഥാന സർക്കാർ ഹർജി നൽകിയിരുന്നെങ്കിലും കോടതി തള്ളിയിരുന്നു. പിന്നാലെയായിരുന്നു ശിക്ഷാവധി. സുരാജ്ഭൻ ബഹുജൻ സമാജ്‌വാദി പാർട്ടിയുടെ മുൻ എം.എൽ.സി.യും കപിൽ മുനി പാർട്ടിയുടെ മുൻ എം.പി.യുമാണ്. 1996ൽ പ്രയാഗ്‌രാജിലെ സിവിൽ ലൈൻസ് ഏരിയയിൽവെച്ചാണ് ജവഹർ യാദവും ഡ്രൈവർ ഗുലാബ് യാദവും കൊല്ലപ്പെടുന്നത്. അക്രമി സംഘം എ.കെ 47 ഉപയോഗിച്ച് വാഹനത്തിനുനേരെ വെടിയുതിർക്കുകയായിരുന്നു.

രാഷ്ട്രീയപരവും ബിസിനസ് സംബന്ധിയുമായ വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തി. എങ്കിലും ഉദയ്ഭൻ 2002, 2007 നിയമസഭാ തിരഞ്ഞെടുപ്പിൽ പ്രയാഗ്‌രാജിലെ ബാര സീറ്റിൽനിന്ന് ബി. ജെ.പി ടിക്കറ്റിൽ വിജയിച്ചു.

2017ൽ ഉദയിന്റെ ഭാര്യ നീലം കർവാരിയ മേജ സീറ്റിൽനിന്നും സഭയിലെത്തിയിരുന്നു. എന്നാൽ 2022ൽ എസ്. പിയുടെ സന്ദീപ് സിങിനോട് പരാജയപ്പെട്ടു.

# രാഷ്ട്രപതിഭവനിലും പേരുമാറ്റം

### ദർബാർ ഹാൾ ഇനി ഗണതന്ത്ര മണ്ഡപം

ന്യൂഡൽഹി: പേരുമാറ്റം ഒടുവിൽ രാഷ്ട്രപതി ഭവനകത്തും. ചരിത്ര സ്മാരകങ്ങളുടേയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടേയും കേന്ദ്ര പദ്ധതികളുടേയും പേര് മാറ്റി വിവാദം സൃഷ്ടിച്ച മോദി സർക്കാറിന്റെ ഒടുവിലത്തെ നീക്കമാണ് രാഷ്ട്രപതിഭവനിലെ രണ്ട് പ്രധാന ഹാളുകളുടെ പേരുമാറ്റം.

ദർബാർ ഹാൾ, അശോക ഹാൾ എന്നിവയുടെ പേരാണ് യഥാക്രമം ഗണതന്ത്ര മണ്ഡപം, അശോക മണ്ഡപം എന്നിങ്ങനെ മാറ്റിയത്. ഇതിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകിയതായി രാഷ്ട്രപതി ഭവൻ സെക്രട്ടറിയേറ്റ് അറിയിച്ചു. പത്മ പുരസ്കാരം ഉൾപ്പെടെ രാജ്യത്തെ സിവിലിയൻ, സൈനിക, സാംസ്കാരിക ബഹുമതികൾ സമ്മാനിക്കുന്നതിന് വേദിയാകുന്ന സ്ഥലമാണ് ദർബാർ ഹാൾ. മുഗൾ ഭരണകാലത്തും ബ്രിട്ടീഷ് ഭരണത്തിനു കീഴിലും രാജ്യഭരണവുമായി ബന്ധപ്പെട്ട തന്ത്രങ്ങൾ മെനയുന്നതിനുള്ള ഉന്നതതല യോഗം ചേർന്നിരുന്ന ഇടമായിരുന്നു ദർബാർ ഹാൾ. ഇന്ത്യയിലെ ഏതാണ്ടെല്ലാ രാജകൊട്ടാരങ്ങളിലും ദർബാർ ഹാളുകളുണ്ടായിരുന്നു.

കൊളോണിയൽ ചിഹ്നങ്ങൾ മായ്ച്ചു കളയാനെന്ന പേരിൽ തുടങ്ങിയ പേരുമാറ്റത്തിന്റെ മറവിലാണ് 'ദർബാർ ഹാളും' മായ്ച്ചു കളയുന്നത്. ഇന്ത്യൻ ഐഡന്റിറ്റിയുടെ ഭാഗമായ ദർബാർ എന്ന പേര് എന്തുകൊണ്ട് മാറ്റുന്നു എന്നതിന് കൃത്യമായ വിശദീകരണം അധികൃതർ നൽകിയിട്ടില്ല. ഗണതന്ത്ര എന്നതാണ് കൂടുതൽ ചേരുന്ന പേര് എന്നാണ് വിശദീകരണം.

റിപ്പബ്ലിക്, പ്രജാധിപത്യം എന്നെല്ലാമാണ് ഗണതന്ത്ര എന്ന ഹിന്ദി വാക്കിന്റെ ഭാഷാർത്ഥം. ഹാൾ എന്നതിനു പകരമാണ് മണ്ഡപം എന്ന വാക്ക്. അശോക ചക്രവർത്തിയുടെ പേരിനെ അനുസ്മരിപ്പിക്കുന്നതാണ് അശോകാ ഹാൾ. ഇത് അശോക മണ്ഡപം എന്നാക്കി.

## ചുരുക്കത്തിൽ

### കങ്കണയുടെ വിജയം ചോദ്യം ചെയ്ത് ഹർജി; നോട്ടീസ്

ഷിംല: നടി കങ്കണ റണാവത്തിന്റെ മാണ്ഡി ലോക്സഭാ മണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പ് ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഹർജി. ഹർജി ഫയലിൽ സ്വീകരിച്ച കോടതി കങ്കണയ്ക്ക് നോട്ടീസ് അയച്ചു. കിന്നൗർ സ്വദേശിയാണ് ഹർജി സമർപ്പിച്ചത്. തന്റെ നാമനിർദേശ പത്രിക അന്യായമായി നിരസിച്ചെന്നും അതിനാൽ തിരഞ്ഞെടുപ്പ് റദ്ദാക്കി വീണ്ടും തിരഞ്ഞെടുപ്പ് നടത്തണമെന്നുമാണ് ആവശ്യം. ഓഗസ്റ്റ് 21നകം മറുപടി നൽകണമെന്ന് കങ്കണയോട് ജസ്റ്റിസ് ജ്യോത്സന റേവാൾ ആവശ്യപ്പെട്ടു. വനം വകുപ്പിലെ മുൻ ജീവനക്കാരനായ ലായക് റാം നേഗിയാണ് പരാതിക്കാരൻ. റിട്ടേണിംഗ് ഓഫീസറായിരുന്ന മണ്ഡിയിലെ ഡെപ്യൂട്ടി കമ്മീഷണർ തന്റെ നാമനിർദേശ പത്രിക ഒരു കാരണവുമില്ലാതെ നിരസിച്ചെന്നാണ് പരാതി. നേരത്തെ ജോലിയിൽ നിന്ന് വിരമിച്ച നേഗി മെയ് 14നാണ് പത്രിക സമർപ്പിച്ചത്. വൈദ്യുതി, വെള്ളം, ടെലിഫോൺ വകുപ്പുകളിൽ നിന്ന് 'നോ ഡ്യൂ സർട്ടിഫിക്കറ്റ്' ഹാജരാക്കാൻ റിട്ടേണിംഗ് ഓഫീസർ ഒരു ദിവസം അനുവദിച്ചു, മെയ് 15ന് ഇവ സമർപ്പിച്ചപ്പോൾ റിട്ടേണിംഗ് ഓഫീസർ സ്വീകരിച്ചില്ലെന്നും പത്രിക തള്ളിയെന്നുമാണ് പരാതി. തന്റെ പത്രിക സ്വീകരിച്ചിരുന്നെങ്കിൽ താൻ തിരഞ്ഞെടുപ്പിൽ വിജയിക്കാമായിരുന്നു എന്നാണ് ലായക് റാം നേഗിയുടെ അവകാശവാദം. ഈ സാഹചര്യത്തിൽ കങ്കണയുടെ വിജയം റദ്ദാക്കണമെന്നും വീണ്ടും തിരഞ്ഞെടുപ്പ് നടത്തണമെന്നും ഹർജിക്കാരൻ വാദിച്ചു. 74,755 വോട്ടിന്റെ ഭൂരിപക്ഷത്തിനായിരുന്നു കങ്കണയുടെ വിജയം.

### ഡൽഹി യാത്ര റദ്ദാക്കി മമത

കൊൽക്കത്ത: കേന്ദ്ര ബജറ്റിൽ സംസ്ഥാനങ്ങളോടുള്ള വിവേചനത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ശനിയാഴ്ച നടക്കുന്ന നീതി ആയോഗ് യോഗത്തിൽ പങ്കെടുക്കില്ലെന്ന് സൂചന. മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ഡൽഹിയിലെത്തേണ്ട മമത അവസാന നിമിഷം യാത്ര റദ്ദാക്കി. യാത്ര പൂർണ്ണമായും റദ്ദാക്കിയതാണോ അതോ ഒരു ദിവസത്തേക്ക് മാറ്റിവച്ചതാണോ എന്നതിൽ വ്യക്തതയില്ല. തൃണമൂൽ കോൺഗ്രസ് ലോക്സഭ- രാജ്യസഭ എം.പിമാരുമായുള്ള കൂടിക്കാഴ്ചയ്ക്ക് മുഖ്യമന്ത്രി ഡൽഹിയിൽ പോകുമെന്നും ശനിയാഴ്ച നീതി ആയോഗ് പരിപാടിയിൽ പങ്കെടുക്കുമെന്നും സംസ്ഥാന സെക്രട്ടേറിയറ്റ് വൃത്തങ്ങൾ നേരത്തെ അറിയിച്ചിരുന്നു. ഇതിനു പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കേന്ദ്ര കുടിശ്ശിക സംബന്ധിച്ച് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുമെന്നും റിപ്പോർട്ടുകളുണ്ടായി. എന്നാൽ കേന്ദ്ര ബജറ്റിലെ അവഗണനയിൽ ശക്തമായ പ്രതിഷേധമുയർത്താനാണ് പുതിയ നീക്കങ്ങളെന്നാണ് സൂചന.

### ഡൽഹിയിൽ എ.എപിക്ക് പുതിയ ഓഫീസ്

ന്യൂഡൽഹി: വിവാദങ്ങൾക്കൊടുവിൽ ഡൽഹിയിൽ ആം ആദ്മി പാർട്ടിക്ക് പുതിയ ഓഫീസ് അനുവദിച്ചു. ല്യുട്ടൻസ് ഡൽഹി പ്രദേശത്താണ് പുതിയ ഓഫീസ്. ഹൈക്കോടതി നിർദേശപ്രകാരമാണ് കേന്ദ്രസർക്കാർ സെൻട്രൽ ഡൽഹിയിൽ ഓഫീസിനുള്ള സ്ഥലം അനുവദിച്ചത്. ബംഗ്ലാവ് നമ്പർ 1, പണ്ഡിറ്റ് രവിശങ്കർ ശുക്ല ലെയ്ൻ എന്നാണ് പുതിയ മേൽവിലാസം. നേരത്തെ റോസ് അവന്യൂവിലായിരുന്നു എ.എ.പിയുടെ ഓഫീസ്. എന്നാൽ ഡൽഹി ഹൈക്കോടതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സ്ഥലം ഉപയോഗിക്കാൻ തീരുമാനിച്ചതോടെ ഇവിടം ഒഴിയാൻ എ.എ.പിക്ക് സുപ്രീം കോടതി നിർദേശം നൽകിയിരുന്നു.

# കൊമ്പുകോർത്ത് ഭരണ-പ്രതിപക്ഷ അംഗങ്ങൾ

### ബജറ്റ് ചർച്ചക്കിടെ പാർലമെന്റ് ഒന്നിലധികം തവണ തടസ്സപ്പെട്ടു

ന്യൂഡൽഹി: ബജറ്റ് ചർച്ചക്കിടെ ഭരണ- പ്രതിപക്ഷ ഏറ്റുമുട്ടലിൽ പാർലമെന്റിന്റെ ഇരുസഭകളും തടസ്സപ്പെട്ടു. ഒന്നിലധികം തവണ സഭ നിർത്തിവച്ചു. കേന്ദ്ര ബജറ്റിലെ വിവേചനത്തിനെതിരെയും കർഷക അവഗണനക്കെതിരെയും പ്രതിപക്ഷം ആഞ്ഞടിച്ചു.

പഞ്ചാബിൽ നിന്നുള്ള അംഗങ്ങളായ ചരൺജിത് സിങ് ഛന്നിയും(കോൺഗ്രസ്) കേന്ദ്ര സഹമന്ത്രി രൺവീത് സിങ് ബിട്ടുവും തമ്മിലുണ്ടായ വാഗ്വാദം സഭയെ ബഹളത്തിൽ മുക്കി. ഛന്നി ഉന്നയിച്ച ആരോപണങ്ങൾക്ക് രൺവീത് വ്യക്തിപരമായ അധിക്ഷേപങ്ങളോടെ മറുപടി പറയാൻ ശ്രമിച്ചതാണ് സഭയെ പ്രക്ഷുബ്ധമാക്കിയത്. കൊല്ലപ്പെട്ട പഞ്ചാബ് മുൻ മുഖ്യമന്ത്രി ബിയാന്ത് സിങിന്റെ പേരു പറഞ്ഞ് ബിയന്ത് സിങിന്റെ പേരക്കുട്ടി കൂടിയായ രൺവീതിനെ ഛന്നി വിമർശിച്ചതാണ് തുടക്കം. കോൺഗ്രസ് വിട്ട് രൺവീത് അടുത്തിടെയാണ് ബി.ജെ.പിയിൽ ചേക്കേറിയത്. വിമർശനങ്ങൾക്ക് മുമ്പിൽ ഉത്തരം മുട്ടിയ കേന്ദ്രമന്ത്രി ഛന്നിയേയും സോണിയാഗാന്ധിയേയും വ്യക്തിപരമായി അധിക്ഷേപിക്കുന്ന പരാമർശം നടത്തി. ഇതോടെ പ്രതിപക്ഷ ബെഞ്ച് ഒന്നടങ്കം ഭരണപക്ഷത്തിനെതിരെ തിരിഞ്ഞു. ഇതോടെ സഭ നിർത്തിവെക്കുന്നതായി ചെയറിലുണ്ടായിരുന്ന ബി.ജെ.പി അംഗം സന്ധ്യാ റായ് പറഞ്ഞു.

രണ്ടു മണിക്ക് സഭ വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷ ബഹളം തുടർന്നു. ഇതോടെ സഭ്യേതര പരാമർശം രേഖകളിൽ നീക്കി ചർച്ച തുടരണമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് ചെയറിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം സ്പീക്കർ ഓംബിർള അംഗീകരിച്ചതോടെയാണ് സഭ ശാന്തമായത്. സഭയുടെ അന്തസ്സ് മാനിച്ച് അംഗങ്ങൾ പെരുമാറണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചു.

കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾ സർക്കാർ ലംഘിച്ചെന്ന് ഛന്നി സഭയിൽ ആരോപിച്ചു. അതേസമയം കോൺഗ്രസ് അംഗം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണെന്ന വാദവുമായി വാണിജ്യ വകുപ്പ് മന്ത്രി പിയൂഷ് ഗോയൽ രംഗത്തെത്തി. തൊട്ടു പിന്നലെ ഭരണപക്ഷം ബഹളം തുടങ്ങി. സംസ്ഥാനങ്ങളോടുള്ള ബജറ്റിലെ അവഗണനക്കെതിരെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിപക്ഷ മുന്നണി അംഗങ്ങൾ സഭയിൽ ആഞ്ഞടിച്ചു.

### ഹിമാചലിൽ മേഘവിസ്ഫോടനം; ഗുജറാത്തിൽ വെള്ളപ്പൊക്കം

ഷിംല: ഹിമാചൽ പ്രദേശിലെ മണാലിയിൽ ഉണ്ടായ മേഘവിസ്ഫോടനത്തെത്തുടർന്ന് മിന്നൽ പ്രളയം. പ്രളയത്തിൽ കേടുപാടുണ്ടായ ലേ-മണാലി റോഡ് അടച്ചതോടെ ഗതാഗതം മുടങ്ങി. ബുധനാഴ്ച രാത്രിയിലായിരുന്നു മേഘവിസ്ഫോടനം. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ജൂൺ 27ന് മൺസൂൺ ആരംഭിച്ചത് മുതൽ സംസ്ഥാനത്ത് ഇതുവരെ 49 പേർ മരിച്ചു. 389 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. ഗുജറാത്തിൽ ബുധനാഴ്ച 8 പേർ മരിച്ചു. ഇതോടെ മഴക്കെടുതിയിൽ സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണം 61 ആയി. സൂറത്തി ൽ ആയിരത്തോളം പേരെ മാറ്റിപ്പാർപ്പിച്ചതായി മുനിസിപ്പൽ കോർപറേഷൻ അറിയിച്ചു.

# മഹാരാഷ്ട്രയെ വിറപ്പിച്ച് മഴ

### നാല് മരണം, രക്ഷാപ്രവർത്തനത്തിന് സൈന്യം

മുംബൈ: കനത്ത മഴയേത്തുടർന്ന് മഹാരാഷ്ട്രയിലെ വിവിധയിടങ്ങളിൽ വ്യാപക നാശനഷ്ടം. മുംബൈ, പൂനെ, താനെ, പാൽഘർ തുടങ്ങിയ പല നഗരങ്ങളും വെള്ളത്തിൽ മുങ്ങി. വെള്ളക്കെട്ട് റോഡ്, റെയിൽ, വ്യോമ ഗതാഗതങ്ങളെ ബാധിച്ചു. മുംബൈ, താനെ, പൂനെ, റായ്ഗഡ്, പാൽഘർ ജില്ലകളിൽ ഇന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ചതിനാൽ സ്കൂളുകൾക്കും കോളേജുകൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്നലെ പുലർച്ചെ 4 നും ഉച്ചയ്ക്ക് 1 നും ഇടയിൽ മുംബൈയിലെ പല പ്രദേശങ്ങളിലും 100 മില്ലിമീറ്ററിലധികം മഴ പെയ്തതായി അധികൃതർ അറിയിച്ചു. അന്ധേരിയിലെ മൽപ ഡോംഗ്രി പ്രദേശത്താണ് ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്- 157 മില്ലീമീറ്റർ. പവായിലെ പാസ്പോളിയിൽ 155 മില്ലീമീറ്ററും ദിൻദോഷിയിൽ 154 മില്ലീമീറ്ററും മഴ ലഭിച്ചു. പൂനെയിലെ പിംപ്രിചിഞ്ച്‌വാഡിലെ നിരവധി ജനവാസ കേന്ദ്രങ്ങൾ വെള്ളത്തിനടിയിലായി. പൂനെ ജില്ലയിൽ മഴക്കെടുതിയിൽ നാല് പേർ മരിച്ചു. നഗരത്തിലെ ഡെക്കാൻ പ്രദേശത്ത് വൈദ്യുതാഘാതമേറ്റ് മൂന്ന് പേർ മരിച്ചു. വെള്ളക്കെട്ടിൽ കുടുങ്ങിയ ഉന്തുവണ്ടി തള്ളിനീക്കുന്നതിനിടെ വൈദ്യുതി ലൈൻ പൊട്ടിവീണ് ഷോക്കേൽക്കുകയായിരുന്നു. തഹ്മിനി ഘട്ടിലുണ്ടായ മണ്ണിടിച്ചിലിലാണ് ഒരാൾ മരിച്ചത്. ഒരാൾക്ക് പരിക്കേറ്റു.



*കനത്ത മഴയിൽ വെള്ളം കയറിയതിനെ തുടർന്ന് പൂനെയിലെ അപ്പാർട്ട്മെന്റിൽ നിന്നും താമസക്കാരെ ഒഴിപ്പിക്കുന്നു*

ദുരിതബാധിതരെ ഒഴിപ്പിക്കാനും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനും പൂനെയിൽ സൈന്യത്തെ വിന്യസിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ കൃത്യമായി നിരീക്ഷിച്ചുവരികയാണെന്നും ജനങ്ങളെ എയർലിഫ്റ്റ് ചെയ്യാനുള്ള നിർദേശം നൽകിയിട്ടുണ്ടെന്നും ഏക്നാഥ് ഷിൻഡെ അറിയിച്ചു. കാലാവസ്ഥ മോശമായതോടെ നിരവധി വിമാന സർവീസുകളും തടസപ്പെട്ടു. ചില സർവീസുകൾ റദ്ദാക്കിയതായും ചിലത് വഴിതിരിച്ചുവിട്ടതായും എയർ ഇന്ത്യ അറിയിച്ചു. വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് സർവീസിന്റെ സമയക്രമം പരിശോധിക്കാൻ വിമാനക്കമ്പനികൾ യാത്രക്കാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

# അധികാരമില്ലാത്തിടത്ത് കൈകടത്തരുത്; വസുകിയുടെ നിയമനത്തിൽ ഇടഞ്ഞ് കേന്ദ്രം

ന്യൂഡൽഹി: വിദേശ സഹകരണത്തിന് കേരളം സ്വന്തം നിലയിൽ ഉദ്യോഗസ്ഥയെ നിയമിച്ചതിനെതിരെ എതിർപ്പ് കടുപ്പിച്ച് കേന്ദ്ര സർക്കാർ. വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വിഷയം ആണെന്ന് ചൂണ്ടികാട്ടിയ വിദേശകാര്യ മന്ത്രാലയം, കെ വസുകി ഐ. എ.എസിന്റെ പുതിയ നിയമനത്തിൽ കേരളത്തിന് താക്കീതും നൽകി. കേന്ദ്ര വിഷയങ്ങളിൽ കൈകടത്തരുതെന്ന താക്കീതാണ് കേരളത്തിന് നൽകിയിരിക്കുന്നത്. വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര ലിസ്റ്റിൽ മാത്രമുള്ളതാണ്. സംസ്ഥാന ലിസ്റ്റിലോ കൺകറന്റ് ലിസ്റ്റിലോ വിഷയം വരുന്നില്ല.



ഇത്തരം വിഷയങ്ങളിൽ സംസ്ഥാനം ഇടപെടുന്നത് അതിരു കടന്ന അധികാര പ്രയോഗമാണെന്നും ഭരണഘടനാപരമായ പരിധി വിട്ടു പ്രവർത്തിക്കരുതെന്നും വിദേശകാര്യ മന്ത്രാലയം സംസ്ഥാനത്തിന് മുന്നറിയിപ്പു നൽകി. വിദേശ സഹകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ചുമതലയുള്ള സെക്രട്ടറിയായി വസുകിയെ നിയമിച്ച് ജൂലൈ 15നാണ് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത്. നടപടി വിവാദമായതോടെ വിദേശ സഹകരണം നേരത്തെ തന്നെ നിലവിലുള്ളതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലക്കായിരുന്നു ഇതിന്റെ ചുമതലയെന്നും വിശദീകരിച്ച് ചീഫ് സെക്രട്ടറി ഡോ. വി വേണു രംഗത്തെത്തിയിരുന്നു. സുമൻ ബില്ല കേന്ദ്ര സർവീസിലേക്ക് മടങ്ങിയതോടെയാണ് വസുകിക്ക് അധിക ചുമതലായി വിദേശ വിഷയം നൽകിയതെന്നാണ് ചീഫ് സെക്രട്ടറിയുടെ വാദം.

വിദേശ രാജ്യങ്ങളിൽ നിന്നു വരുന്ന പ്രതിനിധികളുമായി മികച്ച ഏകോപനം ഉറപ്പാക്കുകയാണ് പുതിയ സെക്രട്ടറിയെ നിയമിക്കുന്നതിന്റെ ലക്ഷ്യമെന്നായിരുന്നു വിശദീകരണം.

# ഷിരൂരിലെ മണ്ണിടിച്ചിൽ; ശരവണിന്റെ മൃതദേഹം തിരിച്ചറിഞ്ഞു

### ഇനി കണ്ടെത്താനുള്ളത് അർജുനേയും ഒരു കർണാടക സ്വദേശിയേയും

അങ്കോല: ഷിരൂരിലെ മണ്ണിടിച്ചിൽ ദുരന്ത സ്ഥലത്തുനിന്ന് കണ്ടെടുത്ത് മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ശരീരഭാഗങ്ങൾ തമിഴ്നാട് സ്വദേശി ശരവണന്റേതെന്ന് സ്ഥിരീകരിച്ചു. ഡി.എൻ.എ പരിശോധന വഴിയാണ് മൃതദേഹം തിരിച്ചറിഞ്ഞതെന്ന് കാർവാർ എം.എൽ.എ സതീഷ് ചന്ദ്ര സെയിൽ പറഞ്ഞു. ദുരന്തത്തിൽ അകപ്പെട്ട ടാങ്കർ ലോറിയുടെ ഡ്രൈവറായിരുന്നു ശരവണൻ.

ടാങ്കർ നേരത്തെ ദുരന്ത സ്ഥലത്തുനിന്ന് എട്ടു കിലോമീറ്റർ അകലെ കരക്കടുപ്പിച്ചിരുന്നെങ്കിലും ക്യാബിൻ ഇതുവരെ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് സ്വദേശി അർജുനേയും ഒരു കർണാടക സ്വദേശിയേയുമാണ് ഇനി കണ്ടെത്താനുള്ളത്. ശരവണന്റെ അമ്മ കഴിഞ്ഞ ദിവസം ഷിരൂരിലെത്തി ഡി.എൻ.എ സാമ്പിൾ നൽകി മടങ്ങിയിരുന്നു.

മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹത്തിന്റെ ഡി.എൻ.എ പരിശോധനാഫലവും ശരവണന്റെ അമ്മയുടെ ഡി.എൻ.എ ഫലവും ഒത്തുവന്നതോടെയാണ് മൃതദേഹം ശരവണന്റേതാണെന്ന് സ്ഥിരീകരിച്ചത്. അമ്മാവൻ സെന്തിൽ കുമാർ ദുരന്തസ്ഥലത്ത് ക്യാമ്പുചെയ്യുന്നുണ്ട്. മൃതദേഹം ഉടൻ കുടുംബത്തിനു വിട്ടുനൽകുമെന്നാണ് വിവരം. ദുരന്തമുണ്ടായ സ്ഥലത്ത് അന്ന് രാവിലെ 7.30ഓടെയാണ് ലോറിയുമായി ശരവണൻ എത്തിയത്. ദാർവാഡിൽ ചരക്ക് ഇറക്കി മടങ്ങിവരികയായിരുന്നു.

# കലങ്ങിമറിഞ്ഞ് കുത്തിയൊലിച്ച് ഗംഗാവലി; വെല്ലുവിളിയായി കനത്ത മഴയും കാറ്റും

അങ്കോല: ഉത്തര കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി ട്രക്ക് ഡ്രൈവർ അർജുനനെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഇന്നലെയും ലക്ഷ്യം കണ്ടില്ല. കനത്ത കാറ്റും മഴയും തുടരുന്നതും കലങ്ങിമറിച്ച്, കുത്തിയൊലിക്കുന്ന ഗംഗാവലിയും രക്ഷാദൗത്യത്തിന് ഒരുപോലെ വെല്ലുവിളി തീർക്കുകയാണ്. അതേസമയം അർജുൻ ഓടിച്ചിരുന്ന ലോറി കിടക്കുന്ന സ്ഥലം സംബന്ധിച്ച് കൂടുതൽ വ്യക്തതയുള്ള വിവരങ്ങൾ ഇന്നലെ ശാസ്ത്രീയ പരിശോധനയിലൂടെ ലഭിച്ചു.

റിട്ട. മലയാളി മേജർ ഇന്ദ്രബാലിന്റെ നേതൃത്വത്തിൽ അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തിയ തിരച്ചിലിലാണ് ലോറിയുടെ സ്ഥാനം സംബന്ധിച്ച് കൂടുതൽ വ്യക്തത ലഭിച്ചത്. ലോറിയുടേതെന്ന് കുരുതുന്ന ഭാഗങ്ങൾ വെള്ളത്തിനടിയിലുണ്ടെന്ന് കഴിഞ്ഞ ദിവസം സൂചന ലഭിച്ചിരുന്നെങ്കിലും പൂർണമായും സ്ഥിരീകരിക്കാൻ കഴിഞ്ഞില്ലെന്ന് ഇന്ദ്രബാൽ മാധ്യമങ്ങളോട് പറഞ്ഞു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനാണ് കർണാടക സർക്കാർ തങ്ങളുടെ സഹായം തേടിയത്. റോഡിന്റെ സുരക്ഷാ കവചം, ടവർ, അർജുൻ ഓടിച്ച ലോറി, അപകടത്തി ൽ പെട്ട ടാങ്കർ ലോറിയുടെ ക്യാബിൻ എന്നിവയാണ് പ്രധാനമായും കണ്ടെത്താനുള്ളത്.

ഇവ നാലും വെള്ളത്തിനടിയിലാകാമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ തിരച്ചിൽ ആരംഭിച്ചതെന്ന് ഇന്ദ്രബാൽ പറഞ്ഞു. ഡ്രോണിൽ ഘടിപ്പിച്ച സോണാർ സിഗ്നൽ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തിയ നിരീക്ഷണത്തിൽ രാവിലെ രണ്ട് ലൊക്കേഷനുകൾ ലഭിച്ചു. ഉച്ചക്ക് ശേഷം മൂന്നാമതൊരു സ്പോട്ട് കൂടി കണ്ടെത്തി. നദിയുടെ ഏറ്റവും അടിത്തട്ടിലാണ് മൂന്നാമത്തെ സ്പോട്ട്. ഇത് ട്രക്ക് ആകാം എന്നാണ് ശക്തമായ നിഗമനം.

ദുരന്തസ്ഥലത്തുനിന്ന് അൽപ്പം അകലെയാണ് മൂന്നാമത്തെ സ്പോട്ട്. സാധരാണ ഗതിയിൽ ലോഡ് ഉള്ള വാഹനങ്ങൾ ഇത്ര ദൂരം നീങ്ങാൻ ഇടയില്ല. ലോറിയിൽ കയറ്റിയ മരങ്ങൾ കയറുകൊണ്ട് നന്നായി ബന്ധിച്ചിരുന്നതിനാൽ ഇത് വേർപെട്ടുപോകാൻ ഇടയില്ല എന്നായിരുന്നു ഇതുവരെയുള്ള നിഗമനം. എന്നാൽ പുഴയിൽ വീണ ശേഷം മരങ്ങൾ വേർപ്പെട്ടിട്ടുണ്ടാകാം എന്ന നിഗമനം ശരിവെക്കുന്ന തരത്തിൽ പുഴയിൽ നിന്ന് മരത്തടികൾ ലഭിച്ചിട്ടുണ്ട്. ഇതായിരിക്കാം ലോറി നീങ്ങിപ്പോകാൻ കാരണം.

ട്രക്കിന്റെ ക്യാബിൻ തകരില്ല എന്നാണ് കണക്കു കൂട്ടലെങ്കിലും ഇക്കാര്യം ഇതുവരെ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. അർജുന്റെ ശരീരം ലോറിക്കുള്ളിൽ ഉണ്ടോ എന്ന് സ്ഥിരീകരിക്കാനും ഇതുവരെ കഴിഞ്ഞിട്ടില്ല. കലങ്ങിമറിഞ്ഞ പുഴയും അടിയൊഴുക്കും കാരണം നാവിക സേനയുടെ മുങ്ങൽ വിദഗ്ധർക്ക് ട്രക്കിന് അടുത്തേക്ക് എത്താൻ കഴിയാത്ത സാഹചര്യമാണ്. നാവിക സേനാ മുങ്ങൽ വിദഗ്ധരുടെ ഡിസൈൻഡ് കപ്പാസിറ്റി രണ്ട് നോട്ട്സാണ്. ജീവൻ രക്ഷിക്കാൻ വേണ്ടി മൂന്ന് നോട്സ് വരെ ഡൈവ് ചെയ്യാറുണ്ട്. എന്നാൽ ഗംഗാവലിയിലെ സ്പോട്ട് 6-7 നോട്ട് ആണ്. ഇവിടെ രക്ഷാ പ്രവർത്തനത്തിന് ഇറങ്ങുന്നത് ആത്മഹത്യക്കിറങ്ങുന്നതിന് സമാനമാണ്. അതിനാൽ ശക്തമായ മുന്നൊരുക്കങ്ങളോടെ മാത്രമേ ഡൈവർമാർക്ക് എന്തെങ്കിലും ചെയ്യാനാവൂ. മാത്രമല്ല, ദുരന്തം നടക്കുമ്പോൾ അർജുൻ ട്രക്കിന്റെ ക്യാബിനകത്ത് ആയിരുന്നോ പുറത്ത് ആയിരുന്നോ എന്നത് പൂർണമായും സ്ഥിരീകരിക്കാത്ത കാര്യമാണ്. ക്യാബിനകത്ത് അർജുൻ ഉണ്ടോ എന്ന് സ്ഥിരീകരിക്കുകയാണ് ആദ്യ ലക്ഷ്യം. അതിന് ഡ്രൈവർമാർക്ക് ക്യാബിനു സമീപം എത്താൻ കഴിയണം. അർജുനെ കൊണ്ടുവരണം. അതിനുള്ള ഒരു ഉത്തരം തങ്ങൾ നൽകിയിട്ടുണ്ട്. അർജുൻ അവിടെ ഉണ്ടെങ്കിൽ എങ്ങനെ തിരിച്ചു കൊണ്ടുവരണം എന്നത് ജില്ലാ ഭരണകൂടത്തിന്റെ കൈയിലാണ്- ഇന്ദ്രബാൽ കൂട്ടിച്ചേർത്തു.

രാത്രി വീണ്ടും തിരച്ചിൽ നടത്തുന്നുണ്ടെന്നും ഒന്നുകൂടി ഉറപ്പു വരുത്താൻ വേണ്ടിയാണിതെന്നും രക്ഷാ ദൗത്യം ഇന്നും തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### കെജ്‌രിവാളിന്റെ ജീവൻ രക്ഷിക്കൂ; 30ന് 'ഇന്ത്യ' റാലി

ന്യൂഡൽഹി: മദ്യനയ കേസിൽ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ആരോഗ്യനില മോശമാകുന്നത് ചൂണ്ടിക്കാട്ടി പ്രതിപക്ഷ സഖ്യമായ 'ഇന്ത്യ' മുന്നണി പ്രക്ഷോഭത്തിന്. ഈ മാസം 30ന് ജന്തർ മന്ദറിൽ പ്രതിപക്ഷം പ്രതിഷേധ റാലി സംഘടിപ്പിക്കും. ബി.ജെ.പി സർക്കാർ കെജ്‌രിവാളിന്റെ ആരോഗ്യം വെച്ച് പന്താടുകയാണെന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം. മാർച്ച് 21ന് കെജ്‌രിവാൾ അറസ്റ്റിലായത് മുതൽ അദ്ദേഹത്തിന്റെ ആരോഗ്യനില മോശമായതായി എ.എ.പി നേതാക്കൾ വ്യക്തമാക്കിയിരുന്നു. ജൂൺ 3 നും ജൂലൈ 7 നും ഇടയിൽ അദ്ദേഹത്തിന്റെ പഞ്ചസാരയുടെ അളവ് 26 തവണയാണ് കുറഞ്ഞത്. അദ്ദേഹത്തിന് കൃത്യമായ മരുന്നുകൾ നൽകുന്നില്ല. കെജ്‌രിവാളിനെ ജയിലിൽ വെച്ച് വധിക്കാൻ ബി.ജെ.പി ഗൂഢാലോചന നടത്തുകയാണെന്നും എ.എ.പി ആരോപിക്കുന്നു. കെജ്‌രിവാളിന്റെ അറസ്റ്റ് രാഷ്ട്രീയ പകപോക്കലാണെന്നാണ് ഇന്ത്യാ സഖ്യത്തിന്റെ നിലപാട്.

## പ്ലസ് വൺ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് റിസൾട്ട് ഇന്ന്

തിരുവനന്തപുരം: പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് റിസൾട്ട് ഇന്ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകുന്നവിധം പ്രസിദ്ധീകരിക്കും. മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരമുള്ള വിദ്യാർഥി പ്രവേശനം ജൂലൈ 29 ന് വൈകിട്ട് 4 മണി വരെ നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ www.admission.dge.kerala.gov.in ൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനൊപ്പം ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം ഹാജരാകണം. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷമുള്ള വേക്കൻസിയും മറ്റ് വിശദാംശങ്ങളും ജില്ല/ ജില്ലാന്തര സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫറിനായി ജൂലൈ 30 ന് ഉച്ചയ്ക്ക് 2 മണിക്ക് പ്രസിദ്ധീകരിക്കും.

## ഷാർജയിൽ ലാപ്ടോപുകൾ കടത്തിയ സംഘം പോലീസ് പിടിയിൽ

ഷാർജ: ഒരു മില്യൺ ദിർഹം വില വരുന്ന 1,840 ലാപ്ടോപുകൾ മോഷ്ടിച്ച സംഘം പോലീസ് പിടിയിൽ. കവർച്ച നടന്ന് 48 മണിക്കൂറിനുള്ളിൽ തന്നെ പ്രതികളെ ഷാർജ പോലീസ് അറസ്റ്റ് ചെയ്തു. ഒരു ട്രാൻസ്പോർട്ട് കമ്പനി ജീവനക്കാരനായിരുന്ന യുവാവ് ലാപ്ടോപുകളുമായി മറ്റൊരു സ്ഥാപനത്തിലേക്ക് പോകുന്നതിനിടെയാണ് ഒരു സംഘം പോലീസ് എന്ന് തെറ്റിദ്ധരിപ്പിച്ച് വാഹനം തടഞ്ഞത്. എന്നാൽ പിന്നീടാണ് അത് യഥാർത്ഥ പോലീസ് ആയിരുന്നില്ലെന്നും താൻ കബളിപ്പിക്കപ്പെട്ടെന്നും യുവാവ് മനസിലാക്കുന്നത്. തുടർന്ന് യുവാവ് പോലീസിൽ പരാതി നൽകി. പരാതി നൽകി 48 മണിക്കൂറിനുള്ളിൽത്തന്നെ തെരച്ചിൽ നടത്തിയ പോലീസ് പ്രതികളെ വലയിലാക്കി. അറബികളായ നാലംഗ സംഘമാണ് ലാപ്ടോപ് കടത്തിലിന് പിന്നിലെന്ന് പോലീസ് വ്യക്തമാക്കി. ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ഇവരെ കോടതിയിൽ ഹാജരാക്കുമെന്നും പോലീസ് വ്യക്തമാക്കി.

ഗൾഫ്/ കേരള വാർത്തകൾ

# കുവൈത്തിലെ അൽ ഷദ്ദാദിയയിൽ നിന്ന് റിയാദിലേക്ക് ട്രെയിൻ സർവീസ്

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി



കുവൈത്തിലെ അൽ ഷദ്ദാദിയയിൽ നിന്ന് സൗദി അറേബ്യയുടെ തലസ്ഥാന നഗരിയായ റിയാദ് വരെ നീളുന്ന റെയിൽ വെ റൂട്ടിന് അനുമതി. നാല് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുവൈത്തും സൗദി അറേബ്യയും തമ്മിലുള്ള റെയിൽവേ കണക്ഷൻ പദ്ധതിയെക്കുറിച്ച് പൊതുമരാമത്ത് മന്ത്രിയും മുനിസിപ്പൽ കാര്യ സഹമന്ത്രിയുമായ നൂറ അൽ മഷാൻ കഴിഞ്ഞ ദിവസം കുവൈത്ത് മന്ത്രിസഭയെ അറിയിച്ചു.

പ്രധാനമന്ത്രി ശൈഖ് അഹമ്മദ് അബ്ദുല്ല അൽ അഹമ്മദ് അൽ സബാഹിന്റെ അധ്യക്ഷതയിൽ ബയാൻ പാലസിൽ ചേർന്ന മന്ത്രിസഭയുടെ പ്രതിവാര യോഗത്തിലാണ് മഷാൻ പദ്ധതി അവതരിപ്പിച്ചതെന്ന് കുവൈത്തിന്റെ ഔദ്യോഗിക വാർത്താ ഏജൻസിയായ കുന റിപ്പോർട്ട് ചെയ്തു. സുസ്ഥിര റെയിൽവേ കണക്റ്റിവിറ്റി സജീവമാക്കാനും ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യാപാര വിനിമയവും സാമ്പത്തിക വളർച്ചയും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയുടെ പ്രാധാന്യം കാബിനറ്റ് ഊന്നിപ്പറഞ്ഞു. അതേസമയം, റെയിൽ ലിങ്ക് പദ്ധതിയും അതിന്റെ നിർവഹണ ഘട്ടങ്ങളും മറ്റ് വിശദാംശങ്ങളും ചർച്ച ചെയ്യാൻ സൗദി അറേബ്യയുടെ ഗതാഗത, ലോജിസ്റ്റിക് മന്ത്രി സാലിഹ് അൽജാസർ ഈ ആഴ്ച കുവൈത്ത് സന്ദർശിക്കുമെന്ന് കുവൈത്ത് മാധ്യമം റിപ്പോർട്ട് ചെയ്തു. സൗദി അറേബ്യകുവൈത്ത് 650 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേ ശൃംഖല ഇരു രാജ്യങ്ങളും തമ്മിലുള്ള യാത്രാ സമയം മൂന്ന് മണിക്കൂറായി ചുരുക്കും. ഈ പദ്ധതി ഗൾഫ് സഹകരണ കൗൺസിൽ (ജിസിസി) റെയിൽ ലിങ്ക് പദ്ധതിയിൽ നിന്ന് വ്യത്യസ്തമാണ്. നവംബർ 16ന് കുവൈത്ത് പൊതുമരാമത്ത് മന്ത്രാലയം, കുവൈറ്റും സൗദി അറേബ്യയും തമ്മിലുള്ള റെയിൽവേ ബന്ധത്തിന്റെ സാമ്പത്തിക, സാമ്പത്തിക, സാങ്കേതിക സാധ്യതകളെ കുറിച്ച് സമഗ്രമായ പഠനം നടത്താൻ SYSRTA സഖ്യവുമായി കരാറിൽ ഏർപ്പെട്ടിരുന്നു.

# ഷാർജ ദൈദിൽ തീപിടിത്തം നിരവധി കടകൾ കത്തിനശിച്ചു



ഷാർജ: ഇന്നലെ പുലർച്ചെ അൽ ദൈദ് ഫോർട്ടിലെ പൈതൃക ഗ്രാമത്തിലുണ്ടായ തീപിടിത്തത്തിൽ നിരവധി കടകൾ നശിച്ചതായി ഷാർജ സിവിൽ ഡിഫൻസ് അറിയിച്ചു. ആളപായമൊന്നും കൂടാതെ തീ നിയന്ത്രണവിധേയമാക്കിയതായി ഷാർജ സിവിൽ ഡിഫൻസ് അതോറിറ്റി ഡയറക്ടർ ജനറൽ കേണൽ സാമി അൽ നഖ്ബി പറഞ്ഞു. പുലർച്ചെ 3:14 നാണ് പരമ്പരാഗത മാർക്കറ്റിൽ തീപിടുത്തമുണ്ടായ വിവരം സിവിൽ ഡിഫൻസ് ഓപ്പറേഷൻ റൂമിൽ അറിയുന്നത്. സിവിൽ ഡിഫൻസ് ടീമുകൾ ഉടനടി സ്ഥലത്തെത്തി നടപടികൾ സ്വീകരിച്ചു. അഗ്നിശമന സേനാംഗങ്ങൾ ഉടൻ തീ നിയന്ത്രണ വിധേയമാക്കി, സമീപത്തെ കിയോസ്കുകളിലേക്ക് പടരുന്നത് തടഞ്ഞു. തീ അണച്ച ശേഷം, തീപിടിത്തത്തിന്റെ കാരണം കണ്ടെത്താൻ സമഗ്രമായ അന്വേഷണത്തിനായി ഫോറൻസിക് ലബോറട്ടറിയെ ഏൽപിച്ചു.

### ആഗോള കലാസൃഷ്ടികളുടെ വേദിയാകാനൊരുങ്ങി കൊച്ചി

# ഇന്തോ അറബ് സംസ്കാര വൈവിധ്യത്തിന്റെ പ്രദർശനം ഇന്നു മുതൽ

കൊച്ചി: കലാസൃഷ്ടികളുടെ മികവിന് ആഗോളവേദിയൊരുക്കി ദർബാർ ഹാളിൽ അന്താരാഷ്ട്ര ആർട്ട് എക്സ്ബിഷന് ഇന്ന് തുടക്കമാകും. കേരളത്തിലെയും അറബ് നാടുകളിലെയും കലാകാരൻമാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന റിസ്ഖ് ആർട്ട് ഇനിഷേറ്റീവിന്റെ നേതൃത്വത്തിലാണ് എക്സിബിഷൻ. അന്താരാഷ്ട്ര കലാസൃഷ്ടികളുടെ പ്രദർശനത്തിനൊപ്പം കേരളത്തിലെയും യുഎഇയിലെ കലാകാരൻമാരുടെ മികച്ച സൃഷ്ടികളും പ്രദർശനത്തിലുണ്ടാവും. കേരള ലളിത കലാ അക്കാദമിയും അബുദാബി സാംസ്കാരികടൂറിസം വകുപ്പും സംയുക്തമായാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്. ഇന്ന് രാവിലെ 10.30 ന് വ്യവസായ മന്ത്രി പി.രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്യും.

മുൻനിര അന്താരാഷ്ട്ര ചിത്രകാരൻമാർ എക്സിബിഷനിലെത്തും. പുതിയ കലാകാരൻമാർക്ക് ഇവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്താനും പാനൽ ചർച്ചകളുടെ ഭാഗമാകാനും അവസരമുണ്ട്. സമകാലിക അറബ് ആർട്ടുകൾ കൊണ്ട് ശ്രദ്ധേയരായ ബിയോണ്ട് എമേർജിങ്ങ് ആർട്ടിസ്റ്റുകളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കും. ഹാഷൽ അൽ ലംകി, അൽമഹാ ജറള, സാമോ ഷെലാബി, ലത്തീഫ സയീദ് തുടങ്ങിയ അറബ് കലാകാരൻമാരുടെ സൃഷ്ടികളാണ് പ്രദർശിപ്പിക്കുക. വെനീസ്, ഇറ്റലി എന്നിവടങ്ങളിലെ പ്രദർശത്തിന് പിന്നാലെയാണ് ബിയോണ്ട് എമേർജിങ്ങ് ആർട്ടിസിറ്റ്സ് കൊച്ചിയിൽ പ്രദർശനത്തിനെത്തുന്നത്. പ്രശസ്ത യുഎഇ കലാകാരനായ ഹാഷൽ അൽ ലംകി, ഡോ വെനീറ്റിയ പോർട്ടർ അടക്കം സാന്നിദ്ധ്യം വഹിച്ചിട്ടുള്ള ഗെറ്റ് വേ അന്താരാഷ്ട്ര എക്സബിബിഷനിലെ കലാകാരൻമാരും കൊച്ചിയിലെത്തും.

ഇന്തോ അറബ് സാംസ്കാരിക കൈമാറ്റത്തിന്റെ വേദികൂടിയായി മാറും എക്സിബിഷനെന്നും കേരളത്തിലെയും അറബ് നാടുകളിലെയും കലാകാരൻമാർക്ക് വലിയ പിന്തുണ നൽകുന്നത് കൂടിയാകും പ്രദർശനമെന്നും റിസ്ക് ഇനീഷേറ്റീവ് ഫൗണ്ടർ കൂടിയായ ഷഫീൻ യൂസഫലി അഭിപ്രായപ്പെട്ടു.

# ഒമാനിൽ 30 തൊഴിലുകളിൽ സ്വദേശിവത്കരണം



മസ്കത്ത്: സ്വകാര്യമേഖലയിൽ പൗരന്മാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനായി, പ്രവാസികളെ നിയമിക്കുന്നത് നിരോധിക്കുന്ന 30 പുതിയ തൊഴിലുകൾ തൊഴിൽ മന്ത്രാലയം ലിസ്റ്റ് ചെയ്തു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിലെ ഒരു പോസ്റ്റിൽ, ഒമാനികളെ അവർക്ക് അനുയോജ്യമായ ജോലി കണ്ടെത്താൻ പ്രാപ്തമാക്കുന്ന വിധത്തിൽ തൊഴിൽ വിപണിയെ നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള തീരുമാനങ്ങളുടെ ഒരു പരമ്പര മന്ത്രാലയം പ്രഖ്യാപിച്ചു. എന്നാൽ ഒമാനികൾ ചെയ്യേണ്ട തൊഴിലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

സെപ്റ്റംബറിൽ ഇത് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഈ തീരുമാനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമെന്ന് മന്ത്രാലയം അറിയിച്ചു. ഒമാനൈസേഷൻ ലക്ഷ്യങ്ങൾ പാലിക്കാത്ത സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ നിയമനടപടിക്ക് വിധേയമാവും. എല്ലാ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഒമാനൈസേഷൻ പാലിക്കുന്നുണ്ടെന്ന് തെളിയിക്കുന്ന ഒരു ഡിജിറ്റൽ സർട്ടിഫിക്കറ്റ് തൊഴിൽ മന്ത്രാലയത്തിൽ നിന്ന് നേടിയിരിക്കണം. എല്ലാ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളും തൊഴിലുകളിൽ കുറഞ്ഞത് ഒരു ഒമാനിയെയെങ്കിലും നിയമിക്കണം. സ്വദേശിവത്കരണം നടപ്പാക്കുന്ന സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടെന്നും അനുസരിക്കാത്ത സ്ഥാപനങ്ങൾക്ക് ഫീസ് ഇരട്ടിയാക്കുമെന്നും ഉറപ്പാക്കാൻ മന്ത്രാലയം വർക്ക് പെർമിറ്റ് ഫീസ് അവലോകനം ചെയ്യും. പൊതുതാൽപ്പര്യം സംരക്ഷിക്കുന്ന തീരുമാനങ്ങൾ പാലിക്കാൻ മന്ത്രാലയം എല്ലാ കമ്പനികളോടും ആവശ്യപ്പെട്ടു. ഗതാഗതം, കമ്മ്യൂണിക്കേഷൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഗതാഗതം, ലോജിസ്റ്റിക്സ്, കമ്മ്യൂണിക്കേഷൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ ഒമാനൈസേഷൻ വർധിപ്പിക്കാൻ കഴിഞ്ഞ ആഴ്ച നിരവധി സംരംഭങ്ങൾ ആവിഷ്കരിച്ചിരുന്നു. മന്ത്രാലയം 2025 മുതൽ 2027 അവസാനം വരെ ഒമാനികൾക്ക് മാത്രമായി പ്രത്യേക ജോലികൾ അനുവദിക്കും. 2024ൽ ഗതാഗത, ലോജിസ്റ്റിക് മേഖലയിൽ 20 ശതമാനവും കമ്മ്യൂണിക്കേഷൻസ്, ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ 31 ശതമാനവും ഒമാനൈസേഷനാണ് ലക്ഷ്യമിടുന്നത്. ഗതാഗത, ലോജിസ്റ്റിക്സ് മേഖലയിൽ 2025 മുതൽ 20 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലായിരിക്കും. ക്രമേണ വാർഷിക വർദ്ധനവ് 100 ശതമാനത്തിലെത്തും.

# സൗദിയിൽ 152 വനിതാ സിവിൽ ഡിഫൻസ് ഓഫീസർമാർ പാസിംഗ് ഔട്ട് നടത്തി



റിയാദ്: ജനറൽ ഡയറക്ടറേറ്റ് ഓഫ് സിവിൽ ഡിഫൻസിനു വേണ്ടി പരിശീലനം പൂർത്തിയാക്കിയ 152 വനിത ഓഫീസർമാരുടെ പാസിംഗ് ഔട്ട് നടത്തി. സിവിൽ ഡിഫൻസ് സേവനങ്ങൾ, സുരക്ഷാ പ്രവർത്തനങ്ങൾ, ഫയർ പ്രൊട്ടക്ഷൻ എന്നിവയ്ക്കുള്ള അടിസ്ഥാന പരിശീലനവും, വൈദഗ്ധ്യവും ലഭിക്കുന്ന കോഴ്സാണ് പൂർത്തീകരിച്ചത്. ഈ മേഖലയിൽ പ്രാവിണ്യം നേടിയതു കൊണ്ട് തന്നെ ഫീൽഡ് സേഫ്റ്റി, പ്രിവന്റീവ് സൂപ്പർവിഷൻ സെന്ററുകളിലും ജനറൽ ഡയറക്ടറേറ്റ് ഓഫ് സിവിൽ ഡിഫൻസിലെ അഡ്മിനിസ്ട്രേറ്റീവ് ജോലികളിലും സേവനം ചെയ്യും. റിയാദിലെ ഡയറക്ടറേറ്റ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സിവിൽ ഡിഫൻസ് ആക്ടിങ് ഡയറക്ടർ ജനറൽ മേജർ ജനറൽ ഡോ ഹമൂദ് ബിൻ സുലൈമാൻ അൽ ഫറജ് പങ്കെടുത്തു.

### സാങ്കേതിക സർവകലാശാലക്ക് 378 കോടിയുടെ ബജറ്റ്

# എഞ്ചിനീയറിങ് കോളജുകളിൽ ഇൻഡസ്ട്രിയൽ റിസർച്ച് പാർക്ക്

തിരുവനന്തപുരം: വിദ്യാർഥികളിൽ സംരംഭകത്വ താൽപര്യം വളർത്തുന്നതിന് രൂപം നൽകിയ കാമ്പസ് ഇൻഡസ്ട്രിയൽ റിസർച്ച് പാർക്ക് പദ്ധതി എൻജിനീയറിങ് കോളജുകളിൽ ആരംഭിക്കാൻ സാങ്കേതിക സർവകലാശാലയുടെ ബജറ്റ്. 10 കോടി രൂപയാണ് ഇതിനായി പുതിയ ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. 234 കോടി രൂപ വരവും 378 കോടി രൂപ ചിലവും 144 കോടി രൂപയുടെ കമ്മിയും പ്രതീക്ഷിക്കുന്ന ബജറ്റ് ധനകാര്യ സമിതി അധ്യക്ഷൻ ഡോ.പി.കെ. ബിജുവാണ് ബോർഡ് ഓഫ് ഗവർണേഴ്സ് യോഗത്തിൽ അവതരിപ്പിച്ചത്.

നാല് പി.ജി പഠന വകുപ്പുകൾ ഈ വർഷം മുതൽ ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റി ചെയർ സ്ഥാപിക്കും. 1.4 കോടി രൂപയാണ് ഇതിനായി ചിലവഴിക്കുന്നത്. അക്കാദമിക പ്രഭാഷണങ്ങൾ, ഗവേഷണം, പൊതു പ്രഭാഷണങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവയിൽ ചെയർ പങ്കാളിയാകും. വിളപ്പിൽശാലയിൽ അന്താരാഷ്ട്ര ശാസ്ത്ര വ്യപാര പ്രദർശന കേന്ദ്രം സ്ഥാപിക്കും. ഇതിനായി 50 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചു.

എഡ്യു-ടെയ്ൻമെൻറ് മേഖലയെ ശാക്തീകരിക്കുന്നതിന് 1.25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആനിമേഷൻ, വിഷൽ ഇഫക്റ്റുകൾ, ഗെയിമിംഗ്, കോമിക്സ്, എക്സ്ടെൻഡഡ്റിയാലിറ്റിഎന്നിവയിലാണ് തുക ചിലവഴിക്കുക. അടിസ്ഥാന സൗകര്യങ്ങൾ, ലാബുകൾ, നവീകരണം, ഗവേഷണം, നൈപുണ്യ പരിശീലന പരിപാടികൾ എന്നിവക്കാണ് തുക ചിലവഴിക്കുക. ചോദ്യപേപ്പറുകളുടെ സമഗ്രമായ ഒരു ശേഖരം വികസിപ്പിക്കുന്നതിനായി ഓട്ടോമേറ്റഡ് ചോദ്യ ബാങ്ക് വികസിപ്പിക്കാൻ 2 കോടി രൂപ ചിലവഴിക്കും. അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകർക്ക് മുൻപേ അതാത് വിഷയങ്ങളിലെ വിദഗ്ധരും ചോദ്യങ്ങൾ ഉണ്ടാക്കും.

ഔട്ട്റീച്ച് പ്രോഗ്രാമുകൾക്കായി യൂണിവേഴ്സിറ്റി 10 സോഷ്യൽ ലാബുകൾ നിർമ്മിക്കും. തൊഴിൽ അവസരങ്ങളും തൊഴിൽ സംബന്ധിയായ വിവരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കരിയർ പോർട്ടൽ സർവകലാശാല ആരംഭിക്കും. 50 ലക്ഷം രൂപ ഇതിനായി മാറ്റിവച്ചു. അഫിലിയേറ്റഡ് കോളജുകളുടെ മികവ് ഉറപ്പു വരുത്താൻ 2 കോടി രൂപ ചിലവഴിക്കും. അന്താരാഷ്ട്ര ഹോസ്റ്റൽ, അതിഥി മന്ദിരം, സർവകലാശാല ഡാറ്റ സെന്റർ എന്നിവക്കായി 10 കോടി രൂപ വീതം ചിലവഴിക്കും. കോഴ്സ് കാലയളവിൽ ഒരു സ്റ്റാർട്ടപ്പ് ആരംഭിച്ച് ഉൽപ്പന്നം പുറത്തിറക്കുന്ന വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് നൽകാനും തീരുമാനമായി.

# നിപ എട്ടു പേരുടെ ഫലം നെഗറ്റീവ്

▲ ഡിസ്ചാർജ് ചെയ്യപ്പെട്ടവർ ഐസൊലേഷനിൽ തുടരണം
▲ പാണ്ടിക്കാടും ആനക്കയത്തും ഭവനസന്ദർശനം പൂർത്തീകരിച്ചു

മലപ്പുറം: നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തുവന്ന എട്ടു സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതുവരെയായി ആകെ 66 സാമ്പിളുകളാണ് നെഗറ്റീവായത്. മലപ്പുറം കലക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ വൈകീട്ട് ചേർന്ന നിപ അവലോകന യോഗത്തിൽ ആരോഗ്യമന്ത്രി ഓൺലൈനായി പങ്കെടുത്തു.

ഇന്നലെ രണ്ടുപേർ കൂടി അഡ്മിറ്റായിട്ടുണ്ട്. ഒരാൾ കോഴിക്കോട് മെഡിക്കൽ കോളജിലും ഒരാൾ മഞ്ചേരിയിലും. ആകെ എട്ടുപേരാണ് ഇപ്പോൾ മഞ്ചേരി, കോഴിക്കോട് മെഡിക്കൽ കോളജുകളിൽ അഡ്മിറ്റായി ചികിത്സ തുടരുന്നത്. ആശുപത്രികളിൽ ഡിസ്ചാർജ് ചെയ്യപ്പെട്ടവർ നിർബന്ധമായും ഐസൊലേഷനിൽ തുടരണം. കോൺടാക്ട് ദിവസം മുതൽ തുടർച്ചയായ 21 ദിവസമാണ് ഐസൊലേഷൻ. ഇത് ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവരും മാസ്ക് ധരിക്കുന്നത് തുടരണമെന്നും മന്ത്രി അഭ്യർഥിച്ചു. ഇന്ന് പുതുതായി ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ സമ്പർക്ക പട്ടികയിലുള്ളവരുടെ എണ്ണം 472 ആണ്. ഇതിൽ 220 പേരാണ് ഹൈറിസ്ക് വിഭാഗത്തിലുള്ളത്. പാണ്ടിക്കാട്, ആനക്കയം ഗ്രാമ പഞ്ചായത്തുകളിൽ പനി സർവേയുടെ ഭാഗമായുള്ള ഭവനസന്ദർശനം ഇന്നലത്തോടെ പൂർത്തീകരിച്ചു. ആനക്കയത്ത് 1303 വീടുകളിലും പാണ്ടിക്കാട് 174 വീടുകളിലും ആയി ആകെ 1477 വീടുകളിലാണ് ഇന്ന് പനി സർവേ നടത്തിയത്. ഇതിൽ പാണ്ടിക്കാട് 23 പനി കേസുകളും ആനക്കയത്ത് 22 പനി കേസുകളും റിപ്പോർട്ട് ചെയ്തു. ഇവരാരും പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉള്ളവരല്ല. ആകെ 27908 വീടുകളിലാണ് ഇതുവരെ സർവേ നടത്തിയത്. 227 പേർക്ക് ഇന്ന് മാനസിക പിന്തുണക്കായി കൗൺസിലിങ് നൽകിയിട്ടുണ്ട്.

നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ സർക്കാരിന്റെ ടെലി മെഡിസിൻ സംവിധാനമായ ഇ സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. നിപ പ്രതിരോധവുമായി ബന്ധപ്പെട്ട് ഇ സഞ്ജീവനിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഒ.പി.ഡി ആരംഭിച്ചിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് ആശുപത്രിയിൽ പോകാതെ ഡോക്ടറുടെ സേവനം തേടാൻ ഇതിലൂടെ സാധിക്കും. 14 പേർ ഇന്ന് ഈ സേവനം ഉപയോഗപ്പെടുത്തി.

കലക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കലക്ടർ വി.ആർ വിനോദ്, ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക പങ്കെടുത്തു.

## പ്രതിരോധത്തിന് ഇ സഞ്ജീവനിയിൽ പ്രത്യേക ഒപി ക്ലിനിക്

തിരുവനന്തപുരം: മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ സർക്കാരിന്റെ ടെലി മെഡിസിൻ സംവിധാനമായ ഇ സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തി. നിപയുടെ തുടക്കം മുതൽ ഇ സഞ്ജീവനി വഴി ഓൺലൈൻ കൺസൾട്ടേഷൻ നൽകിയിരുന്നു. ഇത് കൂടാതെയാണ് നിപ പ്രതിരോധവുമായി ബന്ധപ്പെട്ട് ഇ സഞ്ജീവനിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഒപിഡി ആരംഭിച്ചത്. നിപയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് ആശുപത്രിയിൽ പോകാതെ ഡോക്ടറുടെ സേവനം തേടാൻ ഇതിലൂടെ സാധിക്കും. ഇതുകൂടാതെ മറ്റ് അസുഖങ്ങൾക്ക് പ്രത്യേക ഒപി വിഭാഗങ്ങളും ലഭ്യമാണ്.

ആശുപത്രി സന്ദർശനം ഒഴിവാക്കി വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ചികിത്സ തേടാൻ കഴിയുന്ന സംവിധാനമാണ് ഇ സഞ്ജീവനി പ്ലാറ്റ്ഫോമിൽ ഒരുക്കിയിരിക്കുന്നത്. സാധാരണ ഒപിക്ക് പുറമേ എല്ലാ ദിവസവും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഇ സഞ്ജീവനി ടെലിമെഡിസിൻ പ്ലാറ്റ്ഫോമിലൂടെ ത്രിതല ഹബ്ബ് ആന്റ് സ്പോക്ക് സംവിധാനം വഴി ഡോക്ടർ ടു ഡോക്ടർ സേവനവും ലഭ്യമാണ്.

**എങ്ങനെ വീട്ടിലിരുന്ന് ഡോക്ടറെ കാണാം?**

ആദ്യമായി https://esanjeevani.mohfw.gov.in എന്ന ഓൺലൈൻ വെബ് സൈറ്റ് സന്ദർശിക്കുകയോ അല്ലെങ്കിൽ ഇ സഞ്ജീവനി ആപ്ലിക്കേഷൻ മൊബൈലിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണോ, കമ്പ്യൂട്ടറോ, ടാബോ ഉണ്ടെങ്കിൽ https://esanjeevani.mohfw.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കാം.

Patient എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്ത ശേഷം ഉപയോഗിക്കുന്ന മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. തുടർന്ന് ലഭിക്കുന്ന ഒടിപി നമ്പർ ഉപയോഗിച്ചു ലോഗിൻ ചെയ്യുക. അതിനു ശേഷം consult now എന്ന ഐക്കൺ ക്ലിക്ക് ചെയ്ത ശേഷം chief complaints എന്ന ഓപ്ഷനിൽ നിങ്ങളുടെ പ്രധാനപ്പെട്ട രോഗ ലക്ഷണങ്ങൾ രേഖപ്പെടുത്തുക.

അതിനു ശേഷം സേവ് & നെക്സ്റ്റ് എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുകയും രേഖപ്പെടുത്തിയ രോഗ ലക്ഷണവുമായി ബന്ധപ്പെട്ട തുടർ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരങ്ങൾ നൽകുകയും ചെയ്യുക. തുടർന്ന് വലതു വശത്തെ arrow mark ൽ ക്ലിക്ക് ചെയ്ത ശേഷം query option നിർബന്ധമായും ഫിൽ ചെയ്യുക.

അടുത്തതായി വരുന്ന Within state only എന്ന ഓപ്ഷൻ കൊടുക്കുകയും NIPAH OPD സെലക്ട് ചെയ്യുകയും ചെയ്യുക. തുടർന്ന് ഡോക്ടറെ സെലക്ട് ചെയ്ത് കോൾ ചെയ്ത ശേഷം രോഗ വിവരങ്ങൾ പറഞ്ഞ് കൺസൾട്ടേഷൻ പൂർത്തിയാക്കാം.

ഒപി കൺസൾട്ടേഷൻ പൂർത്തിയാക്കിയ ശേഷം ഡോക്ടറുടെ കുറിപ്പടി ഡൗൺലോഡ് ചെയ്ത് തൊട്ടടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും നിർദേശിച്ചിട്ടുള്ള മരുന്നുകൾ വാങ്ങാനും ലാബ് പരിശോധനകൾ നടത്താനും സാധിക്കും.

## തർഹീബ്: ദാറുൽഹുദാ ഫ്രഷേഴ്സ് ഗ്രാന്റ് മീറ്റപ്പ്

തിരൂരങ്ങാടി: ദാറുൽഹുദാ സെക്കന്ററി ഒന്നാം വർഷ വിദ്യാർഥികളുടെ സംഗമം 'തർഹീബ്' സമാപിച്ചു. ദാറുൽഹുദാ സംവിധാനത്തിൽ 2024-25 വർഷം അഡ്മിഷൻ നേടിയ കേരളത്തിലെ 27 സ്ഥാപനങ്ങളിൽ നിന്നുള്ള തൊള്ളായിരത്തോളം വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ഏഴ് വേദികളിൽ രണ്ട് സെഷനുകളിലായി നടന്ന ക്യാമ്പിൽ വിദ്യാർഥികൾക്ക് ഗൈഡൻസ് ക്ലാസും ദാറുൽഹുദാ സംവിധാനത്തെ പരിചയപ്പെടുത്തിയും ക്ലാസുകൾ സംഘടിപ്പിച്ചു. ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാരുടെയും ബാപ്പുട്ടി ഹാജിയുടെയും ഖബർ സിയാറത്തിന് അബ്ബാസ് ഹുദവി കരുവാരക്കുണ്ട് നേതൃത്വം നൽകി. യൂസുഫ് ഹുദവി വാളക്കുളം, നാഫിഹ് ഹുദവി കുനിയിൽ, റഹീം ഹുദവി ഷൊർണൂർ, ലത്തീഫ് ഹുദവി പാലത്തുങ്കര, ജിഷാദ് മുസ്തഫ ഹുദവി, റിസ് വാൻ ഹുദവി ചെർക്കള എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന ഗ്രാൻഡ് അസംബ്ലി പാണക്കാട് സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിച്ചു. ദാറുൽഹുദാ ജനറൽ സെക്രട്ടറി യു. മുഹമ്മദ് ഷാഫി ഹാജി ചെമ്മാട്, രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ, ഫൈസൽ ഹുദവി പട്ടാമ്പി, അലി ഹസ്സൻ ഹുദവി പാലത്തറ, ഹാഷിം ഹുദവി കൂരിയാട് പങ്കെടുത്തു. ദാറുൽഹുദാ പൊതുവിദ്യാഭ്യാസ വിഭാഗം സിപ്പെറ്റും (സെന്റർ ഫോർ പബ്ലിക് എജ്യൂക്കേഷൻ ആന്റ് ട്രെയിനിങ്) ഓഫീസ് ഓഫ് ഗൈഡൻസ് ആന്റ് എക്സ്റ്റൻഷൻ ആക്ടിവിറ്റീസും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

### സിൻഡിക്കേറ്റ് ഉപസമിതികളിൽ

# മാർക്സിസ്റ്റ് ഏകാധിപത്യം അവസാനിപ്പിക്കണമെന്ന് ടി.ജെ മാർട്ടിൻ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് ഉപസമിതികളിൽ മാർക്സിസ്റ്റ് ഏകാധിപത്യം അവസാനിപ്പിക്കണമെന്ന് സിൻഡിക്കേറ്റംഗം ടി.ജെ മാർട്ടിൻ വാർത്താകുറിപ്പിലൂടെ ആവശ്യപ്പെട്ടു. കാലിക്കറ്റ് സർവകലാശാലയിലെ സിൻഡിക്കേറ്റിൽ നാളിതുവരെയുള്ള ജനാധിപത്യ കീഴ്വഴക്കങ്ങ ൾ ലംഘിച്ചുകൊണ്ട് മാർക്സിസ്റ്റ് അംഗങ്ങളെ മാത്രം തിരുകിക്കയറ്റി ഉപസമിതികൾ രൂപീകരിച്ചിരി ക്കുകയാണ്. കഴിഞ്ഞ 11ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഉപസമിതികൾ രൂപീകരിക്കുന്നതിന് തൊട്ടടുത്ത ദിവസം സ്ഥാനമൊഴിയുന്ന വി.സിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ അദ്ദേഹം സ്ഥാനമൊഴിയുന്ന 13 മിനിറ്റുകൾക്കു മുമ്പ് മാർക്സിസ്റ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ എഴുതി തയ്യാറാക്കിയ അംഗങ്ങളുടെ പേരുകൾ മാത്രമുൾപ്പെടുത്തിയ ഉപ സമിതി ലിസ്റ്റ് അംഗീകരിപ്പിക്കുക യാണുണ്ടായത്. കേന്ദ്രത്തിന്റെ സംഘിവത്കരണത്തിനെതിരെ വാതോരാതെ പ്രസംഗിക്കുന്ന മാർക്സിസ്റ്റു സൈദ്ധാന്തികർ പുലർത്തുന്ന ഈ തരം താഴ്ന്ന ഫാസിസ്റ്റു രീതികൾ സർവകാലാശാലയുടെ അക്കാദമിക അന്തരീക്ഷത്തെ മലീമസമാക്കുന്നതും, ജനാധിപത്യത്തെ ഇല്ലാതാക്കി അരാജകത്വ ത്തെ പ്രോൽസാഹിപ്പിക്കുന്നതുമാണെന്ന് സിൻഡിക്കേറ്റംഗം ടി.ജെ. മാർട്ടിൻ കുറിപ്പിൽ ആരോപിച്ചു. അതേ സമയം എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രാതിനിധ്യം നൽകി ഉപസമിതി പുനഃസംഘടിപ്പിക്കണമെന്നും അദ്ദേഹംആവശ്യപ്പെട്ടു.

## ഉപതിരഞ്ഞെടുപ്പ്: മദ്യ നിരോധനം ഏർപ്പെടുത്തി

മലപ്പുറം: മലപ്പുറം നഗരസഭയിലെ പൊടിയാട് (വാർഡ് എം 45), കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ കൂട്ടിലങ്ങാടി (വാർഡ് 17), മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായിപ്പാടം (വാർഡ് രണ്ട്), വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ എടപ്പാൾ ചുങ്കം (വാർഡ് 14) എന്നിവിടങ്ങിൽ 30 ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഈ വാർഡുകളിൽ 28 ന് വൈകിട്ട് ആറു മണി മുതൽ 30 വൈകിട്ട് ആറു മണി വരെയും വോട്ടെണ്ണൽ ദിവസമായ 31 നും അബ്കാരി നിയമ പ്രകാരം മദ്യ നിരോധനം ഏർപ്പെടുത്തി ജില്ലാ കലക്ടർ വി.ആർ വിനോദ് ഉത്തരവ് പുറപ്പെടുവിച്ചു.



പാലക്കാട് ഡിവിഷൻ വിഭജിക്കാൻ നീക്കം എന്ന വാർത്തകൾ തെറ്റാണ്. ഇത്തരം അഭ്യൂഹങ്ങൾ ഒരിക്കലും വിശ്വസിക്കരുത്. കേരളത്തിൽ റെയിൽവേ വൈദ്യുതീകരണം 100 ശതമാനം പൂർത്തിയായി. റെയിൽവേ വികസനത്തിനു സംസ്ഥാന സർക്കാരിനോട് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ഊർജിതമാക്കാൻ നിർദേശിക്കും. ഇനിയും 459 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതുവരെ കിട്ടിയത് 65 ഹെക്ടർ മാത്രമാണ്.

– അശ്വിനി വൈഷ്ണവ്



കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ ഒന്നിച്ചുകൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടു. സഹകരണ ഫെഡറലിസം നശിപ്പിക്കുന്ന മികച്ച ഉദാഹരണമാണ് കഴിഞ്ഞ ദിവസം നിർമല സീതാരമൻ അവതരിപ്പിച്ച ബജറ്റ്. എന്നാൽ കോൺഗ്രസ് ന്യായ പത്രത്തിൽ നിന്നും പ്രചോദനം കൊണ്ട് ചില വാഗ്ദാനങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവാക്കൾക്ക് വാർഷിക സ്റ്റൈപെൻഡോടെ ഇന്റേൺഷിപ്പ്, പുതുതായി ജോലി നിർമിക്കുന്നതിനുള്ള നികുതി ഇളവുകൾ, ഏഞ്ചൽ നികുതി ഒഴിവാക്കൽ എന്നിവ കോൺഗ്രസ് വാഗ്ദാനങ്ങളുടെ ഭാഗമാണ്.

– ഹൈബി ഈഡൻ

## കേരള വാർത്തകൾ

### കുവൈത്ത് അഗ്നിബാധ

# ഉറ്റവർക്ക് ജന്മനാടിന്റെ യാത്രാമൊഴി

ആലപ്പുഴ: വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങളുമായി ഉറ്റവർക്ക് അവർ യാത്രാമൊഴി നൽകി. കുവൈത്ത് അബ്ബാസിയ സൈഫ് പാർപ്പിട സമുച്ചയത്തിലുണ്ടായ അഗ്നി ബാധയിൽ വിഷപ്പുക ശ്വസിച്ച് മരിച്ച കുട്ടനാട് തലവടി ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ നീരേറ്റുപുറം മുളയ്ക്കൽ വീട്ടിൽ മാത്യു വർഗീസ് (ജിജോ -42), ഭാര്യ ലിനി (37), മൂത്ത മകൾ ഐറിൻ (14), ഇളയ മകൻ ഐസക്ക് (11) എന്നിവരുടെ മൃതദേഹങ്ങളാണ് തലവടി പടിഞ്ഞാറേക്കര മാർത്തോമ്മാ പള്ളി (കുഴിപ്പള്ളി) സെമിത്തേരിയിലെ അടുത്തടുത്ത കല്ലറയിലായി സംസ്കരിച്ചത്. പള്ളിയിലെ സംസ്കാര ശുശ്രൂഷയ്ക്കായി മൃതദേഹങ്ങൾ പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ നിരത്തി കിടത്തിയപ്പോൾ കണ്ടുനിന്നവർ ഒന്നാകെ വിങ്ങിപ്പൊട്ടി. ആദ്യം ജിജോയുടെ മൃതദേഹമാണ് സംസ്കരിച്ചത്. പിന്നീട് ഇളയ മകൻ ഐസക്കിന്റെയും അതിനു ശേഷം മൂത്ത മകൾ ഐറിന്റെയും അവസാനം ലിനിയുടെയും മൃതദേഹങ്ങൾ കല്ലറയിൽ സംസ്കരിച്ചു.



കുവൈത്ത് അബ്ബാസിയ സൈഫ് പാർപ്പിട സമുച്ചയത്തിലുണ്ടായ അഗ്നി ബാധയിൽ മരിച്ച മാത്യു വർഗീസിന്റെയും കുടുംബാംഗങ്ങളുടെയും സംസ്കാര ചടങ്ങിൽ പൊട്ടിക്കരയുന്ന മാതാവ് റേച്ചൽ വർഗീസ്

കുവൈത്തിൽ റോയിട്ടേഴ്സ് ജീവനക്കാരനായ മാത്യുവും, നേഴ്സായ ലിനിയും കുട്ടികളുടെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഒരുമാസത്തെ അവധിക്ക് നാട്ടിൽ എത്തിയ ശേഷം കഴിഞ്ഞ വെള്ളിയാഴ്ച പുലർച്ചെയാണ് കുവൈത്തിലേക്ക് മടങ്ങിയത്. യാത്രാക്ഷീണത്തെ തുടർന്ന് ഉറങ്ങുന്നതിനിടെ എ.സി കത്തിയുണ്ടായ വിഷപ്പുക ശ്വസിച്ചാണ് നാലംഗ കുടുംബം മരിച്ചത്. ജിജോ ഒരുവർഷം മുൻപ് നിർമ്മിച്ച പുതിയ വീട്ടിൽ പ്രവാസ ജീവിതം മതിയാക്കി മാതാവ് റേച്ചൽ വർക്ഷീസുമൊത്ത് കഴിയാനുള്ള ആഗ്രഹത്തിനിടെയാണ് ദാരുണ അന്ത്യം. തിയോടിഷ്യസ് മാർത്തോമാ മെത്രാപോലിത്തയുടെ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു. തലവടി പടിഞ്ഞാറേക്കര മാർത്തോമാ പള്ളി വികാരി ഫാ. തോമസ് ഫിലിപ്പ്, ഫാ. അലക്സാണ്ടർ എബ്രഹാം എന്നിവർ സഹ കാർമ്മികത്വം വഹിച്ചു. വൻ ജനാവലിയുടെ സാന്നിധ്യത്തിലാണ് നാലംഗ കുടുംബത്തിന്റെ സംസ്കാര ചടങ്ങുകൾ നടന്നത്. സർക്കാർ പ്രതിനിധിയായി ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മാവേലിക്കര എം.പി കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എമാരായ രമേശ് ചെന്നിത്തല, മാത്യു ടി. തോമസ്, തോമസ് കെ. തോമസ്, ജില്ല പഞ്ചായത്ത് പ്രസിഡന്റ് രാജേശ്വരി തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു.

## കൊച്ചിയിൽ നിന്നും അഗർത്തലയിലേക്ക് നേരിട്ട്സർവീസുമായി എയർ ഇന്ത്യ

കൊച്ചി: എയർ ഇന്ത്യ എക്സ്പ്രസ് ത്രിപുരയിലെ അഗർത്തലയിലേക്ക് കൊൽക്കത്ത, ഗുവാഹത്തി എന്നിവിടങ്ങളിൽ നിന്നും നേരിട്ടും ഡൽഹിയിൽ നിന്ന് വൺ സ്റ്റോപ്പായും പ്രതിദിന വിമാന സർവീസുകൾ ആരംഭിക്കുന്നു. ഇതോടെ കൊച്ചിയിൽ നിന്നും അഗർത്തലയിലേക്ക് വൺ സ്റ്റോപ് വിമാനയാത്ര സാധ്യമാകും. സെപ്തംബർ ഒന്ന് മുതൽ ആരംഭിക്കുന്ന വിമാന സർവീസിനായുള്ള ബുക്കിംഗ് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലും മൊബൈൽ ആപ്പിലും മറ്റ് പ്രധാന ബുക്കിംഗ് പ്ലാറ്റ് ഫോമുകളിലും ആരംഭിച്ചു.

കൊച്ചിയിൽ നിന്നും ആഴ്ച തോറും 106 വിമാന സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. അബുദാബി, ബഹ്റൈൻ, ബെംഗളൂരു, കൊൽക്കത്ത, ഡൽഹി, ദമാം, ദോഹ, ദുബായ്, ഹൈദരാബാദ്, കുവൈത്ത്, മസ്ക്കത്ത്, റിയാദ്, ഷാർജ, സലാല, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് നേരിട്ടും അഗർത്തല, അയോധ്യ, ഭുവനേശ്വർ, മുംബൈ, ഗുവാഹത്തി, ഗോവ, ഗ്വാളിയർ, ഇൻഡോർ, ബാഗ്ഡോഗ്ര, മംഗളൂരു, റാഞ്ചി, ജയ്പൂർ, ജിദ്ദ, ലഖ്നൗ, ചെന്നൈ, പൂനെ, സൂറത്ത്, വിജയവാഡ, വാരാണസി, വിശാഖപട്ടണം എന്നിവിടങ്ങളിലേക്ക് വൺ സ്റ്റോപ് സർവീസുകളും ലഭ്യമാണ്.

## പോക്സോ കേസ് പ്രതിയെ തെലുങ്കാനയിൽ നിന്ന് പിടികൂടി

നെടുമ്പാശേരി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പ്രലോഭിപ്പിച്ച് തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ പ്രതിയെ പൊലീസ് സാഹസികമായി പിടികൂടി. വെസ്റ്റ് ബംഗാൾ രത്വാ പർനാപ്പൂർ സ്വദേശി മുഹമ്മദ് മുഷറഫ് (20)നെയാണ് ചെങ്ങമനാട് പൊലീസ് തെലുങ്കാനയിലെ ഗമ്മം രാമാനുജവാരത്ത് നിന്ന് സാഹസികമായി പിടികൂടിയത്.

സോഷ്യൽ മീഡിയ വഴിയാണ് പതിനാലുകാരിയായ ആസാം സ്വദേശിനിയെ പ്രതി പരിചയപ്പെട്ടത്. മൂന്നാറിൽ കൺസ്ട്രക്ഷൻ ജോലിയായിരുന്നു ഇയാൾക്ക്. പെൺകുട്ടിയുമായി അടുപ്പം സ്ഥാപിച്ച ശേഷം തീവണ്ടിയിൽ ബംഗാളിലേക്ക് കടത്തി. അവിടെ വച്ച് ലൈംഗികമായി പീഡിപ്പിച്ചു. തുടർന്ന് പൊലീസെത്തി പെൺകുട്ടിയെ രക്ഷപ്പെടുത്തി. പ്രതി ഒളിവിൽപ്പോയി. വെസ്റ്റ് ബംഗാൾ മാൾഡ, മുംബൈ സോലാപ്പൂർ എന്നിവിടങ്ങളിൽ ഒളിവിൽ താമസിച്ചു. പൊലീസ് ഇവിടങ്ങളിലുമെത്തി അന്വേഷണം നടത്തി. ഒടുവിൽ തെലുങ്കാന രാമാനുജവാരം ഉൾഗ്രാമത്തിൽ ഗ്യാംങ്ങുമൊത്ത് കഴിയുകയായിരുന്നു. പൊലീസ് വേഷപ്രച്ഛന്നരായി എത്തി താമസസ്ഥലം വളഞ്ഞാണ് പിടികൂടിയത്. ഇയാളോടൊപ്പമുണ്ടായിരുന്നവർ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും പൊലീസ് ചെറുത്ത് നിന്ന് കസ്റ്റഡിയിലെടുത്ത് കൊണ്ടുവരികയായിരുന്നു. ജില്ലാ പൊലീസ് മേധാവി വൈഭവ് സക്സേനയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച അന്വേഷണസംഘത്തിൽ ഇൻസ്പെകൂർ സോണി മത്തായി, എസ് ഐമാരായ പി.കെ ബാലചന്ദ്രൻ, പി എ തോമസ്, സീനിയർ സി പി ഒ മാരായ കെ ബി സലിൻ കുമാർ, കെ ആർ രാഹുൽ, എം എസ് സിജു എന്നിവരാണ് ഉണ്ടായിരുന്നത്.

## ജനിച്ച മതത്തിൽതന്നെ തളച്ചിടാൻ കഴിയില്ലെന്ന് ഹൈക്കോടതി

കൊച്ചി: ഒരു മതത്തിൽ ജനിച്ചു എന്നതുകൊണ്ട് സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തിയെ അതേ മതത്തിൽ തളച്ചിടാൻ കഴിയില്ലെന്ന് ഹൈക്കോടതി. ഏതു മതത്തിൽ വിശ്വസിക്കാനും വ്യക്തികൾക്ക് ഭരണഘടനയുടെ 25(1) അനുച്ഛേദം സ്വാതന്ത്ര്യം നൽകുന്നുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. തങ്ങൾ മതം മാറിയതിനാൽ സ്കൂൾ സർട്ടിഫിക്കറ്റിലെ പേരും മതവും മാറ്റണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് വി.ജി അരുണിന്റെ ഉത്തരവ്. എറണാകുളം സ്വദേശികളായ ഇരട്ട സഹോദരങ്ങളാണ് ഹൈക്കോടതിയെ സമീപിച്ചത്. ഹിന്ദു മതത്തിൽ ജനിക്കുകയും ഇതേ മതത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്ന ഇവർ 2017ൽ ക്രൈസ്തവ മതം സ്വീകരിച്ചു. തുടർന്നാണ് സ്കൂൾ സർട്ടിഫിക്കറ്റിലെ പേരും മതവും മാറ്റാനായി അപേക്ഷ നൽകിയത്. പേരു മാറ്റിയെങ്കിലും മതംമാറ്റം രേഖപ്പെടുത്താനുള്ള വകുപ്പില്ലെന്നു ചൂണ്ടിക്കാട്ടി ആവശ്യം അധികൃതർ തള്ളിയ നടപടി ചോദ്യം ചെയ്താണ് ഹൈക്കോടതിയെ സമീപിച്ചത്. സ്കൂൾ സർട്ടിഫിക്കറ്റിലെ മതം മാറ്റാൻ ആവശ്യമായ ചട്ടങ്ങൾ നിലവിൽ ഇല്ലെങ്കിൽ പോലും, ഒരു മതത്തിൽ ജനിച്ചു എന്നതിന്റെ പേരിൽ ഒരു വ്യക്തിയെ അതേ മതത്തിൽ തളച്ചിടാൻ അത് കാരണമല്ലെന്ന് വ്യക്തമാക്കി. ഇത്തരം സങ്കുചിതമായ നടപടികൾ ഭരണഘടന ഉറപ്പു നൽകുന്ന ഉറപ്പുകൾക്ക് വിരുദ്ധമാണെന്നും കോടതി വ്യക്തമാക്കി.

## സ്കൂൾ ബസ്സിറങ്ങിയ വിദ്യാർഥിനി അതേ ബസ്സിടിച്ച് മരിച്ചു



ഹിബ

മണ്ണാർക്കാട്: സ്കൂൾ ബസിറങ്ങിയ ആറുവയസുകാരിയായ വിദ്യാർഥിനി അതേ ബസ്സിടിച്ച് മരിച്ചു. നെല്ലിപ്പുഴ ദാറുന്നജാത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒന്നാംക്ലാസ് വിദ്യാർഥിനിയായ നാരങ്ങപ്പറ്റ തൊട്ടിപ്പറമ്പിൽ വീട്ടിൽ നൗഷാദിന്റെ മകൾ ഹിബയാണ് (6) ആണ് അപകടത്തിൽപെട്ടത്. വൈകുന്നേരം മൂന്നരമണിയോടെയാണ് അപകടം. സ്കൂൾ ബസിൽ വീടിനു മുന്നിൽ ഇറങ്ങിയ ഹിബ മുന്നോട്ടെടുത്ത ബസിനടിയിൽ പെടുകയായിരുന്നു. ഉടൻ വട്ടമ്പലം മദർകെയർ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെട്ടു. മാതാവ്: ഉമ്മു ഹബീബ. സഹോദരങ്ങൾ: അമീൻ, അൻഷിദ. മൃതദേഹം വട്ടമ്പലം ആശുപത്രി മോർച്ചറിയിൽ.

## മാതാപിതാക്കളോടൊപ്പം സ്കൂട്ടറിൽ പോകുകയായിരുന്ന മൂന്നാം ക്ലാസ്സുകാരൻ ബസ്സിനടിയിൽപ്പെട്ടു മരിച്ചു



വിശ്വജിത്ത്

ഇരവിപുരം : മാതാപിതാക്കളോടൊപ്പം നാലു ചക്ര സ്കൂട്ടറിൽ സ്കൂളിലേക്ക് പോകുകയായിരുന്ന മൂന്നാം ക്ലാസ്സുകാരൻ സ്വകാര്യ ബസ്സിനടിയിൽപ്പെട്ടു മരിച്ചു. കൊല്ലം ഓലയിൽ പഴഞ്ഞി തറയിൽ നിന്നും ഇരവിപുരം തെക്കേ വിളസൗഹൃദ നഗർ കടകത്തു തൊടിഅശോകാ ഭവനിൽ താമസിക്കുന്ന ദീപുവിന്റെയും രമ്യയുടെയും മകനും, തങ്കശ്ശേരി ദേവമാതാ സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിയുമായ സച്ചി എന്ന് വിളിക്കുന്ന വിശ്വജിത്ത് (9) ആണ് മരിച്ചത്. വ്യാഴാഴ്ച രാവിലെ ഒമ്പതുമണിയോടെ ദേശീയപാതയിൽ പോളയത്തോട് കച്ചേരി ജംഗ്ഷന് അടുത്തുള്ള ഇറക്കത്തായിരുന്നു അപകടം. കൊല്ലം ഭാഗത്തേക്ക് പോകുകയായിരുന്ന സ്കൂട്ടറിൽ നിന്നും വീണ് കുട്ടി ബസ്സിനടിയിൽപ്പെടുകയായിരുന്നു. ഉടൻ തന്നെ കൊല്ലം ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കുട്ടിയെ സ്കൂളിലാക്കുവാൻ വേണ്ടി പോകുമ്പോഴായിരുന്നു അപകടം. കൊല്ലം ഓലയിൽ നിന്നും രണ്ടാഴ്ച മുമ്പാണ് ഇവർ തെക്കേ വിളയിൽ താമസ മാക്കിയത്. ഭിന്നശേഷിക്കാരൻ ആയ പിതാവായിരുന്നു സ്കൂട്ടർ ഓടിച്ചിരുന്നത്. അപകടകാരണം കണ്ടെത്തുന്നതിനായി പരിസരത്തെ നിരീക്ഷണ ക്യാമറകൾ കേന്ദ്രീകരിച്ച് ഇരവിപുരം പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സഹോദരൻ ദേവജിത്ത്.

## ഉടമകൾക്ക് ഭൂമി വിവരം പരിശോധിക്കാൻ അവസരം

തിരുവനന്തപുരം: റവന്യു വകുപ്പിന്റെ 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യത്തിന്റെ ഭാഗമായ ഡിജിറ്റൽ റീസർവെയുടെ കരട് വിജ്ഞാപനം ഭൂവുടമകൾക്ക് പരിശോധിക്കാനും ആക്ഷേപങ്ങളുന്നയിക്കാനും അവസരം. റവന്യു വകുപ്പിന്റെ 'എന്റെ ഭൂമി' പോർട്ടലിൽ രേഖപ്പെടുത്തിയ കരട് രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ എല്ലാവരിലും എത്തിക്കുകയാണ് ലക്ഷ്യം.

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ ഭൂവുടമകൾക്ക് സർവെ അതിരടയാള നിയമത്തിലെ 9(2) കരട് വിജ്ഞാപനം പരിശോധിച്ച് അതിൽ ഏതെങ്കിലും വിധത്തിൽ പരാതി ഉണ്ടെങ്കിൽ അത് എന്റെ ഭൂമി പോർട്ടൽ വഴി ഉന്നയിക്കാൻ അവസരമൊരുക്കും. ഇതിനായി റവന്യു-തദ്ദേശ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും അധികാരികളുടെ സംയുക്ത യോഗം ഓൺലൈനായി ചേർന്നു. റവന്യു വകുപ്പ് മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ നടന്ന യോഗം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു.

# പെർമിറ്റ് ഫീസ് കുറച്ചത് അടി കിട്ടിയപ്പോൾ

### സർവീസ് ചാർജുകൾ വർധിപ്പിക്കാൻ ഇപ്പോഴും ശ്രമം: വി.ഡി സതീശൻ

കൊച്ചി: തിരഞ്ഞെടുപ്പിൽ കനത്ത അടി കിട്ടിയപ്പോൾ മാത്രമാണ് കെട്ടിട പെർമിറ്റ് ഫീസും അപേക്ഷാ ഫീസും കുറയ്ക്കാൻ സർക്കാർ തയാറായതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ.ഇക്കഴിഞ്ഞ നിയമസഭ സമ്മേളനത്തിൽ പോലും പ്രതിപക്ഷം ഇക്കാര്യം ഉന്നയിച്ചപ്പോൾ വർധന പിൻവലിക്കാൻ തയാറല്ലെന്ന നിലാപാടാണ് മന്ത്രി സ്വീകരിച്ചത്.

30 രൂപയുണ്ടായിരുന്ന ഫീസാണ് 1000 ആക്കി വർധിപ്പിച്ചത്. പെർമിറ്റ് തുക പഞ്ചായത്തിൽ 555 രൂപയുണ്ടായിരുന്നത് 8500 രൂപയായും മുൻസിപ്പാലിറ്റിയിൽ 10500 രൂപയായും വർധിപ്പിച്ചു. കോർപറേഷനിൽ 1000 രൂപയായിരുന്നത് 16000 രൂപയായും വർധിപ്പിച്ചു. എന്നിട്ടാണ് ഇതുപോലെ ആരും കുറച്ചിട്ടില്ലെന്ന് മന്ത്രി പറയുന്നത്.

ഇപ്പോഴും പ്ലാൻ ബി എന്ന പേരിൽ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ശ്രമിക്കുന്നത് സർവീസ് ചാർജുകൾ വർധിപ്പിക്കാനാണ്. നിയമസഭ സമ്മേളിച്ച് ഭരണഘടനാപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ധനവിനിയോഗത്തിനുള്ള അനുമതി നൽകിയ ശേഷം നിയമസഭ തീരുമാനങ്ങളെ അട്ടിമറിച്ച് വീണ്ടും പ്ലാൻ സൈസ് കട്ട് ചെയ്യുന്നതിന് വേണ്ടി സർക്കാർ ഉദ്യോഗസ്ഥരുടെ കമ്മിറ്റിയുണ്ടാക്കിയിരിക്കുകയാണ്. ഇത് നിയമസഭയോടുള്ള അവഹേളനമാണ്. ഇപ്പോൾ തന്നെ ജീവിക്കാൻ നിവൃത്തിയില്ലാത്ത പാവങ്ങൾക്കു മേൽ വീണ്ടും സേവന നികുതികൾ അടിച്ചേൽപ്പിക്കുകയാണ്. ഇനിയും ജനങ്ങളെ ദ്രോഹിച്ചാൽ നേരത്തെ കണ്ടതിനേക്കാൾ ശക്തമായ സമരം നേരിടേണ്ടി വരും.

തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം മൂന്നിലൊന്നു പദ്ധതി വിഹിതമാണ് നൽകിയത്. കഴിഞ്ഞ വർഷത്തെ ക്യാരി ഓവർ നൽകാൻ ഈ വർഷത്തെ പദ്ധതിയിൽ നിന്നും എടുക്കണമെന്നാണ് പറയുന്നത്. ഭരണം എന്നൊന്ന് ഇല്ലാതെ തല്ലിപ്പഴിപ്പിക്കുന്ന സംവിധാനമായി സർക്കാർ മാറിയിരിക്കുകയാണെന്നും വി.ഡി സതീശൻ പറഞ്ഞു.

## തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ മന്ത്രിയുടെ ആക്ഷേപം പദവിക്ക് നിരക്കാത്തത്: എൽ.ജി.എം എൽ

കോഴിക്കോട്: പെർമിറ്റ് ഫീസ് വർധനവിനെതിരെ പ്രമേയം പാസാക്കിയ തദ്ദേശസ്ഥാപനങ്ങൾ പെർമിറ്റ് ഫീസ് വാങ്ങി ഉപയോഗിച്ചത് ജനങ്ങളോടുള്ള വഞ്ചനയാണെന്ന വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ പ്രസ്താവന പരിഹാസ്യമാണെന്ന് ലോക്കൽ ഗവൺമെൻറ് മെമ്പേഴ്സ് ലീഗ് സംസ്ഥാന പ്രസിഡണ്ട് കെ. ഇസ്മായിൽ മാസ്റ്റർ ജനറൽ സെക്രട്ടറി പി.കെ ഷറഫുദ്ദീൻ എന്നിവർ പറഞ്ഞു.

പെർമിറ്റ് ഫീസ് വേണ്ടെന്നു വെക്കാനുള്ള അധികാരം സർക്കാർ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. ഏകീകരിച്ച സോഫ്റ്റ്വെയർ സംവിധാനം ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതിനാൽ ഒരു സ്ഥാപനത്തിൽ മാത്രമായി നിരക്കിൽ മാറ്റംവരുത്താനാവില്ല. സർക്കാർ നിശ്ചയിച്ച നിരക്ക് ഈടാക്കുന്നതിന് ചട്ടങ്ങൾ പ്രകാരവും സാങ്കേതിക കാരണങ്ങളാലും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും നിർബന്ധിതമാവുകയാണുണ്ടായത്. വൻതോതിലുള്ള ഫീസ് വർധനവ് പിൻവലിക്കണമെന്ന് യു.ഡി.എഫ് ഭരിക്കുന്ന തദ്ദേശസ്ഥാപനങ്ങളെല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്. വർധിച്ച ഫീസ് വാങ്ങില്ലെന്ന് ഒരു തദ്ദേശസ്ഥാപനവും തീരുമാനിച്ചിട്ടില്ല. അങ്ങനെ തീരുമാനിക്കാൻ കഴിയുകയുമില്ല. ഫീസ് വേണ്ടെന്നു വെക്കാനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയാണെങ്കിൽ പൂർണമായും പഴയ നിരക്ക് നിലനിർത്തുമെന്നാണ് നിലപാട് സ്വീകരിച്ചത്. എന്നാൽ ഇതിന് സർക്കാർ അനുമതി നൽകിയില്ല. വസ്തുത ഇതായിരിക്കെ യു.ഡി.എഫ് ഭരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ അവഹേളിക്കുന്നതിന് മന്ത്രി നടത്തിയ പ്രസ്താവന പദവിക്ക് നിരക്കാത്തതാണ്. ജനങ്ങളുമായി ചേർന്നുനിൽക്കുന്നത് കൊണ്ടാണ് യു.ഡി.എഫ് ഭരണസമിതികൾ നിരക്ക് വർധനവിനെതിരെ നിലപാട് സ്വീകരിച്ചത്. മന്ത്രിക്ക് അത് ബോധ്യമാകുന്നതിന് തിരഞ്ഞെടുപ്പ് തോൽവി വരെ കാത്തിരിക്കേണ്ടി വന്നു.

പെർമിറ്റ് വർധനവിന്റെ ഗുണം സർക്കാറിന് ലഭിച്ചിട്ടില്ലെന്നും പൂർണമായും തദ്ദേശസ്ഥാപനങ്ങളാണ് ഉപയോഗിച്ചത് എന്നുമുള്ള മന്ത്രിയുടെ വാദവും നിലനിൽക്കുന്നതല്ല. ഇതിന്റെയെല്ലാം ഗുണം പരോക്ഷമായി സർക്കാർ തന്നെയാണ് അനുഭവിച്ചത്. പെർമിറ്റ് ഫീസും കെട്ടിടനികുതിയും വർധിപ്പിച്ച് അധികം വൈകാതെയാണ് തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന ഉത്തരവ് ഇറക്കിയത്. വിവിധ വകുപ്പുകൾ ചെലവഴിക്കേണ്ട പല ഫണ്ടുകളും തദ്ദേശസ്ഥാപനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന നടപടിയും ഇതോടൊപ്പം ഉണ്ടായി. ബജറ്റ് വിഹിതത്തിൽ ഒരു വർഷം 2928 കോടിയാണ് സർക്കാർ അനുവദിക്കാതിരുന്നത്. ഈ തുക തനത് വരുമാനത്തിൽ നിന്ന് കണ്ടെത്തേണ്ട സാഹചര്യമാണ് സർക്കാർ ഉണ്ടാക്കാൻ ശ്രമിച്ചത്. വരുമാനം കുറവുള്ള വിവിധ തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിൽനിന്നും സർക്കാർ പിന്മാറാൻ ശ്രമിച്ചിരുന്നു. ഇതിലൂടെയെല്ലാം പെർമിറ്റ് ഉൾപ്പെടെയുള്ളവരുടെ വർധനവിലൂടെയുള്ള വരുമാനം പരോക്ഷമായി സർക്കാർ തന്നെ ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണ് ഉണ്ടായത്.

## കേരള സാഹിത്യ അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചു

### എം.ആർ.രാഘവവാര്യർക്കും, സി.എൽ.ജോസിനും ഫെല്ലോഷിപ്പ്

തൃശൂർ: 2023-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച കവിതയ്ക്ക് കൽപ്പറ്റ നാരായണനും (തിരഞ്ഞെടുത്ത കവിതകൾ), മികച്ച നോവലിന് ഹരിതാ സാവിത്രിയും (സിൻ), ചെറുകഥയ്ക്ക് എൻ.രാജനും (ഉദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്) അവാർഡിന് അർഹരായി. ഗിരീഷ്.പി.സി.പാലം- നാടകം (ഇ ഫോർ ഈഡിപ്പസ് ), പി.പവിത്രൻ- സാഹിത്യവിമർശനം (ഭൂപടം തലതിരിക്കുമ്പോൾ), ബി.രാജീവൻ- വൈജ്ഞാനിക സാഹിത്യം (ഇന്ത്യയെ വീണ്ടെടുക്കൽ), കെ.വേണു- ജീവചരിത്രം/ആത്മകഥ (ഒരന്വേഷണത്തിന്റെ കഥ), നന്ദിനി മേനോൻ യാത്രാവിവരണം (ആംചൊ ബസ്തർ), എ.എം.ശ്രീധരൻ- വിവർത്തനം (കഥാകദികെ), ഗ്രേസി- ബാലസാഹിത്യം (പെൺകുട്ടിയും, കൂട്ടരും), സുധീഷ് വാരനാട്- ഹാസസാഹിത്യം (വാരനാടൻ കഥകൾ )എന്നിവരും പുരസ്കാരത്തിന് അർഹത നേടി. എം.ആർ. രാഘവവാര്യർക്കും, സി.എൽ.ജോസിനും അക്കാദമിയുടെ വിശിഷ്ടാംഗത്വമായ ഫെല്ലോഷിപ്പ് നൽകും. അമ്പതിനായിരം രൂപയും രണ്ട് പവന്റെ സ്വർണപതക്കവും, പ്രശസ്തിപത്രവും, പൊന്നാടയും ഫലകവുമാണ് പുരസ്കാരം. മലയാള സാഹിത്യത്തിനുള്ള സമഗ്രസംഭാവന പരിഗണിച്ച് കെ.വി.കുമാരൻ, പ്രേമജയകുമാർ, പി.കെ.ഗോപി, ബക്കളം ദാമോദരൻ, എം.രാഘവൻ, രാജൻ തിരുവോത്ത് എന്നിവരെ പുരസ്കാരം നൽകി ആദരിക്കും. മുപ്പതിനായിരം രൂപയും, സാക്ഷ്യപത്രവും, പൊന്നാടയും, ഫലകവുമാണ് പുരസ്കാരം.

# വാക്കുകൾ എഡിറ്റ് ചെയ്ത് വ്യാജ പ്രചാരണം

### മണ്ണിടിച്ചിലിൽ അകപ്പെട്ട അർജുന്റെ കുടുംബം പരാതി നൽകി

കോഴിക്കോട്: ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ കുടുംബം സൈബർ അതിക്രമത്തിനെതിരെ പരാതി നൽകി. വാർത്താസമ്മേളനത്തിലെ വാക്കുകൾ എഡിറ്റ് ചെയ്ത് മാറ്റിയാണ് പ്രചാരണം. ചില യുട്യൂബ് ചാനലുകളും അധിക്ഷേപകരമായ വാർത്തകൾ നൽകി. സോഷ്യൽ മീഡിയയിലൂടെ വ്യാജ പ്രചാരണം നടക്കുന്നതായി കുടുംബം പരാതിയിൽ പറയുന്നു. കോഴിക്കോട് സൈബർ സെല്ലിലാണ് പരാതി നൽകിയത്.

സൈന്യം രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ ദിവസം കുടുംബം നടത്തിയ പരാമർശത്തെ ചൊല്ലിയാണ് സൈബർ ആക്രമണം നടക്കുന്നത്. അർജുന്റെ അമ്മയുടെ അച്ഛൻ പട്ടാളക്കാരനാണ്. അന്ന് തെരച്ചിൽ സംബന്ധിച്ച് കുടുംബം ചില വിഷമങ്ങളും ആശങ്കകളും പറഞ്ഞിരുന്നു. അർജുന്റെ അമ്മയുടെ സഹോദരിയുടെ ശബ്ദം എഡിറ്റ് ചെയ്ത് വ്യാജ വീഡിയോകൾ പ്രചരിപ്പിക്കുന്നുവെന്നാണ് കുടുംബത്തിന്റെ പരാതി. സംഭവവുമായി ബന്ധപ്പെട്ട് യുവജന കമ്മീഷൻ കേസെടുത്തു.

## കുടുംബാംഗങ്ങൾക്കെതിരെ സൈബർ ആക്രമണം; യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു

തിരുവനന്തപുരം: ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ മലയാളി ലോറി ഡ്രൈവർ അർജുനെ കണ്ടെത്താൻ രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ രഞ്ജിത്ത് ഇസ്രയേലിനെതിരെയും അർജുന്റെ കുടുംബാംഗങ്ങൾക്കെതിരെയും നടക്കുന്ന സൈബർ ആക്രമണങ്ങളിൽ യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. അർജുന്റെ കുടുംബം നടത്തിയ വാർത്താസമ്മേളനം എഡിറ്റ് ചെയ്ത് മാറ്റിയാണ് വ്യാജ പ്രചാരണം.

രഞ്ജിത്ത് ഇസ്രയേലിനെതിരെയും അർജുന്റെ കുടുംബാംഗങ്ങൾക്കെതിരെയും സൈബർ ആക്രമണം നടത്തുന്ന ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യുട്യൂബ് അക്കൗണ്ടുകൾ കണ്ടെത്തി നടപടി സ്വീകരിക്കാനും വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ പൊലീസ് മേധാവികളോട് യുവജന കമ്മീഷൻ ആവശ്യപ്പെട്ടു.

## അർജുൻ മിഷൻ: നടക്കുന്നത് മര്യാദയില്ലാത്ത പ്രചാരണം

കൊച്ചി: കർണാടകത്തിലെ രക്ഷാപ്രവർത്തനത്തിന്റെ പേരിൽ മര്യാദകെട്ട പ്രചരണമാണ് നടക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. കേരളത്തിൽ വർഷങ്ങൾക്ക് മുമ്പ് ഉരുൾ പൊട്ടലുണ്ടായ എത്രയോ സ്ഥലങ്ങളിൽ ഇതുവരെ ആളുകളെ കണ്ടെത്താനായിട്ടില്ല. കവളപ്പാറയിൽ എത്രയോ പേരെ തിരിച്ചു കിട്ടാനുണ്ടതെന്നതൊക്കെ മറന്നു പോയി. കർണാടകത്തിലെ കാർവാർ എം.എൽ.എ ഇതുവരെ ആ സ്ഥലത്തു നിന്ന് മാറിയിട്ടില്ല. മണ്ണിടിച്ചിലിന് സാധ്യതയുണ്ടായിരുന്ന സ്ഥലത്ത് ശ്രമകരമായാണ് രക്ഷാ പ്രവർത്തനം നടത്തുന്നത്. കവളപ്പാറയിൽ പത്ത് ദിവസം കഴിഞ്ഞും ആളെ കണ്ടെത്തിയിട്ടില്ലേ. വാർത്ത നൽകിയും നെഗറ്റീവ് സാധനങ്ങൾ പറഞ്ഞും കർണാടകത്തിന് എതിരായ വികാരം ഉണ്ടാക്കുന്നതും ശരിയല്ല. നിരവധി പേരെയാണ് കേരളത്തിൽ തിരിച്ച് കിട്ടാനുള്ളതെന്നതൊക്കെ മറന്നു പോയി. ഉരുൾപൊട്ടി ഉണ്ടാകുന്ന മണ്ണും കല്ലും കാണാത്തവരാണ് ഇങ്ങനെ സംസാരിക്കുന്നത്. രക്ഷാപ്രവർത്തകർക്ക് എല്ലാ പിന്തുണയും നൽകണമെന്നും വി.ഡി സതീശൻ പറഞ്ഞു.

## പരിശീലകൻ മാറിനിൽക്കും

പാരീസ്: ന്യൂസിലൻഡ് വനിതാ ഫുട്ബോൾ ടീം പരിശീലിക്കുന്ന മൈതാനത്തിന് മുകളിലൂടെ ഡ്രോൺ പറത്തിയ സംഭവം വിവാദമായ പശ്ചാത്തലത്തിൽ ടീമിന്റെ ഉദ്ഘാടന മത്സരത്തിലെ ചുമതലകളിൽ നിന്ന് മാറിനിൽക്കാൻ തീരുമാനിച്ച് കനഡ വനിതാ ഫുട്ബോൾ ടീം പരിശീലക ബെവ് പ്രീസ്റ്റ്മാൻ. സംഭവത്തിൽ നേരത്തേ കനേഡിയൻ ഒളിമ്പിക് കമ്മിറ്റി മാപ്പുപറഞ്ഞിരുന്നു.

സംഭവം വിവാദമാകുകയും ന്യൂസിലൻഡ് ഒളിമ്പിക് കമ്മിറ്റി അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റിക്ക് പരാതി നൽകുകയും ചെയ്തോടെയാണ് ഉത്തരവാദിത്തം ഏറ്റെടുത്ത് സ്വയം മാറിനിൽക്കാൻ പ്രീസ്റ്റ്മാൻ തീരുമാനിച്ചതെന്നാണ് വിവരം. സംഭവത്തിൽ കനഡ സോക്കർ ഫെഡറേഷനും കുറ്റക്കാരായ അംഗങ്ങൾക്കുമെതിരേ ഫിഫ അച്ചടക്ക നടപടികളിലേക്ക് കടന്നിരുന്നു. തിങ്കളാഴ്ചയായിരുന്നു സംഭവം. കനഡ ഫുട്ബോൾ ടീമിനൊപ്പമുള്ള സംഘത്തിലെ അംഗമാണ് ഡ്രോൺ പറത്തിയത്. പരിശീലന ദൃശ്യങ്ങൾക്ക് വേണ്ടിയാണിതെന്ന് ആരോപണമുയർന്നിരുന്നു.


സംഭവത്തിൽ ന്യൂസിലൻഡ് കളിക്കാരോടും ഒളിംപിക് കമ്മിറ്റിയോടും മാപ്പുപറയുന്നതായി കനേഡിയൻ ഒളിംപിക് കമ്മിറ്റി വ്യക്തമാക്കി. സംഭവത്തിൽ വനിതാ ഫുട്ബോൾ ടീം വീഡിയോ അനലിസ്റ്റിനേയും സഹപരിശീലകയേയും കനഡ പുറത്താക്കിയിരുന്നു. ഇരുവരെയും ഉടൻ തന്നെ നാട്ടിലേക്ക് തിരിച്ചയക്കുമെന്നും കമ്മിറ്റി പ്രസ്താവനയിൽ വ്യക്തമാക്കി. ടീമിന്റെ പരിശീലനരീതിയും തന്ത്രങ്ങളും ചോർത്താൻ വേണ്ടിയാണു ഡ്രോൺ ക്യാമറ ഉപയോഗിച്ചതെന്ന് ചൂണ്ടിക്കാട്ടി ന്യൂസിലൻഡ് ടീം പരാതി നൽകിയിരുന്നു.

## ലങ്കക്ക് തിരിച്ചടി, തുഷാര പുറത്ത്



കാൻഡി: ഇന്ത്യക്കെതിരായ ടി20 പരമ്പരക്ക് മുമ്പ് ശ്രീലങ്കക്ക് വീണ്ടും തിരിച്ചടി. പരിക്കേറ്റ സൂപ്പർ പേസർ നുവാൻ തുഷാര പരിക്കേറ്റ് പുറത്തായി. കഴിഞ്ഞ ദിവസം മറ്റൊരു പേസറായ ദുഷ്മന്ത ചമീരയും പരിക്കേറ്റ് പുറത്തായിരുന്നു. ഫീൽഡിംഗ് പരിശീലനത്തിനിടെ ഇടതു തള്ളവിരലിന് പരിക്കേറ്റതാണ് തുഷാരക്ക് തിരിച്ചടിയായത്. തുഷാരയുടെ പകരക്കാരനായ ദിൽഷൻ മധുഷങ്കയെ ശ്രീലങ്ക ടി20 പരമ്പക്കുള്ള ടീമിൽ ഉൾപ്പെടുത്തി. ടി20 ലോകകപ്പിൽ മികച്ച ഫോമിലായിരുന്ന തുഷാരയുടെ അസാന്നിധ്യം ടി20 പരമ്പരയിൽ ലങ്കക്ക് കനത്ത തിരിച്ചടിയാണ്. ലോകകപ്പിൽ മൂന്ന് മത്സരങ്ങളിൽ എട്ട് വിക്കറ്റ് വീഴ്ത്തിയ തുഷാരയായിരുന്നു ലങ്കക്കായി ഏറ്റവും കൂടുതൽ വിക്കറ്റെടുത്ത ബൗളർ. മലിംഗയുടെയും പതിരാനയേയും പോലെ സൈഡ് ആം ആക്ഷനുമായാണ് തുഷാര രാജ്യാന്തര ക്രിക്കറ്റിൽ ശ്രദ്ധേയനായത്. ശനിയാഴ്ച തുടങ്ങുന്ന ടി20 പരമ്പരയിൽ മൂന്ന് മത്സരങ്ങളാണുള്ളത്.

# ചന്ദ്രിക സ്പോർട്സ്



**എന്താണ്** സംഭവിച്ചതെന്ന് എനിക്ക് വിശദീകരിക്കാനാവില്ല. ഞങ്ങൾ ഒന്നര മണിക്കൂർ ഡ്രസ്സിങ് റൂമിലിരുന്നു. എന്താണ് സംഭവിക്കുന്നതെന്ന് അവർ ഞെങ്ങളോട് പറഞ്ഞതേ ഇല്ല. മൊറോക്കോയുടെ ക്യാപ്റ്റനും ഞങ്ങളും കളി പുനരാരംഭിക്കേണ്ടതില്ലെന്ന അഭിപ്രായക്കാരായിരുന്നു. മൊറോക്കോ ഫാൻസ് ഞങ്ങൾക്കെതിരെ പലതും വലിച്ചെറിഞ്ഞു. ഞാൻ ജീവിതത്തിൽ കണ്ട ഏറ്റവും വലിയ സർക്കസായിരുന്നു ഇത്. ഒരു ഗോളിന്റെ പരിശോധനക്കായി 1.20 മണിക്കൂർ എന്തിനെടുത്തെന്ന് മനസിലാകുന്നില്ല.

–ഹാവിയർ മഷരാനോ

www.chandrikadaily.com

**BREAKING** ഇംഗ്ലണ്ട്–വെസ്റ്റിൻഡീസ് മൂന്നാം ടെസ്റ്റിന് ഇന്ന് തുടക്കം



**ഇന്ന്**

പാരീസ് ഒളിംപിക്സ് ഉദ്ഘാടന ചടങ്ങുകൾ
(രാത്രി 11.00)
സ്പോർട്സ് 18
ജിയോ സിനിമ

വനിതാ ഏഷ്യാ കപ്പ്
ഇന്ത്യ–ബംഗ്ലാദേശ്
(ഉച്ചയ്ക്ക് 2.00)
ശ്രീലങ്ക–പാകിസ്താൻ
(രാത്രി 7.00)
സ്റ്റാർ സ്പോർട്സ്

# ആർച്ചറിയിൽ ശുഭാരംഭം

## പുരുഷ, വനിത ടീമുകൾ ക്വാർട്ടറിൽ



പാരീസിലെ ഗാർഡൻസ് ഓഫ് ലെ ഇൻവാലിഡസിൽ ഇന്ത്യയുടെ ആർച്ചറി താരങ്ങളായ ഭജൻ കൗർ, അങ്കിത് ഭഗത്, ദീപിക കുമാരി എന്നിവർ വ്യക്തിഗത റാങ്കിങ് റൗണ്ടിൽ മത്സരിക്കുന്നു.

പാരീസ്: ഒളിംപിക് വേദിയിൽ മികച്ച തുടക്കവുമായി ഇന്ത്യ. ആർച്ചറിയിലെ റാങ്കിങ് വിഭാഗത്തിൽ കളത്തിലിറങ്ങിയ പുരുഷ, വനിതാ ടീം നേരിട്ട് ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി. ഇന്ത്യയുടെ മിക്സഡ് ടീം പ്രീക്വാർട്ടറിലെത്തിയിട്ടുണ്ട്. പുരുഷൻമാരുടെ ടീമിനത്തിൽ മൂന്നാം സ്ഥാനക്കാരായാണ് ഇന്ത്യ ക്വാർട്ടറിലേക്ക് യോഗ്യത നേടിയത്.

ധീരജ് ബൊമ്മദേവര, തരുൺദീപ് റായ്, പ്രവീൺ ജാദവ് എന്നിവരടങ്ങിയ ഇന്ത്യൻ ടീം 2013 പോയിന്റുമായാണ് മൂന്നാമതെത്തിയത്. കൊറിയ ഒന്നാമതും ഫ്രാൻസ് രണ്ടാം സ്ഥാനത്തുമായി. ചൈനയാണ് നാലാം സ്ഥാനത്ത്. ധീരജ് 681 പോയിന്റുമായി നാലാം സീഡായി.

തരുൺ 674 പോയിന്റുമായി 14–ാം സ്ഥാനത്തും, പ്രവീൺ 658 പോയിന്റുമായി 39–ാം സ്ഥാനത്തുമാണ് ഫിനിഷ് ചെയ്തത്. നേരത്തെ യോഗ്യതാ റൗണ്ടിൽ നാലാം സ്ഥാനക്കാരായാണ് ഇന്ത്യൻ വനിതകൾ മുന്നേറിയത്. ടീമിനത്തിൽ ഇന്ത്യ ആകെ നേടിയത് 1,983 പോയിന്റ്. 28ന് നടക്കുന്ന ക്വാർട്ടറിൽ, നെതർലൻഡ്സ്–ഫ്രാൻസ് മത്സര വിജയികളാകും ഇന്ത്യയുടെ എതിരാളികൾ. ഈയിനത്തിലെ മെഡൽ ജേതാക്കളെയും അന്നറിയാം. റാങ്കിങ് വിഭാഗത്തിൽ ഒളിംപിക് റെക്കോർഡ് തിരുത്തി 2,046 പോയിന്റ് നേടിയ ദക്ഷിണ കൊറിയയാണ് ഒന്നാമത്. ചൈന (1996), മെക്സിക്കോ (1986) എന്നിവരാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. റാങ്കിങ് റൗണ്ടിലെ ആദ്യ നാലു സ്ഥാനക്കാർക്ക് നേരിട്ട് ക്വാർട്ടർ പ്രവേശനം ലഭിക്കും. അഞ്ച് മുതൽ 12 വരെ സ്ഥാനങ്ങളിലെത്തുന്നവർ പ്രീക്വാർട്ടർ കളിക്കണം. റാങ്കിങ് മത്സരത്തിലെ പ്രകടനം അനുസരിച്ചാണ് ആർച്ചറി നോക്കൗട്ട് റൗണ്ടിൽ വ്യക്തിഗത, ടീമിനങ്ങളിൽ മത്സരക്രമം നിശ്ചയിക്കുക. മികച്ച റാങ്ക് നേടുന്നവർക്കു റാങ്കിങ്ങിൽ പിന്നിലുള്ളവരെ എതിരാളിയായി ലഭിക്കും.

ഇന്ത്യൻ താരങ്ങളിൽ അങ്കിത ഭഗത് 666 പോയിന്റുമായി 11–ാം സ്ഥാനത്തെത്തി. ഭജൻ കൗർ 659 പോയിന്റുമായി 22–ാമതാണ്. നാലാം ഒളംപിക്സിനിറങ്ങിയ ദീപിക കുമാരി 658 പോയിന്റുമായി 23–ാം സ്ഥാനത്തായത് ഇന്ത്യയ്ക്ക് നിരാശയായി. മറ്റു രണ്ടു പേരുടെയും അരങ്ങേറ്റ ഒളിംപിക്സാണ്. മൂന്നു പേരും കൂടി ടീമിനത്തിൽ നാലാമതായതോടെ ഇന്ത്യ നേരിട്ട് ക്വാർട്ടറിൽ കടന്നു. അതേസമയം, ക്വാർട്ടറിൽ ജയിച്ചാലും സെമിയിൽ കരുത്തരായ ദക്ഷിണ കൊറിയയാകും ഇന്ത്യയുടെ എതിരാളികൾ.

റാങ്കിങ് റൗണ്ടിൽ നാലാം സ്ഥാനക്കാരായതോടെയാണ് ഇന്ത്യ കൊറിയ ഉൾപ്പെടുന്ന പൂളിലായത്. സെമിയിൽ തോറ്റാലും വെങ്കല മെഡൽ മത്സരത്തിൽ പങ്കെടുക്കാനാകും.

അതേസമയം, വനിതകളിൽ 11–ാം സ്ഥാനത്തെത്തിയ അങ്കിത ഭഗതിന്റെ പ്രകടനം ഇന്ത്യയ്ക്ക് നേട്ടമായി.ആർച്ചറിയിൽ മിക്സഡ് വിഭാഗത്തിൽ അഞ്ചാം സ്ഥാനത്തോടെ ഇന്ത്യ പ്രീക്വാർട്ടറിൽ ഇടം നേടി. ധീരജ് 681 പോയിന്റും അങ്കിത ഭഗത് 666 പോയിന്റും നേടി 1347 പോയിന്റാണ് ഇന്ത്യ കരസ്ഥമാക്കിയത്.

## ലഞ്ച് മുഖ്യം ലോകമെ.., ബാഗറ്റും




**കമാൽ വരദൂർ**

പ്രാതലും ലഞ്ചും ഡിന്നറും മുഖ്യമാണെന്ന് പറഞ്ഞത് ആരാണ്..? അഥവാ മൂന്ന് നേരം മൃഷ്ടാനഭോജനം എന്ന ആപ്തവാക്യത്തിന് പിറകിലെ അടിവര ആരുടേതാണ്..? ആരായാലും അത് ഫ്രഞ്ചുകാരല്ല. പണ്ട് ചരിത്രം പഠിക്കുമ്പോൾ മുതൽ മന:പാഠമാക്കിയ കുറെ പേരുകളുണ്ടായിരുന്നില്ലേ.. വോൾട്ടയർ, റുസോ, മൊണ്ടസ്ക്യു എന്നിങ്ങനെ.

ഫ്രഞ്ച് വിപ്ലവത്തിന് ധീരമായി നേതൃത്വം നൽകിയ ധിഷണാശാലികൾ. ഇവരൊന്നും മൂന്ന് നേരം മൂക്കറ്റം ഭക്ഷിക്കണം എന്ന് പറഞ്ഞിട്ടില്ല. അങ്ങനെയൊക്കെ പറഞ്ഞത് ഉദരവിശാരദരായ നമ്മളുടെ പൂർവികരാവാം. പറഞ്ഞ് വരുന്നത് പാരീസിലെ ആദ്യ പ്രാതൽ തേടിയുള്ള അലച്ചിലിനെ കുറിച്ചാണ്. നമുക്ക് രാവിലെ എഴുന്നേറ്റാൽ ബ്ലാക് കോഫി നിർബന്ധമാണ്, ശേഷം ഹെവി ബ്രേക് ഫാസ്റ്റ് വേണം അങ്ങനെ രാവിലെ പുറത്തിറങ്ങി. ഒരു കാപ്പി നിർബന്ധമാണല്ലോ.. താമസ സ്ഥലമായ ലെ അർഡോനിസിലുടെ കോഫി ഷോപ്പ് തേടിയലഞ്ഞു. എവിടെയുമില്ല. ഇവിടെ എവിടെ കോഫി കിട്ടുമെന്ന ഇംഗ്ലിഷ് ചോദ്യത്തിന് പലരുടെയും മറുപടി ചിരിയായിരുന്നു. നമ്മുടെ ഇംഗ്ലീഷ് എന്നല്ല ആംഗലേയം ഫ്രഞ്ചുകാരന് ദഹിക്കില്ല. അവൻ ഫ്രഞ്ചേ പറയു.. ചായക്കും കോഫിക്കും ഫ്രഞ്ചിൽ എന്താണ് പറയുക. മൊബൈൽ ഫോണിൽ ട്രാൻസലേറ്റർ അമർത്തി. ദി എന്നാണ് ചായയുടെ ഫ്രഞ്ച്. ദി പറയാം ദി എവിടെ കിട്ടുമെന്ന് എങ്ങനെ ചോദിക്കും..? ഒടുവിൽ തീരുമാനമെടുത്തു സൂപ്പർ മാർക്കറ്റിൽ നിന്നും ഒരു കോള വാങ്ങി അതിനെ ചായയെന്ന് മനസിൽ കരുതി അകത്താക്കാം. ബ്രെഡ് ഇനങ്ങൾ ഫ്രഞ്ചുകാർ രാവിലെ കഴിക്കും. അതിലെ ഹീറോ ബാഗറ്റ് എന്ന നല്ല നീളമുള്ള ബ്രെഡാണ്. നമ്മൾ പൊറോട്ട വാങ്ങി കഴിക്കാറില്ലേ..അലെങ്കിൽ ഗൾഫുകാർ കുബ്ബൂസ് കഴിക്കാറില്ലേ അത് പോലെ ധനികനും ദരിദ്രനുമായ ഫ്രഞ്ചുകാരുടെ പ്രധാന പ്രാതൽ വിഭവമാണ് ബാഗറ്റ്. അതും ഒരു കോളയുമായിരുന്നു പാരീസ് രണ്ടാം ദിനത്തിലെ പ്രാതൽ. ഫ്രഞ്ചുകാർക്ക് പ്രാതൽ അഥവാ ബ്രേക്ക് ഫാസ്റ്റിനോട് താൽപ്പര്യം തെല്ലുമില്ല. ഒരു ബാഗറ്റ്, അത് ധാരാളം.



ഫ്രാൻസിലെ ജനപ്രിയ വിഭവമായ ബാഗറ്റ്

പക്ഷേ ലഞ്ച് അതിവിശാലമാണ്. ഇനി വായിച്ച് ഞെട്ടരുത്. ഒരു ശരാശരി ഫ്രഞ്ചുകാരൻ ഉച്ചഭക്ഷണം കഴിക്കാൻ ഒന്നര മണിക്കൂർ എടുക്കും. അത് മൂന്ന് കോഴ്സാണ്. ആദ്യം സ്റ്റാർട്ടർ. ശേഷം മെയിൻ കോഴ്സ്. പിന്നെ അപറൈറ്റസറും. വിടുകളിലിരുന്ന് ലഞ്ച് കഴിക്കുന്നവർ കുറവാണ്. ഹോട്ടലുകൾ ഉച്ചഭക്ഷണ സമയത്ത് നിറഞ്ഞ് കവിയും. ഉച്ച 12 മണിയോടെ കുടുംബസമേതം ഹോട്ടൽ യാത്രയാണ്. അവരത് കഴിക്കുന്നത് കാണാൻ എന്ത് ചന്തമാണെന്നോ....!! സ്റ്റാർട്ടർ പതുക്കെ സിപ്പ് ചെയ്ത് കുറെ സംസാരം. പ്രധാന ഭക്ഷണമെന്നത് ഹെവി അല്ല. അൽപ്പം റൈസ്, ബീഫ് അല്ലെങ്കിൽ ചിക്കൻ. അത് പകുതി വേവിലാവും. നമ്മുടേത് പോലെ കൈപ്രയോഗമില്ല. ചീസാണ് ഫിനിഷർ. അത് നിർബന്ധവുമാണ്. സംസാരിച്ചും കളിച്ചും ചിരിച്ചുമെല്ലാമായി ലഞ്ചിനെ ആസ്വദിക്കുന്നവർ. ഹോട്ടൽ ക്യൂവിൽ ഇത്രയൊന്നും ക്ഷമിച്ച് നമ്മുടെ ഊഴം കാത്തിരിക്കാനാവില്ലല്ലോ..ഫ്രഞ്ചുകാരന്റെ പൊറോട്ടയായ ബാഗറ്റ് രണ്ടെണ്ണം വാങ്ങി. ഒട്ടും ക്ഷമയില്ലാതെ അത് അതിവേഗം അകത്താക്കി. ഒപ്പം ഒരു കോളയും. പാരിസിലെ ബാഗറ്റുമാണ് നമ്മുടെ മുദ്രാവാക്യം. ലഞ്ച് അത്യാവശ്യം ആസ്വദിച്ച് കഴിക്കുന്ന ഇവിടെയുള്ളവർക്ക് ഡിന്നറിനോട് വലിയ താൽപ്പര്യമില്ല. സൂപ്പിലും ചീസിലുമാണ് ഡിന്നർ. വൈ ൻ ഫ്രഞ്ച് തീൻമേശയിലെ നിർബന്ധിത ഉൽപ്പന്നമാണ്. ലോകത്ത് ഏറ്റവും മികച്ച വൈൻ ഉൽപ്പാദിപ്പിക്കുന്നവർ ഫ്രഞ്ചുകാരണല്ലോ. യൂറോപ്യൻ യൂണിയനിലെ നാലാമത്തെ പ്രമുഖ നഗരമാണ് പാരീസ്. ഭക്ഷണ സാധനങ്ങൾക്കെല്ലാം അത്യാവശ്യം നല്ല വിലയുമാണ്. മ്മളെ ബാഗറ്റക്ക് അഞ്ച് യൂറോ നൽകണം. ഒരു യൂറോ എന്നാൽ ഇന്ന് നാട്ടിലെ 90.88 രൂപയാണ്.




## ശുഭ പ്രതീക്ഷയിൽ ഗഗനും ഇന്ത്യയും

**പാരിസിൽ നിന്ന് സ്പോർട്സ് ലേഖകൻ**



മീഡിയാ സെന്ററിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുന്ന ഇന്ത്യൻ സംഘത്തലവൻ ഗഗൻ നരാംഗ്

വർധിത ആത്മവിശ്വാസത്തിലാണ് പാരീസ് ഒളിംപിക്സിനുള്ള ഇന്ത്യൻ സംഘമെത്തിയിരിക്കുന്നതെന്ന് ഇന്ത്യൻ സംഘത്തലവൻ ഗഗൻ നരാംഗ്. ഇതിനകം രണ്ട് ബാച്ചുകളിലായി ഇന്ത്യൻ സംഘത്തിലെ ഭൂരിപക്ഷം പേരും ഇവിടെ എത്തിയിരിക്കുന്നു. ഷൂട്ടിംഗ്, ബാഡ്മിന്റൺ, ഹോക്കി സംഘങ്ങൾ എത്തിയിട്ടുണ്ട്. എല്ലാവരും കഠിനമായ പരിശീലനത്തിലാണ്. ഗെയിംസ് വില്ലേജ് മനോഹരമാണ്. ആഗോള തലത്തിലെ മുഴുവൻ കായിക താരങ്ങളുമുണ്ട്. ഇന്ന് നടക്കുന്ന ഉദ്ഘാടന മാർച്ച് പാസ്റ്റിൽ കൂടുതൽ താരങ്ങൾ അണിനിരക്കും. വലിയ അനുഭവമായിരിക്കും സെൻ നദിക്കരയിലെ ഉദ്ഘാടനം. 21 പേർ ഉൾപ്പെടുന്ന ഇന്ത്യൻ ഷൂട്ടിംഗ് സംഘത്തെക്കുറിച്ച് പ്രതിപാദിക്കവെ മുൻ ഷൂട്ടർ കൂടിയായ ഗഗൻ സന്തോഷത്തോടെയാണ് പ്രതികരിച്ചത്. ലണ്ടൻ ഒളിംപിക്സിൽ ഞങ്ങളെല്ലാം അതിമനോഹരമായാണ് ഫെർഫോം ചെയ്തത്. 2008 ൽ അഭിനവ് സ്വന്തമാക്കിയ സ്വർണം വലിയ അംഗീകാരമായിരുന്നു. ഇത്തവണ ധാരാളം മികച്ച ഷൂട്ടർമാരുണ്ട്. അവരിൽ നിന്ന് കൂടുതൽ മെഡലുകളാണ് പ്രതീക്ഷിക്കുന്നത്. സമാപന ചടങ്ങിലെ മാർച്ച് പാസ്റ്റിൽ ആരായിരിക്കും പതാക വഹിക്കുക എന്ന് തീരുമാനിച്ചിട്ടില്ല. ഗെയിംസിൽ മെച്ചപ്പെട്ട പ്രകടനം നടത്തുന്ന താരമായിരിക്കും പതാക വാഹകൻ. ജാവലിൻ ത്രോ താരം നീരജ് ചോപ്രയിൽ നിന്നും ഇത്തവണയും സ്വർണം തന്നെ പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

## എന്ത് വിധിയിത്.... പരാതിയുമായി അർജന്റീന

പാരീസ്: ഒളിംപിക് ഫുട്ബോളിൽ മൊറോക്കോയ്ക്കെതിരേ ബുധനാഴ്ച നടന്ന ഉദ്ഘാടന മത്സരത്തിലെ നാടകീയ സംഭവങ്ങളിൽ രാജ്യാന്തര ഫുട്ബോൾ ഫെഡറേഷന് (ഫിഫ) പരാതി നൽകി അർജന്റീന ഫുട്ബോൾ അസോസിയേഷൻ. ഫിഫയുടെ അച്ചടക്ക സമിതി മുമ്പാകെയാണ് അർജന്റീന ഔദ്യോഗികമായി പരാതി നൽകിയത്.


ഒന്നിനെതിരേ രണ്ട് ഗോളുകൾക്ക് മൊറോക്കോ മുന്നിട്ടുനിൽക്കേ 16 മിനിറ്റ് ഇൻജുറി ടൈം അനുവദിച്ച മത്സരത്തിന്റെ അവസാന നിമിഷം അർജന്റീന സമനില ഗോൾ നേടിയിരുന്നു.

ഇതിനു പിന്നാലെ മൊറോക്കൻ കാണികൾ മൈതാനത്തേക്കിറങ്ങി അക്രമാസക്തരായതോടെ റഫറി മത്സരം നിർത്തിവെയ്ക്കുകയായിരുന്നു. അർജന്റീന താരങ്ങൾക്കു നേരേ പടക്കമേറും കുപ്പിയേറുമുണ്ടായി. കളി തീർന്നെന്നാണ് ഇതോടെ എല്ലാവരും കരുതിയത്.

അർജന്റീനക്ക് സമനില എന്ന ആശ്വാസവുമായി ഇറങ്ങിയവരൊക്കെ പക്ഷേ പിന്നീട് ഫലം വന്നപ്പോൾ ഒന്നു ഞെട്ടി.

അർജന്റീന തോറ്റു മൊറോക്കോ ജയിച്ചു. സുരക്ഷാ നടപടികളുടെ ഭാഗമായി അധികൃതർ മത്സരം നിർത്തിവെയ്ക്കുകയായിരുന്നുവെന്ന് പിന്നീട് വിശദീകരണം വന്നു.

പിന്നാലെ ഒന്നര മണിക്കൂറിന് ശേഷം വാർ പരിശോധിച്ച റഫറി അർജന്റീന നേടിയ രണ്ടാം ഗോൾ ഓഫ്സൈഡാണെന്ന് വിധിച്ച് ഗോൾ നിഷേധിക്കുകയായിരുന്നു. ഇതോടെ മത്സരം അർജന്റീന തോറ്റു. രണ്ട് മണിക്കൂർ കഴിഞ്ഞ് കാണികളെ സ്റ്റേഡിയത്തിൽ നിന്ന് ഒഴിപ്പിച്ച് മത്സരം പുനരാരംഭിക്കുകയും ചെയ്തു.




കാണികളോട് പിരിഞ്ഞു പോകാനാവശ്യപ്പെട്ടുള്ള അറിയിപ്പ്

മൂന്നു മിനിറ്റും 15 സെക്കന്റുമാണ് പിന്നീട് മത്സരം നടത്തിയത്. ഈ സമയത്ത് ഗോൾ നേടാൻ അർജന്റീനയ്ക്ക് സാധിച്ചതുമില്ല.

മൊറോക്കൻ കാണികൾ മൈതാനത്തേക്ക് അതിക്രമിച്ച കടന്ന ശേഷം റഫറി താത്കാലികമായി നിർത്തിവെച്ച മത്സരം പുനരാരംഭിക്കാൻ കളിക്കാർക്ക് ലോക്കർ റൂമിൽ രണ്ട് മണിക്കൂറോളമാണ് കാത്തിരിക്കേണ്ടിവന്നതെന്നും ഇത് ബുദ്ധിശൂന്യവും മത്സര നിയമങ്ങൾക്ക് വിരുദ്ധവുമായിരുന്നുവെന്നും അർജന്റീന ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് ക്ലോഡിയോ ടാപിയ പ്രസ്താവനയിൽ പറഞ്ഞു.

## ഒളിംപിക്സ് ഫോട്ടോഗ്രഫിയിലെ ഇന്ത്യൻ അത്ഭുതം

പാരീസ്: എല്ലാ ഒളിംപിക്സ് വേദിയിലും സ്ഥിരമായി കാണുന്ന ഒരു മുഖമുണ്ട്. ശാന്തകുമാർ എന്ന കട്ടിമീശക്കാരൻ. ഡെക്കാൻ ക്രോണിക്കിൾ എന്ന പ്രമുഖ ഇംഗ്ലീഷ് പത്രത്തിന്റെ ഫോട്ടോഗ്രഫർ. ഇന്നലെ പാരിസ് ഒളിംപിക്സ് മീഡിയാ സെന്ററിൽ ആദ്യമെത്തിയപ്പോൾ കണ്ടത് അദ്ദേഹത്തെ തന്നെ.

പതിവ് ചിരി, ആശ്ലേഷം, സ്നേഹാന്വേഷണം. കേരളിയനാണ് ശാന്തകുമാർ. പക്ഷേ വർഷങ്ങളായി ബെംഗളൂരു വാസി. ഒമ്പതാം തവണയാണ് അദ്ദേഹം ആഗോള കായിക മാമാങ്കത്തിനായി എത്തുന്നത്. 1988 ലെ സിയോൾ ഒളിംപിക്സ് മുതൽ ആരംഭിച്ച യാത്ര. കോവിഡ് കാരണം ടോക്കിയോവിൽ മാത്രമെത്തിയില്ല. 88ൽ സിയോളിന് ശേഷം 92 ൽ ബാർസിലോണ, 96ൽ അറ്റ്ലാന്റ, 2000ത്തിൽ സിഡ്നി, 2004ൽ ഏഥൻസ്, 2008ൽ ബെയ്ജിങ്, 2012 ൽ ലണ്ടൻ, 2016 ൽ റിയോ, കോവിഡ് മഹാമാരി കാരണം ടോക്കിയോവിൽ നടന്ന ഒളിംപിക്സിൽ മാധ്യമങ്ങൾക്ക് എൻട്രി ഉണ്ടായിരുന്നില്ല. പാരീസിൽ എത്തിനിൽക്കുന്ന നേട്ടങ്ങളിൽ അദ്ദേഹത്തിന്റെ മനസിൽ നിറയുന്നത് 2008 ൽ ബെയ്ജിങ്ങിൽ നടന്ന മഹാമേളയാണ്. ചൈനക്കാരുടെ ഒരുക്കം അപാരമായിരുന്നു. ബെയ്ജിങ് വിമാനത്താവളത്തിൽ ഇറങ്ങിയത് മുതൽ കണ്ടത് ബാനറുകളും ഒരുക്കങ്ങളും സ്വികരണവുമായിരുന്നു. പക്ഷിക്കൂട് എന്ന ആ വലിയ സ്റ്റേഡിയം തന്നെ വിസ്മയമായിരുന്നല്ലോ. പിന്നെ വലിയ നേട്ടം ഷൂട്ടിംഗിൽ അഭിനവ് ബിന്ദ്ര സ്വന്തമാക്കിയ സ്വർണം. ഒളിംപിക്സ് ചരിത്രത്തിൽ ഒരു ഇന്ത്യൻ താരത്തിന്റെ കന്നി വ്യക്തിഗത സ്വർണം. 2012 ലെ ലണ്ടനും ഇഷ്ടമായിരുന്നു. ഏഥൻസ്, ബാർസിലോണ ഒളിംപിക്സുകൾക്ക് സാമ്പത്തിക പ്രയാസങ്ങളുണ്ടായിരുന്നു. ചൈനയിൽ അത് കണ്ടില്ല. ഇപ്പോൾ പാരീസിലേക്ക് നോക്കുക. അവർക്കിത് മൂന്നാമത് ഒളിംപിക്സാണ്. വിമാനത്താവളം മുതൽ വലിയ ബഹളങ്ങളൊന്നും കാണുന്നില്ല. തുടർച്ചയായി നാലാം ഒളിംപിക്സിനെത്തുന്ന ചന്ദ്രികയെ അഭിനന്ദിക്കാനും അദ്ദേഹം മറന്നില്ല.



ശാന്തകുമാർ

## പി. രാഘവ വാരിയർ നവതി ആഘോഷം നാളെ കോട്ടക്കലിൽ

കോട്ടക്കൽ ആര്യവൈദ്യശാല ട്രസ്റ്റിയും സ്പെഷൽ കൺസൾട്ടന്റുമായ പി. രാഘവ വാരിയരുടെ നവതി ആഘോഷം നാളെ കോട്ടക്കൽ അനശ്വര ഓഡിറ്റോറിയത്തിൽ നടക്കും. ആര്യവൈദ്യശാല എക്സിക്യൂട്ടീവ് റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ 'സഫലമീ ജീവിതം' എന്ന പേരിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.വൈകുന്നേരം 4 മണിക്ക് നടക്കുന്ന സമ്മേളനം ഡോ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. ആര്യവൈദ്യശാല ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികുമാർ അധ്യക്ഷനാകുന്ന യോഗത്തിൽ മാനേജിങ് ട്രസ്റ്റി ഡോ. പി.എം. വാരിയർ സ്നേഹാഞ്ജലി പ്രഭാഷണം നടത്തും. എം.വി. ശ്രേയാംസ്കുമാർ, ആര്യവൈദ്യശാല ഹോണററി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. പി. ബാലചന്ദ്രൻ സംസാരിക്കും. സൗഹൃദസദസിൽ സഹയാത്രികരുടെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ഡോ. കെ. ജി. പൗലോസ്, ഡോ. ടി. എസ്. മുരളീധരൻ, കെ. വേണുഗോപാലൻ, പ്രഫ. ഞായത്ത് ബാലൻ സംസാരിക്കും. 'സാദരം' പരിപാടിയിൽ കോട്ടക്കലിലെ സാംസ്കാരിക രംഗത്തെ സംഘടനകളുടേയും സ്ഥാപനങ്ങളുടെയും പ്രതിനിധികൾ രാഘവവാരിയരെ പൊന്നാടയണിയിച്ചാദരിക്കും. സമ്മേളനത്തെ തുടർന്ന് കലാസായാഹ്നവും സംഘടിപ്പിച്ചിട്ടുണ്ട്. കോട്ടക്കൽ നഗരസഭാ ചെയർപേഴ്സൺ ഡോ. കെ. ഹനീഷ സായാഹ്നം ഉദ്ഘാടനം ചെയ്യും. കവിതാലാപനം, കഥകളിപ്പദകച്ചേരി, ഭരതനാട്യം, ഫ്യൂഷൻ ഡാൻസ് തുടങ്ങിയ കലാപരിപാടികൾ നടക്കും.

### വികസനപദ്ധതിക്ക് തുക വർധിപ്പിക്കുന്നതിന് പരിശോധിക്കുമെന്ന് കേന്ദ്രസഹമന്ത്രി റാവു ഇന്ദ്രജിത്ത് സിങ്


മലപ്പുറം: എം.പിമാരുടെ പ്രാദേശിക വികസന പദ്ധതികളുടെ തുക വർധിപ്പിക്കാനുള്ള നിർദേശങ്ങൾ പല ഭാഗത്തുനിന്നും മന്ത്രാലയത്തിന് ലഭിക്കുന്നുണ്ടെന്ന് സ്റ്റാറ്റിസ്റ്റിക്സ്,പദ്ധതി നിർവഹണ,ആസൂത്രണ സഹമന്ത്രി റാവു ഇന്ദ്രജിത്ത് സിങ് ഡോ.എം.പി അബ്ദുസ്സമദ് സമദാനി എം.പിയെ അറിയിച്ചു. ഇക്കാര്യം നടപടിക്രമം അനുസരിച്ച് പരിശോധിക്കാറുണ്ടെന്നും മന്ത്രി പറഞ്ഞു. തുക വർധിപ്പിക്കാൻ സർക്കാറിന് ഉദ്ദേശ്യമുണ്ടോ എന്ന് ചോദ്യത്തിന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 26 വെള്ളി
ഗൾഫ് ചന്ദ്രിക






# പുളിക്കൽ അരൂരിൽ 102 പേർക്ക് മഞ്ഞപ്പിത്തം



കൊണ്ടോട്ടി: പുളിക്കൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം വ്യപകമാവുന്നു. വിവിധ ഭാഗങ്ങളിലായി 102പേരാണ് ഇതിനകം രോഗബാധിതരായി ചികിത്സയിലുള്ളത്. ഇതിൽ 76 പേർ അരൂർ മേഖലയിലുള്ളവരാണ്. ഇതിൽ അരൂർ എ.എം.യു.പി സ്കൂളിലെ 59 വിദ്യാർഥികളും ഉൾപെടും. മഞ്ഞപ്പിത്തം സ്ഥിരീകരിച്ചതിനെ തുടർന്ന് സ്കൂൾ 29വരെ അടച്ചുപൂട്ടിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും നിർദേശത്തെ തുടർന്നാണ് സ്കൂൾ അടച്ചത്.

സ്കൂളിലെ കിണർ വെള്ളം പരിശോധന നടത്തിയെങ്കിലും പ്രശ്നം കണ്ടിട്ടില്ല. ആരോഗ്യ വകുപ്പ് സ്ഥലത്തെ വിവിധ കിണറുകൾ ക്ലോറിനേഷൻ നടത്തിയിട്ടുണ്ട്. ബോധവത്കരണ പരിപാടികളും ഊർജിതമാക്കിയിട്ടുണ്ട്. രോഗം പൂർണമായും ഭേദമാകാത്തവരുമായുള്ള സമ്പർക്കമാണ് രോഗ പകർച്ചക്ക് പ്രധാന കാരണമെന്നാണ് ആരോഗ്യ പ്രവർത്തകരുടെ കണ്ടെത്തൽ. ഏതെങ്കിലും വിരുന്നു സൽക്കാരങ്ങളിൽ ഒരുമിച്ചു പങ്കെടുത്തവർ, ഒരേ ജലാശയം ഉപയോഗിക്കുന്നവർ തുടങ്ങിയ ഗണങ്ങളിൽ പെടുന്നവരല്ല മിക്ക രോഗികളുമെന്നതാണ് ഈ നിഗമനത്തിലേക്ക് വിരൽ ചൂണ്ടുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾ വളരെ കുറവായ അരൂർ മേഖലയിൽ തദ്ദേശീയരിൽ തന്നെയാണ് രോഗബാധ കണ്ടെത്തിയിരിക്കുന്നത്. രോഗം വ്യാപിക്കുന്ന സാഹചര്യത്തിൽ പുളിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.



60 പേരടങ്ങുന്ന സംഘമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതിന്റെ ഭാഗമായി അരൂർ എ.എം.യു.പി സ്കൂളിൽ ചേർന്ന യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

ജനങ്ങളെ ബോധവത്കരിക്കുന്നതിനും ശുചിത്വം ഉറപ്പു വരുത്തുന്നതിനും രോഗബാധിതരുമായി മറ്റുള്ളവരുടെ സമ്പർക്കം തടയുന്നതിനുമായി ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും ഉൾപ്പെട്ട സംഘം ഗൃഹ സന്ദർശന മുൾപ്പെടെയുള്ള പരിപാടികൾ ആരംഭിച്ചു. കിണറുകൾ ക്ലോറിനേറ്റ് ചെയ്യൽ, ബോധവത്കരണ ലഘുലേഖ വിതരണം,വ്യാപാര കേന്ദ്രങ്ങളിലേയും ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ കേന്ദ്രങ്ങളിലേയും പരിശോധന,വീട്ടു പരിസരങ്ങളിൽ ശുചിത്വം ഉറപ്പാക്കൽ,കുടിക്കാനുപയോഗിക്കുന്ന വെള്ളത്തിന്റെ പരിശോധന എന്നിവയും സ്ക്വാഡ് പ്രവർത്തനത്തിന്റെ ഭാഗമായി നടക്കും. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബേബി രജനി യോഗത്തിൽ അധ്യക്ഷ യായി. ഹെൽത്ത് സൂപ്പർവൈസർ കൃഷ്ണൻ പാറപ്പുറത്ത് പ്രതിരോധ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഗ്രാമപഞ്ചായത്ത് അംഗം ശങ്കരൻ, ഹെൽത്ത് ഇൻസ്പെക്ടർമാരായ ഇ.നിധീഷ്, പ്രേംപൂജ, സ്കൂൾ പ്രഥമാധ്യാപകൻ എൻ.പ്രമോദ് ദാസ്, പി.ടി.എ പ്രസിഡന്റ് സതീഷ്, നൗഫൽ പ്രസംഗിച്ചു

# കോഹിനൂർ അണ്ടർപാസ് പ്രതിഷേധമായി ബഹുജന മാർച്ച്

## നാട്ടുകാരുടെ പ്രക്ഷോഭത്തിന് പൂർണ പിന്തുണയെന്ന് എം.എൽ.എ




കോഹിനൂറിൽ അണ്ടർ പാസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനകീയ സമരസമിതിയുടെ നേതൃത്വത്തിൽ കെ.എൻ.ആർ.സി കോഹിനൂർ ഓഫീസിലേക്ക് നടത്തിയ മാർച്ച് പി. അബ്ദുൽ ഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

തേഞ്ഞിപ്പലം: കോഹിനൂറിൽ അണ്ടർ പാസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനകീയ സമരസമിതിയുടെ നേതൃത്വത്തിൽ കെ.എൻ.ആർ.സി കോഹിനൂർ ഓഫീസിലേക്ക് മാർച്ച് നടത്തി.തേഞ്ഞിപ്പലം, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികളും കോഹിനൂർ പരിസര പ്രദേശത്തെ നൂറുകണക്കിനാളുകൾ, വ്യാപാരി വ്യവസായി ഏകോപന സമിതി മെമ്പർമാർ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും പ്രവർത്തകരുമുൾപ്പെടെ നൂറുകണക്കിന് ആളുകൾ മാർച്ചിൽ അണിനിരന്നു.ദേശീയപാതാ നവീകരണത്തിന്റെ പേരിൽ നിഷേധിക്കപ്പെടുന്ന യാത്രാ സ്വാതന്ത്ര്യം നിഷേധിക്കുന്ന എൻ.എച്ച് അധികൃതരുടെ നടപടിയിൽ മാർച്ചിൽ പ്രതിഷേധമിരമ്പി.

ദേശീയപാതയിൽ നിന്നും കാലിക്കറ്റ് എയർപോർട്ടിലേക്കുൾപ്പെടെയുള്ള വാഹനങ്ങളും കൊണ്ടോട്ടി, നീരോൽപാലം, പെരുവള്ളൂർ എന്നീ പ്രദേശങ്ങളിലേക്ക് ബസ്സുകൾ ഉൾപ്പെടെ നൂറ്ക്കണക്കിന് വാഹനങ്ങൾ കടന്നു പോകുന്ന റോഡാണ് എൻ.എച്ച് നവീകരണത്തിന്റെ പേരിൽ കൊട്ടിയടക്കപ്പെടുന്നത്. പി.അബ്ദുൽ ഹമീദ് എം.എൽ.എ മാർച്ച് ഉദ്ഘാടനം ചെയ്തു. സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുന്ന എൻ.എച്ച് അധികാരികളുടെ നടപടിക്കെതിരെ നാട്ടുകാർ നടത്തുന്ന പ്രക്ഷോഭത്തിന് എല്ലാവിധ പിന്തുണയുമുണ്ടാവുമെന്ന് എം.എൽ.എ പറഞ്ഞു. ദേശീയപാതാ അതോറിട്ടി ഓഫ് ഇന്ത്യയുടെ ബന്ധപ്പെട്ട അധികാരികൾക്കെല്ലാം നിവേദനം നൽകുകയും ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തിയതാണ്. നിയമസഭയിലും വിഷയം ഉന്നയിച്ചതാണെന്നും എം.എൽ.എ പറഞ്ഞു.സമര സമിതി ചെയർമാൻ പി.ടി ഇബ്രാഹിം അധ്യക്ഷനായി.

ജില്ലാ പഞ്ചായത്ത് മെമ്പർ ടി.പി.എം ബഷീർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ടി.വിജിത്ത്, അബ്ബാസ്,സമരസമിതി കൺവീനർ മുഹമ്മദ് ബാബു, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ബിന്ദു, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി ,ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ പി.വി ജാഫർ സിദ്ദീഖ്,നസീമ യൂനുസ്, ധനജ് ഗോപിനാഥ്,എം.സുലൈമാൻ,ഉമ്മു ആയിഷ,വിജിത, പി.വി ഹുസൈൻ മാസ്റ്റർ,നീലാണ്ടൻ പറമ്പൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ അനുമോദ് കടശ്ശേരി, എം.എം ബഷീർ, ഫിറോസ് കള്ളിയിൽ, എ.കെ സൈനുൽ ആബിദ്, കെ.ടി അസീസ് ,ഷംസുദ്ദീൻ മച്ചിങ്ങൽ,വ്യാപാരി വ്യവസായി ഏകോപന സമിതി നേതാക്കളായ മുഹമ്മദ് റഫീഖ്,മുഹമ്മദ് പാലയിൽ,കെ.പി ബീരാൻകോയ,പി.വി ഷറഫുദ്ദീൻഹാജി പ്രസംഗിച്ചു. സമരസമിതി നേതാക്കൾ എം.എൽ.എയുടെ നേതൃത്വത്തിൽ കെ.എൻ.ആർ.സി അധികാരികളുമായി ചർച്ച നടത്തി. അനുകൂലമായ തീരുമാനമുണ്ടായില്ലെങ്കിൽ ശക്തമായ സമരവുമായി മുന്നോട്ട് പോവുമെന്ന് നേതാക്കൾ മുന്നറിയിപ്പ് നൽകി.

# കാലവർഷക്കെടുതിയിൽ നടപടി വേണം: കുഞ്ഞാലിക്കുട്ടി



കൂരിയാട് പാലത്തിന് സമീപം ദേശീയ പാതയോട് ചേർന്ന കടലുണ്ടി പുഴയുടെ ഇടിഞ്ഞ ഭാഗം പി.കെ.കുഞ്ഞാലിക്കുട്ടി സന്ദർശിക്കുന്നു.

വേങ്ങര: കാലവർഷക്കെടുതി മൂലം ഉണ്ടായ ദുരിതങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടു. മഴ കനത്തതിനെ തുടർന്ന് കടലുണ്ടി പുഴയിലേക്ക് കരയിടിഞ്ഞു വീണ വേങ്ങരയിലെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയായിരുന്നു. കൂരിയാട് പാലത്തിന് സമീപം ദേശീയ പാതയോട് ചേർന്ന കടലുണ്ടി പുഴയുടെ കരഭാഗം പുഴയിലേക്ക് ഇടിഞ്ഞു വീണ് വീടുകൾ അടക്കം അപകട ഭീഷണിയിലാണ്. ഈ ഭാഗത്തുള്ള സ്വകാര്യ സ്കൂളിന്റെ ഭാഗവും ഇടിഞ്ഞു അപകടാവസ്ഥയിലാണ്. വലിയോറ കാളികടവ് വാകേരിക്കടവ് ഭാഗത്തും കടലുണ്ടിപ്പുഴയുടെ കരയിടിഞ്ഞു വീടുകൾ അടക്കം അപകടാവസ്ഥയിലായിട്ടുണ്ട്. നേരത്തെ ഊരകം പഞ്ചായത്തിലെ മമ്പീതി പ്രദേശത്തും പുഴ കരയെടുത്ത റോഡടക്കം അപകട ഭീഷണിയിലാണ്. അടിയന്തരമായി നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കൂടുതൽ അപകടങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. കരയിടിഞ്ഞു അപകടവസ്ഥയിലായ സ്ഥലങ്ങളിൽ കടലുണ്ടിപ്പുഴക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കലക്ടർക് എം.എൽ.എ നിർദേശം നൽകിയിട്ടുണ്ട്.വിഷയം സർക്കാരിന്റേയും ഇറിഗേഷൻ ഡിപ്പാർട്മെന്റ് അടക്കം ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽ പെടുത്തി ആവശ്യമായ ഫണ്ട് അനുവദിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുമെന്നും എം.എൽ.എ അറിയിച്ചു. വേങ്ങര ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ബെൻസീറ ടീച്ചർ,ഊരകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ കെ മൻസൂർകോയ തങ്ങൾ, വേങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഹസീന ഫസൽ, ഊരകം പഞ്ചായത്ത് വൈസ് പ്രസിഡന്റ് മൈമൂനത്ത്, മെമ്പർമാരായ എ.കെ ശറഫുദ്ദീൻ, കണ്ണാട്ടിൽ മജീദ് പങ്കെടുത്തു.



എ.പി അസ്‌ലം ഹോളി ഖുർആൻ അവാർഡ് ലോഗോ പ്രകാശനം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

# എ.പി അസ്‌ലം ഹോളി ഖുർആൻ അവാർഡ് ലോഗോ പ്രകാശനം

മലപ്പുറം: ഖുർആൻ പഠന-പാരായണ-മനനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വളവന്നൂർ ദാറുൽ അൻസാർ ഖുർആൻ അക്കാദമി ഈ വർഷം മുതൽ നൽകുന്ന 'എ.പി. അസ്‌ലം ഹോളി ഖുർആൻ അവാർഡിന്റെ ലോഗോ പ്രകാശനം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിച്ചു. പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി, എ.പി അബ്ദുസ്സമദ്, എ.പി ഷംസുദ്ദീൻ എന്നിവരുടെ സാന്നിധ്യത്തിലാണ് പ്രകാശനം നടന്നത്. ഖുർആൻ അർത്ഥമറിഞ്ഞ് ഹൃദിസ്ഥമാക്കുവാനും സാരമുൾക്കൊണ്ട് പാരായണം ചെയ്യുവാനും മുസ്‌ലിം സമൂഹത്തെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയും ഖുർആൻ ഹിഫ്ള് സ്ഥാപനങ്ങളെയും മറ്റ് മതപഠനസ്ഥാപനങ്ങളെയും തങ്ങളുടെ വിദ്യാർഥികളെ ഖുർആൻ പഠിപ്പിക്കുന്നതിനോടൊപ്പം അതിന്റെ അർത്ഥം കൂടി പഠിപ്പിക്കുന്നതിന് പ്രചോദിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ രൂപകൽപന ചെയ്യപ്പെട്ട അവാർഡ് ഖുർആൻ പ്രചാരണരംഗത്തെ മാതൃകാപരമായ ഉദ്യമമാണെന്ന് തങ്ങൾ പറഞ്ഞു. പ്രവാസി കൂട്ടായ്മകളിലെ സജീവസാന്നിധ്യവും ഇന്ത്യയിലെയും യു.എ.ഇയിലെയും സാമൂഹിക- സാംസ്കാരിക-വിദ്യാഭ്യാസ- മത-രാഷ്ട്രീയ മേഖലകളിൽ നിറഞ്ഞു നിന്നിരുന്ന വ്യക്തിത്വവുമായിരുന്ന എ.പി മുഹമ്മദ് അസ്‌ലമിന്റെ നാമധേയത്തിലുള്ള ഈ അവാർഡ് എല്ലാ വർഷവും നൽകുമെന്ന് അദ്ദേഹത്തിന്റെ സഹോദരൻ കൂടിയായ ദാറുൽ അൻസാർ ചെയർമാൻ എ.പി അബ്ദുസ്സമദ് വ്യക്തമാക്കി.

ഖുർആൻ പൂർണമായും മനഃപാഠമുള്ളവരും തജ്‌വീദ് നിയമങ്ങൾ പാലിച്ചുകൊണ്ട് പാരായണം ചെയ്യാൻ കഴിയുന്നവരും ആദ്യത്തെ അഞ്ച് ജുസ്ഉകളുടെയും അവസാനത്തെ അഞ്ചു ജുസ്ഉകളുടെയും ആശയം മനസ്സിലാക്കിയിട്ടുള്ളവരുമായ മലയാളികളായ ആൺകുട്ടികൾക്ക് വേണ്ടി രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ നിന്നാണ് അവാർഡ് ജേതാവിനെ കണ്ടെത്തുക. മത്സരത്തിൽ പങ്കെടുക്കേണ്ടവരുടെ പരമാവധി പ്രായം 22 വയസ്സാണ്. www.aslamquranaward.com എന്ന വെബ്സൈറ്റിൽ അപേക്ഷഫോം ലഭ്യമാണ്. കേരളത്തിൽ നാല് മേഖലകളിലായും ഗൾഫ് നാടുകളിൽ ആറ് മേഖലകളിലായുമാണ് പ്രാഥമികമത്സരം നടക്കുക. കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും ജിദ്ദ, ദുബായ്, ദോഹ, ബഹ്റൈൻ, മസ്കറ്റ്, കുവൈറ്റ് എന്നിവിടങ്ങളിലും വെച്ച് നടക്കുന്ന മേഖലാതല മത്സരങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരാണ് 2024 ഡിസംബർ 24 ന് ചൊവ്വാഴ്ച മലപ്പുറം ജില്ലയിലെ വളവന്നൂരിൽ വെച്ച് നടക്കുന്ന ഫൈനൽ മത്സരത്തിൽ പങ്കെടുക്കുക.

ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച് അസ്‌ലം ഖുർആൻ അവാർഡിന് അർഹനാകുന്ന വിജയിക്ക് പത്ത് ലക്ഷം ഇന്ത്യൻ രൂപയാണ് സമ്മാനം.രണ്ട്, മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപ,ഒരു ലക്ഷം രൂപ എന്നിവ സമ്മാനങ്ങളായി ലഭിക്കും. ഫൈനലിൽ മത്സരിക്കുന്ന മുഴുവൻ പേർക്കും പ്രോത്സാഹനമായി ക്യാഷ് അവാർഡുകൾ നൽകും. സമ്മാനങ്ങൾക്ക് വേണ്ടി മാത്രമായി ഇരുപത് ലക്ഷം രൂപയാണ് ഈ വർഷം കമ്മിറ്റി ചെലവഴിക്കുന്നത്.



എസ്.വൈ.എസ് രാഷ്ട്ര രക്ഷാ സംഗമത്തിന്റെ ഫണ്ട് ഉദ്ഘാടനം കോപ്പിലാൻ അബു ഹാജിയിൽ നിന്ന് തുക സ്വീകരിച്ച് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

# സൈനബ ഹജ്ജുമ്മ അനുസ്മരണ,പ്രാർത്ഥനാ സംഗമം

മലപ്പുറം: മലപ്പുറം സി.എച്ച് സെന്റർ ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്ററിനായി ഒരു ഏക്കർ 30 സെന്റ് ഭൂമി സൗജന്യമായി നൽകി സമൂഹത്തിന് മാതൃകയായ സൈനബ ഹജ്ജുമ്മയുടെ പേരിൽ പ്രത്യേക പ്രാർത്ഥനാ സദസ്സും അനുസ്മരണ സംഗമവും സംഘടിപ്പിച്ചു. സൈനബ ഹജ്ജുമ്മയുടെ മക്കളെന്ന് അവർതന്നെ വിശേഷിപ്പിച്ച മുസ്‌ലിം ലീഗ് പ്രവർത്തകരും സന്നദ്ധ സേവകരും പങ്കെടുത്തു. സി.എച്ച് സെന്റർ ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്ററിലെ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ കൺവൻഷൻ സെന്ററിനകവും പുറവും സൈനാത്തയെ സ്മരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനുമെത്തിയവരാൽ നിറഞ്ഞു.

ആത്മീയതയിലലിഞ്ഞ പ്രാർത്ഥനാ സംഗമത്തിന് ശേഷം നടന്ന അനുസ്മരണ സംഗമം സൈനബ ഹജ്ജുമ്മയെ ഓർത്തെടുത്ത് കണ്ണീർ വീഴ്ത്തി.

പി.കെ അബ്ദുൽ ഗഫൂർ അൽ ഖാസിമി ഉദ്ഘാടനം നിർവഹിച്ചു. കാലം ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ നടത്തണമെന്ന പാഠമാണ് സൈനബ ഹജ്ജുമ്മയെന്ന മഹതിയുടെ ജീവിതം നമുക്ക് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. കിഡ്നി രോഗികളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവർക്ക് ആശ്വാസമേകാൻ സ്ഥാപിക്കപ്പെടേണ്ടത് ഡയാലിസിസ് സെന്ററുകളായിരുന്നു. അതിനുള്ള ഭൂമി നൽകുക വഴി വലിയൊരു സുകൃതമാണ് അവർ ചെയ്തതെന്നും ആ പൈതൃകം നാം പിന്തുടരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



മലപ്പുറം സി.എച്ച് സെന്റർ ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്ററിലെ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ കൺവൻഷൻ സെന്ററിൽ നടന്ന സൈനബ ഹജ്ജുമ്മ അനുസ്മരണ പ്രാർത്ഥനാ സദസ്സിൽ പി.ഉബൈദുല്ല എം.എൽ.എ അനുസ്മരണ പ്രഭാഷണം നടത്തുന്നു

മലപ്പുറം സി.എച്ച് സെന്ററിന് കീഴിൽ ഡയാലിസിസ് സെന്റർ എന്ന സ്വപ്നം പിറക്കുന്നത് തന്നെ സൈനബ ഹജ്ജുമ്മ സ്ഥലം നൽകിയതിന് പിന്നാലെയാണെന്ന് പി ഉബൈദുല്ല എം.എൽ.എ അനുസ്മരണ പ്രഭാഷണത്തിൽ പറഞ്ഞു.

സമ്പത്തിന്റെ സിംഹഭാഗവും മത, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ച ഹജ്ജുമ്മക്ക് അർഹിച്ച യാത്രയയപ്പാണ് മലപ്പുറം നൽകിയത്. കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ക്യാൻസർ കെയർ ആന്റ് റിസർച്ച് സെന്ററും ഇവിടെ സ്ഥാപിക്കപ്പെടുകയാണെന്നും ഈ സ്ഥാപനങ്ങളുള്ളിടത്തോളം കാലം സൈനബ ഹജ്ജുമ്മയുടെ ഓർമ നിലനിൽക്കുമെന്നും എം.എൽ.എ കൂട്ടിച്ചേർത്തു.

കെ.എൻ.എ ഹമീദ് മാസ്റ്റർ അധ്യക്ഷനായി. പി.കെ ബാവ,അഡ്വ. എൻ.കെ മജീദ്,ഹാജി കുഞ്ഞിമോൻ കാക്കിയ, കെ.കെ ഹക്കീം,എം.പി മുഹമ്മദ്, നൗഷാദ് മണ്ണിശ്ശേരി, എൻ.കെ മുസ്തഫ, മന്നയിൽ അബൂബക്കർ, ജമാലുദ്ദീൻ റഹ്മാനി, ജലീൽ സഖാഫി, ഹുസൈൻ ആറ്റക്കോയ തങ്ങൾ, മുഹമ്മദ് മുസ്‌ലിയാർ നാണത്ത്, അബൂബക്കർ അൻവരി, അൻവർ റഷീദ് ബാഖവി, റാഫി മുസ്‌ലിയാർ, ജാഫർ ഫൈസി, മുനീർ ബാഖവി, ജാഫർ ബാഖവി, ശംസുദ്ദീൻ ബാഖവി പങ്കെടുത്തു. യൂസുഫ് കൊന്നോല സ്വാഗതവും വി മുസ്തഫ നന്ദിയും പറഞ്ഞു.

## എസ്.വൈ.എസ് രാഷ്ട്ര രക്ഷാസംഗമം ഫണ്ട് ഉദ്ഘാടനം

മലപ്പുറം: മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന പ്രമേയവുമായി സുന്നി യുവജന സംഘം ഈസ്റ്റ് ജില്ലാ കമ്മിറ്റി ഓഗസ്റ്റ് 15ന് വൈകീട്ട് 4 മണിക്ക് കൊണ്ടോട്ടിയിൽ സംഘടിപ്പിക്കുന്ന രാഷ്ട്ര രക്ഷാ സംഗമത്തിന്റെ ഫണ്ട് ഉദ്ഘാടനം കോപ്പിലാൻ അബു ഹാജിയിൽ ഫണ്ട് സ്വീകരിച്ച് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നിർവഹിച്ചു. സമസ്ത ജില്ലാ ജനറൽ സെക്രട്ടറി ഇ. മൊയ്തീൻ ഫൈസി പുത്തനഴി, എസ്.വൈ.എസ് ജില്ലാ ജനറൽ സെക്രട്ടറി സലീം എടക്കര, ട്രഷറർ അബ്ദുൽ ഖാദിർ ഫൈസി കുന്നുംപുറം, സയ്യിദ് ബി.എസ്.കെ തങ്ങൾ എടവണ്ണപ്പാറ, സയ്യിദ് കെ.കെ.എസ് ബാപ്പുട്ടി തങ്ങൾ ഒതുക്കുങ്ങൽ, പി.കെ ലത്തീഫ് ഫൈസി മേൽമുറി പങ്കെടുത്തു.

## ആദർശസമിതി റാഇദ്,ഖാഇദ് സംയുക്ത സംഗമം ഇന്ന്

മലപ്പുറം: സുന്നി യുവജന സംഘം ഈസ്റ്റ് ജില്ല ആദർശ സമിതി അംഗങ്ങളുടെയും റാഇദ്, ഖാഇദ്മാരുടെയും സ്പെഷൽ സംയുക്ത സംഗമം ഇന്ന് വൈകുന്നേരം നാല് മണിക്ക് മലപ്പുറം സുന്നി മഹലിൽ നടക്കും. എസ്.വൈ.എസ് സംസ്ഥാന വൈ.പ്രസിഡന്റ് കെ.എ. റഹ്മാൻ ഫൈസി കാവനൂർ, എസ്.വൈ.എസ് ജില്ലാ ജനറൽ സെക്രട്ടറി ടി.പി. സലിം എടക്കര, ട്രഷറർ അബ്ദുൽ ഖാദർ ഫൈസി കുന്നുംപുറം, ജില്ലാ ആദർശ സമിതി കൺവീനർ സി.എം കുട്ടി സഖാഫി വെള്ളേരി, എം.ടി അബൂബക്കർ ദാരിമി പ്രസംഗിക്കും. തസ്ഫിയ ആദർശ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഖാഇദ്മാർക്ക് സംഗമത്തിൽ വിതരണം ചെയ്യും.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 26 വെള്ളി
ഗൾഫ് ചന്ദ്രിക



ഇന്ത്യയിൽ നിന്നുള്ള കടൽ ചെമ്മീൻ ഇറക്കുമതിക്ക് അമേരിക്ക ഏർപ്പെടുത്തിയ വിലക്ക് നീക്കാൻ കേന്ദ്ര സർക്കാരിന്റെ നയതന്ത്രപരമായ ഇടപെടൽ ആവശ്യമാണ്. യു.എസ് നിരോധനം കാരണം ഇന്ത്യക്ക് പ്രതിവർഷം 2,500 കോടി രൂപയുടെ സമുദ്രോത്പന്ന കയറ്റുമതി നഷ്ടമാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാഹചര്യം മുതലെടുത്ത് യൂറോപ്യൻ യൂണിയനും ചൈനയും ജപ്പാനും ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങൾ ഇന്ത്യൻ ചെമ്മീന്റെ വിലകുറക്കുകയാണ്. ഇതുകാരണം വിവിധ ചെമ്മീൻ ഇനങ്ങൾക്ക് ആഭ്യന്തര വിപണിയിലും വില ഇടിയുന്നു. അതീവ ഗൗരവമുള്ള വിഷയമാണിത്.

**–കെ.സി വേണുഗോപാൽ**

പ്രവാസികൾ നാട് കടത്തപ്പെട്ടവരല്ല. ജീവിക്കാനും കുടംബം നോക്കാനും അതുവഴി നാടിന് താങ്ങാവാനുമായി വിദേശത്ത് പോയി കഷ്ടപ്പെടുന്നവരാണ്. 5000 മുതൽ 6000 വരെയായിരുന്ന വിമാന ടിക്കറ്റ് നിരക്ക് അവധിക്കാലത്ത് 50,000 മുതൽ 60,000 രൂപ വരെയാകും. ഇത് തന്നെ എക്ണോമിക് ക്ലാസിന് 85,000 രൂപയുമാകും. നാലംഗ കുടുംബത്തിന് ഈ നിരക്ക് എങ്ങനെയാണ് താങ്ങാനാവുക? മാതാപിതാക്കൾ മരിച്ചാൽ സംസ്കാരത്തിന് പങ്കെടുക്കാൻ പോലും പ്രവാസികൾക്ക് വരാൻ കഴിയാത്ത അവസ്ഥയാണ്. പ്രവാസികൾ അനാഥരല്ല, ഇത് ചോദ്യം ചെയ്യണം.

**–ഷാഫി പറമ്പിൽ**



## കേരള വാർത്തകൾ


# ഇനിയും ശരിയാകാതെ ഇ–ഫയൽ

## സ്തംഭിച്ച് ഭരണസിരാകേന്ദ്രം

തിരുവനന്തപുരം: സെക്രട്ടറിയേറ്റിൽ ഇ ഫയൽ സംവിധാനത്തിലെ തകരാർ പരിഹരിക്കാത്തതിനെ തുടർന്ന് മൂന്നാംദിവസവും ഭരണസിരാകേന്ദ്രം നിശ്ചലം.

ഒരു ഉത്തരവ് പോലും വകുപ്പുകൾക്ക് ഇറക്കാനാകുന്നില്ല. പ്രശ്നം പരിഹരിക്കാൻ നാഷണൽ ഇൻഫാമാറ്റിക് സെന്ററിനും (എൻ.ഐ.സി) ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതും തിരിച്ചടിയാണ്. ഒന്നരമാസം മുമ്പാണ് ഇഫയലിംഗ് സംവിധാനത്തിൽ പുനക്രമീകരണം കൊണ്ടുവന്നത്. ഇതിന് ശേഷം ഫയൽ നീക്കം മന്ദഗതിയിലായെന്ന് ഉദ്യോഗസ്ഥർക്ക് പരാതിയുണ്ടായിരുന്നു. ഇതിനിടെയാണ് ചൊവ്വാഴ്ച രാവിലെ മുതൽ ഇ ഓഫീസ് പൂർണമായും പണിമുടക്കിയത്.ഇ ഫയലുകൾ തുറക്കാൻ പോലും ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ല. ഇ ഫയലിംഗ് നടപ്പിലാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന എൻഐസിയെ വിവരമറിയിച്ചെങ്കിലും ഫലമുണ്ടായില്ല. ഐടി സെക്രട്ടറി വിളിച്ച യോഗത്തിൽ പ്രശ്നത്തെ ചൊല്ലി തർക്കമുണ്ടായതായും വിവരമുണ്ട്. നിലവിൽ പൂർണമായും ഇഫയൽ സിസ്റ്റം ആയതിനാൽ തുടർന്നുള്ള ഫയലെഴുത്തുകൾ കടലാസാക്കാനും കഴിയുന്നില്ല.

പിൻഫയലുകളുടെ വിവരങ്ങൾ അറിയാൻ കഴിയാത്തതുകൊണ്ടാണ് തുടർ നീക്കവും തടസപ്പെടുന്നത്. ദില്ലിയിൽ നിന്നും എൻഐസി വിദഗ്ധരെത്തിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാനവൂയെന്നാണ് ഇപ്പോൾ ഐടി വകുപ്പ് പറയുന്നത്. രണ്ട് ദിവസമായി പഞ്ച് ചെയ്തു കഴിഞ്ഞാൽ ഉദ്യോഗസ്ഥർക്കിപ്പോൾ പണിയില്ല. സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ തെരെ!ഞ്ഞെടുപ്പ് ശനിയാഴ്ചയാണ്. ഫയൽ നീക്കം നിലച്ചതിനാൽ സംഘടനാ പ്രവർത്തകരായ ഉദ്യോഗസ്ഥരെല്ലാം വകുപ്പുകൾ കയറിയിറങ്ങി വോട്ടുപിടിക്കുന്ന തിരക്കിലാണ്. അതേസമയം, മുഖ്യമന്ത്രി പിണറായി വിജയൻ ക്ലിഫ്ഹൗസിൽ ആയുർവേദ ചികിൽസയിലായതിനാൽ സെക്രട്ടറിയേറ്റിൽ ഭരണസ്തംഭനം പൂർണമായി. രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മുതൽ 6 വരെയും ആണ് മുഖ്യമന്ത്രിയുടെ ചികിൽസ. കർക്കിടക മാസത്തെ ചികിത്സ എത്ര ദിവസം നീളുമെന്ന് വ്യക്തമായിട്ടില്ല.



മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി കോഴിക്കോട് ചക്കിട്ടപ്പാറ മീൻതുള്ളിപ്പാറയിൽ ആരംഭിച്ച രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാംപ്യൻഷിപ്പിനോടനുബന്ധിച്ചു നടന്ന ഫ്രീസ്റ്റൈൽ പ്രദർശനത്തിൽ ജർമനിയുടെ മറീസ (നീല) ഓളപ്പരപ്പിൽ അഭ്യാസം നടത്തുന്നതിനിടെ നേപ്പാൾ താരം ദമൻ സിങ്ങിനെ ഇടിച്ചപ്പോൾ. **സി.കെ തൻസീർ**

## യൂത്ത് ലീഗ് ദിനത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ചായ മേശ പദ്ധതി





കോഴിക്കോട്: ഭാഷ സമര അനുസ്മരണ ദിനമായ, ജൂലൈ 30 ന് യൂത്ത് ലീഗ് ദിനത്തിൽ മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി 'ചായ മേശ' എന്ന വ്യത്യസ്തമായ പദ്ധതിക്ക് തുടക്കമിടുമെന്ന് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അറിയിച്ചു. സംഘടന സമുദായം സമൂഹം എന്ന പ്രമേയത്തിൽ സംസ്ഥാന കമ്മിറ്റി നടത്തി വരുന്ന യുവജാഗരൺ കാമ്പയിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും എത്തുന്ന രോഗികൾക്കും കൂടെയുള്ളവർക്കും ചായയും സ്നാക്സും നൽകുന്നതാണ് പദ്ധതി. യൂത്ത് ലീഗ് ദിനാചരണത്തിൽ സംസ്ഥാനത്തെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന പൊതുജനങ്ങൾക്കു വേണ്ടി ചായ മേശ പദ്ധതി നടത്തും. മണ്ഡലം കമ്മിറ്റികളുടെ മേൽനോട്ടത്തിൽ അതത് പഞ്ചായത്ത്/മുൻസിപ്പൽ കമ്മിറ്റികളാണ് പദ്ധതിക്ക് നേതൃത്വം നൽകേണ്ടതെന്ന് നേതാക്കൾ അറിയിച്ചു. പദ്ധതി വിജയകരമാക്കാൻ നേതാക്കൾ ആഹ്വാനം ചെയ്തു. ചായ മേശ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 29ന് വൈകീട്ട് 3.30ന് മലപ്പുറം മൊറയൂർ ഫാമിലി ഹെൽത്ത് സെന്ററിൽ സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കും.

## വന്യ ജീവി ആക്രമണം: കേരളത്തിൽ അഞ്ചു വർഷത്തിനിടെ മരിച്ചത് 486 പേർ

### അഡ്വ. ഹാരിസ് ബീരാൻ എം.പിയുടെ ചോദ്യത്തിന് രാജ്യസഭയിൽ മന്ത്രിയുടെ മറുപടി

ന്യൂഡൽഹി: കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മാത്രം കേരളത്തിൽ വന്യ ജീവി ആക്രമണത്താൽ 486 പേർ കൊല്ലപ്പെട്ടതായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയുടെ മറുപടി. അഡ്വ. ഹാരിസ് ബീരാൻ എം.പി യുടെ ചോദ്യത്തിനാണ് സഭയിൽ മറുപടി ലഭിച്ചത്. വന്യ ജീവി ആക്രമണം തടയാൻ സർക്കാർ എന്തെല്ലാം നിലപാടെടുത്തു എന്നും കേരളത്തിൽ ഇത്തരം ആക്രമണത്താൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് എന്നും ഹാരിസ് ബീരാൻ ചോദ്യമുന്നയിച്ചു. ആനയുടെ ആക്രമണത്തിൽ മാത്രം 124 പേരും കടുവയുടെ ആക്രമണത്തിൽ ആറു പേരും മറ്റു വന്യ ജീവികളുടെ ആക്രമണങ്ങളിലായി 356 പേരുമാണ് 2019–2024 കാലയളവിൽ കൊല്ലപ്പെട്ടത്.

'വന്യജീവി ആവാസവ്യവസ്ഥയുടെ വികസനം', ആനകൾക്കും കടുവകൾക്കും പ്രത്യേകമായി തയ്യാറാക്കിയ പദ്ധതികൾ പ്രകാരം വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണത്തിനായി കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും മുള്ളുവേലി, സൗരോർജ്ജ വൈദ്യുത വേലി, കള്ളിച്ചെടി ഉപയോഗിച്ചുള്ള ജൈവവേലി, കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് കടക്കുന്നത് തടയാൻ അതിർത്തി ഭിത്തികൾ പോലുള്ള ഭൗതിക തടസ്സങ്ങളുടെ നിർമ്മാണമടക്കം ഈ പദ്ധതികളുടെ ഭാഗമാണെന്നും വകുപ്പ് മന്ത്രി ഭൂപേന്ദ്ര യദവ് മറുപടിയിൽ അറിയിച്ചു. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി വന്യജീവി ആക്രമണം ഇരട്ടിച്ചിട്ടുണ്ടെന്നും പക്ഷേ മന്ത്രിയും വകുപ്പും മൂന്നു വർഷം മുമ്പ് തീരുമാനിച്ച, ഭാഗികമായി മാത്രം പ്രാവർത്തികമാക്കിയ പദ്ധതികൾ നിരത്തി പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുകയാണെന്നും അതീവ ഗൗരവത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ കടലാസ്സിലൊതുങ്ങുമ്പോൾ നിരവധിപേർക്ക് ജീവൻ നഷ്ടപ്പെടുകയാണെന്നും ഇത് പ്രതിഷേധാർഹമാണെന്നും ഹാരിസ് ബീരാൻ എം.പി കുറ്റപ്പെടുത്തി.

## തൃശൂർ – കുറ്റിപ്പുറം സംസ്ഥാന പാത: നിർമാണ പുരോഗതി അറിയിക്കാൻ കോടതി നിർദ്ദേശം

കൊച്ചി: തൃശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഹൈക്കോടതി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി. കെ.പി.സി.സി സെക്രട്ടറി ഷാജി ജെ കോടങ്കണ്ടത്തു നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ ഉത്തരവ്. റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്നാഴ്ചക്കുള്ളിൽ വിശദീകരണം നൽകണമെന്നാണ് ഉത്തരവിൽ പറയുന്നത്. തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയുടെ വികസനം 2023 ഡിസംബറിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഈ പദ്ധതിയാണ് നീളുന്നതെന്ന് ഹർജിയിൽ വ്യക്തമാക്കിയിരുന്നു. റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാന പാതകളുടെ വികസനം നടക്കുന്നത്. നിലവിലെ റോഡ് പൊളിച്ച് കോൺക്രീറ്റ് റോഡ് ആണ് നിർമിക്കുന്നത്. നിലവിൽ പദ്ധതി ആരംഭിച്ചിട്ടു വർഷങ്ങളായിട്ടും പാതയുടെ 18 ശതമാനം മാത്രമാണ് പൂർത്തിയാക്കാനായതെന്നാണ് ഹർജിയിൽ പറയുന്നത്. ഇത് സംബന്ധിച്ച് വിവരാവകാശരേഖയും ഹർജിക്കാരൻ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. റോഡിന്റെ പ്രവർത്തനങ്ങൾ നിലച്ച അവസ്ഥയിലാണ് എന്നാണ് ഹർജിയിൽ പറയുന്നത്. കോൺക്രീറ്റ് റോഡ് നിർമിക്കാൻ തുടങ്ങിയ സാഹചര്യത്തിൽ നിലവിൽ റോഡ് പൊട്ടിപ്പൊളിഞ്ഞു നിലയിൽ ആണെന്നും ഹർജിയിൽ ചൂണ്ടിക്കാണിക്കുന്നു. മഴ ആരംഭിച്ചതോടെ ഇവിടെയുള്ള ഗതാഗതം ദുഷ്കരമായെന്നും വെള്ളക്കെട്ട് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. 119 കോടി പ്രാരംഭം ചെലവായി കണക്കാക്കിയിരുന്ന പദ്ധതി 218 കോടിയായി ഉയർത്തിയെങ്കിലും നിർമാണ പ്രവർത്തനങ്ങൾ എങ്ങുമെത്താത്ത അവസ്ഥയാണെന്നാണ് ഹർജിയിലെ വാദം.

## കാട്ടുപോത്തിനെ മയക്കുവെടിവെച്ച് പിടികൂടി

തിരുവനന്തപുരം: മംഗലപുരത്ത് ഡിജിറ്റൽ സർവകലാശാലയും ടെക്നോ സിറ്റിയും സ്ഥിതി ചെയ്യുന്ന ജനവാസമേഖലയെ വിറപ്പിച്ച ബാഹുബലിയെന്ന കാട്ടുപോത്തിനെ ഒടുവിൽ മയക്കുവെടിവച്ചു പിടികൂടി. നാട്ടുകാരിൽ ഭീതി പടർത്തിയ പോത്തിനെ പിടികൂടാൻ ബുധനാഴ്ച രാവിലെ 7 മണി മുതൽ ശ്രമം ആരംഭിച്ചതാണ്. സംഭവത്തിൽ ടെക്നോസിറ്റിയുടെ പ്രവർത്തനങ്ങൾ താളംതെറ്റാത്ത വിധത്തിൽ നടപടി സ്വീകരിക്കണമെന്നായിരുന്നു വനം മന്ത്രി ശശീന്ദ്രന്റെ നിർദേശം. ഇതിനിടെ മനുഷ്യരെ കണ്ട് വിരണ്ട പോത്ത് ഓടി കാട്ടിലേക്ക് പോകുന്ന സഞ്ചാര പാതയിൽ എത്തിയിരുന്നു. ജനവാസമേഖലയെ വിറപ്പിച്ച ബാഹുബലിയെന്ന കാട്ടുപോത്തിനെ പിരപ്പൻകോട് ഭാഗത്തുവെച്ചാണ് മയക്കുവെടിവെച്ചത്. മൂന്നു തവണയാണ് ബാഹുബലിക്ക് നേരെ വെടിയുതിർത്തത്.

വെടിയേറ്റതിന് പിന്നാലെ അഞ്ച് കിലോമീറ്ററോളം വിരണ്ടോടി മരച്ചീനി തോട്ടത്തിലെത്തിയതിന് ശേഷമാണ് കാട്ടുപോത്ത് മയങ്ങിയത്. അഞ്ച് മിനിറ്റിന് ശേഷം കാട്ടുപോത്ത് വീണ്ടും എഴുന്നേറ്റ് രക്ഷപ്പെടാൻ ശ്രമം നടത്തി. ഇതോടെ വീണ്ടും മയക്കുവെടിവെച്ചു. തുടർന്ന് ജെ.സി.ബിയുടെ സഹായത്തോടെ കാട്ടുപോത്തിനെ ലോറിയിൽ കയറ്റി. കാട്ടുപോത്തിനെ പാലോട് വനത്തിൽ കൊണ്ട് വിടാനാണ് തീരുമാനം. നിലവിൽ കാട്ടുപോത്തിന്റെ ആരോഗ്യനില തൃപ്തികരമാണ്. ആവശ്യമെങ്കിൽ ചികിത്സ നൽകുമെന്ന് ഡോക്ടർ അറിയിച്ചു. കാട്ടുപോത്തിനെ ഒടുവിൽ മയക്കുവെടിവച്ചു പിടികൂടിയെങ്കിലും വനം മന്ത്രി എ.കെ ശശീന്ദൻ പറഞ്ഞ വാക്കുകൾ വൈറലായി. കാട്ടുപോത്ത് തിരികെ പോകുന്നു എന്ന തോന്നൽ ഉണ്ടായപ്പോഴാണ് മന്ത്രിയുടെ പ്രതികരണം. അക്രമ സ്വഭാവം ഒന്നും കാണിക്കുന്നില്ലെന്നും വന്നത് തെറ്റായിപ്പോയി എന്ന് തോന്നിയതുകൊണ്ടാകാം കാട്ടുപോത്ത് തിരികെ പോകാൻ ശ്രമിക്കുന്നതെന്നുമാണ് മന്ത്രി പറഞ്ഞത്.

# ഒളിംപിക്സ്





ആഗോള കായിക മാമാങ്കമായ ഒളിംപിക്സിന് ഇന്ന് ഫ്രഞ്ച് തലസ്ഥാനമായ പാരീസിൽ തുടക്കമാവുകയാണ്. ഐഫൽ ടവറിന്റെ നാട്ടിൽ കൊടി ഉയരുമ്പോൾ ഒളിംപിക്സിന്റെ ചരിത്രത്തെക്കുറിച്ച് കൂട്ടുകാർക്ക് എന്തൊക്കെ അറിയാം? പിയറി ഡി കുബർട്ടിനെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ? ആധുനിക ഒളിംപിക്സിന്റെ പിതാവാണ് പിയറി. അദ്ദേഹത്തിന്റെ സ്വന്തം നാട്ടിലേക്ക് എത്തുമ്പോൾ അതിന്റെ 31–ാമത് പതിപ്പാണ് അരങ്ങേറാൻ പോവുന്നത്. ഓരോ നാലു വർഷം കൂടുമ്പോഴാണ് ഒളിംപിക്സ് സംഘടിപ്പിക്കുന്നത്. വ്യത്യസ്ത രാജ്യങ്ങൾ ആതിഥേയത്വം വഹിക്കുന്ന ഒളിംപിക്സിനെക്കുറിച്ച് കൂടുതലറിയാം....



വിവിധ ഇനങ്ങളിലായി ആയിരക്കണക്കിന് കായിക പ്രതിഭകളാണ് ഓരോ വർഷവും ഒളിംപിക്സിൽ മാറ്റുരയ്ക്കാറുള്ളത്. ഇന്ന് ഒളിമ്പിക്സിനെ വേനൽ, ശീതകാല കായിക മത്സരങ്ങളായി വേർ തിരിച്ചിരിക്കുന്നു. ഉദാഹരണത്തിന് 2022ൽ നടന്ന വിന്റർ ഒളിംപിക്സ് ഇനി 2026–ലാണ് നടക്കുക. സമ്മർ ഒളിമ്പിക്സ് ആവട്ടെ ഈ വർഷം കഴിഞ്ഞാൽ ഇനി 2028–ലും. ഒളിമ്പിക്സിന്റെ ലോഗോ അഞ്ചു വളയങ്ങളാണ്. നീല, കറുപ്പ്, ചുവപ്പ്, പച്ച, മഞ്ഞ എന്നിങ്ങനെയാണ് അഞ്ചു നിറങ്ങളിലെ വളയങ്ങളാണ് ലോഗോ. ഒന്നാം ലോക മഹായുദ്ധ കാലത്തും രണ്ടാം ലോകമഹായുദ്ധ കാലത്തും ഒളിംപ്കിസ് റദ്ദാക്കിയിരുന്നു.

### ചരിത്രം

സംഘടിതമായി അത്‌ലറ്റിക് മത്സരങ്ങൾ ആരംഭിച്ചത് എപ്പോഴാണെന്ന് കൃത്യതയില്ലെങ്കിലും ഏകദേശം 3000 വർഷങ്ങൾക്ക് മുമ്പ് ഗ്രീസിലാണ് ഇത്തരമൊരു കായിക മാമാങ്കത്തിന് തുടക്കമിട്ടതെന്നാണ് വിവരം. ഗ്രീസിലെ ഒളിമ്പിയയിൽ ഓരോ നാല് വർഷം കൂടുമ്പോഴും അരങ്ങേറിയിരുന്ന മതപരവും കായികവുമായ ഉത്സവമായിരുന്നു ഒളിംപിക്സ്. 19–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒളിംപിക്സിന്റെ പാരമ്പര്യം പുനരുജ്ജീവിപ്പിക്കുകയും ആദ്യത്തെ ആധുനിക ഒളിംപിക്സ് മത്സരങ്ങൾ 1896–ൽ നടക്കുകയും ചെയ്തു. പുരാതന ഒളിംപിക്സിൽ ഉൾപ്പെടുത്തിയിരുന്ന ചില കായിക വിനോദങ്ങൾ ബോക്സിങ്, തേരോട്ടം, ഓട്ടം, ഗുസ്തി എന്നിവയായിരുന്നു. മത്സരവും വിനോദവും പ്രോത്സാഹിപ്പിക്കുന്നതു പുറമെ ഒളിംപിക്സ് ഒരു തനതായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു.

### ഏതൻസിലെ മാമാങ്കം

ആദ്യത്തെ ആധുനിക ഒളിംപിക്സ് 1896–ൽ ഏതൻസിലാണ് നടന്നത്. 2004–ൽ വീണ്ടും ഏതൻസ് ആതിഥേയത്വം വഹിച്ചപ്പോൾ വീട്ടിലേക്ക് സ്വാഗതം എന്ന ആപ്ത വാക്യം നൽകി ശ്രദ്ധ നേടിയിരുന്നു. 201 രാജ്യങ്ങളിൽ നിന്നായി 10625 കായികതാരങ്ങളും 5501 സംഘാംഗങ്ങളും ഈ ഒളിംപിക്സിൽ പങ്കെടുത്തു. സമ്മർ-വിന്റർ ഒളിംപിക്സ് ഒരേ ഇടത്ത് നടന്ന ആദ്യ നഗരം ചൈനീസ് തലസ്ഥാനമായ ബീജിങ്ങാണ്. പിന്നീട് യുണൈറ്റഡ് സ്റ്റേറ്റ്, ഫ്രാൻസ്, ഇറ്റലി, കാനഡ, ജർമനി, ജപ്പാൻ രാജ്യങ്ങളും രണ്ട് ഒളിംപിക്സിനും ആതിഥേയത്വം വഹിച്ചു.

### ഒളിംപിക്സ് വളയങ്ങൾ

ഒളിംപിക്സ് ചിഹ്നത്തിലും ഏറെ പ്രത്യേകതയുണ്ട്. പരസ്പരം കൊരുത്ത അഞ്ചു വളയങ്ങളാണ് ഒളിംപിക്സിന്റെ ചിഹ്നം. അഞ്ചു നിറങ്ങളിൽ കാണപ്പെടുന്ന ഇവ അഞ്ചു ഭൂഖണ്ഡങ്ങളെയാണ് സൂചിപ്പിക്കുന്നത്. മഞ്ഞ ഏഷ്യയെയും കറുപ്പ് ആഫ്രിക്കയെയും നീല യൂറോപ്പിനെയും പച്ച ഓസ്ട്രേലിയെയും ചുവപ്പ് അമേരിക്കയെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. വെളുത്ത നിറത്തിലുള്ള പതാകയിൽ അഞ്ചു വളയങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. ആധുനിക ഒളിംപിക്സിന്റെ പിതാവായി അറിയപ്പെടുന്ന പിയറി കുബർട്ടിനാണ് ഒളിംപിക്സ് വളയങ്ങൾ രൂപകൽപന ചെയ്തത്. 1920–ലെ ഒളിംപിക്സ് മുതലാണ് ഇവ ഉപയോഗിച്ച് തുടങ്ങിയത്.





### അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി

സ്വിറ്റ്സർലാന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സർക്കാറിതര കായിക സംഘടനയാണ് അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി. 1894–ൽ പിയറി ഡി കൂബർട്ടിനും ഡെമെട്രിയോസ് വിക്കലാസും ചേർന്നാണ് കമ്മിറ്റിക്ക് രൂപം നൽകിയത്.

